# മത്തായി

*യേശുവിൻെറ വംശാവലി*

1 അബ്രാഹാമിൻെറ പുത്രനായ ദാവീദിൻെറ
പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി:
2അബ്രാഹാം യിസ്ഹാക്കിന്റെ
പിതാവായിരുന്നു.
യിസ്ഹാക്ക് യാക്കോബിന്റെ പിതാവ്,
യാക്കോബ് യെഹൂദായുടെയും
അവന്റെ സഹോദരന്മാരുടെയും പിതാവ്;
3യെഹൂദാ പാരെസിന്റെയും
സാരഹിന്റെയും പിതാവും
താമാർ അവരുടെ മാതാവും ആയിരുന്നു.
പാരെസ് ഹെസ്രോന്റെ പിതാവ്,
ഹെസ്രോൻ ആരാമിന്റെ പിതാവ്,
4ആരാം അമ്മീനാദാബിന്റെ പിതാവ്,
അമ്മീനാദാബ് നഹശോന്റെ പിതാവ്,
നഹശോൻ ശല്മോന്റെ പിതാവ്,
5ശല്മോൻ ബോവസിന്റെ പിതാവും രാഹാബ്
ബോവസിന്റെ മാതാവും ആയിരുന്നു.
ബോവസ് ഓബേദിന്റെ പിതാവും
രൂത്ത് അയാളുടെ മാതാവും ആയിരുന്നു.
ഓബേദ് യിശ്ശായിയുടെ പിതാവും
6യിശ്ശായി ദാവീദുരാജാവിന്റെ പിതാവും
ആയിരുന്നു.
ദാവീദ് ശലോമോന്റെ പിതാവ്;
ശലോമോന്റെ അമ്മ ആദ്യം
ഊരിയാവിന്റെ ഭാര്യയായിരുന്നു.
7ശലോമോൻ രഹബയാമിന്റെ പിതാവ്,
രഹബയാം അബീയാവിന്റെ പിതാവ്,
അബീയാവ് ആസായുടെ പിതാവ്,
8ആസാ യഹോശാഫാത്തിന്റെ പിതാവ്,
യഹോശാഫാത്ത് യോരാമിന്റെ പിതാവ്,
യോരാം ഉസ്സീയാവിന്റെ പിതാവ്,
9ഉസ്സീയാവ് യോഥാമിന്റെ പിതാവ്,
യോഥാം ആഹാസിന്റെ പിതാവ്,
ആഹാസ് ഹിസ്കീയാവിന്റെ പിതാവ്,
10ഹിസ്കീയാവ് മനശ്ശെയുടെ പിതാവ്,
മനശ്ശെ ആമോന്റെ പിതാവ്,
ആമോൻ യോശീയാവിന്റെ പിതാവ്,
11യോശീയാവ് യെഖൊന്യാവിന്റെയും[a]
അയാളുടെ സഹോദരന്മാരുടെയും പിതാവ്.
ബാബേൽപ്രവാസകാലത്തായിരുന്നു ഇവർ
ജനിച്ചത്.
12ബാബേൽപ്രവാസത്തിനുശേഷം:
യെഖൊന്യാവ് ശെയല്തീയേലിൻെറ പിതാവ്,
ശെയല്തീയേൽ സെരുബ്ബാബേലിന്റെ പിതാവ്,
13സെരുബ്ബാബേൽ അബീഹൂദിന്റെ പിതാവ്,
അബീഹൂദ് എല്യാക്കീമിന്റെ പിതാവ്,
എല്യാക്കീം ആസോരിന്റെ പിതാവ്,
14ആസോർ സാദോക്കിന്റെ പിതാവ്,
സാദോക്ക് ആഖീമിന്റെ പിതാവ്,
ആഖീം എലീഹൂദിന്റെ പിതാവ്,
15എലീഹൂദ് എലീയാസരിന്റെ പിതാവ്,
എലീയാസർ മത്ഥാന്റെ പിതാവ്,
മത്ഥാൻ യാക്കോബിൻെറ പിതാവ്,
16യാക്കോബ് മറിയയുടെ ഭർത്താവായ
യോസേഫിന്റെ പിതാവ്;
മറിയയിൽനിന്നു ക്രിസ്തു എന്നു
വിളിക്കപ്പെടുന്ന യേശു ജനിച്ചു.
17ഇങ്ങനെ തലമുറകൾ ആകെ അബ്രാഹാം
മുതൽ ദാവീദുവരെ പതിന്നാലും ദാവീദു മുതൽ
ബാബേൽപ്രവാസംവരെ പതിന്നാലും
ബാബേൽപ്രവാസംമുതൽ ക്രിസ്തുവരെ പതി
ന്നാലും ആകുന്നു.

*യേശുക്രിസ്തുവിൻെറ ജനനം*

18യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാര
മായിരുന്നു: തന്റെ മാതാവായ മറിയയും
യോസേഫും തമ്മിൽ വിവാഹം നിശ്ചയിക്കപ്പെ
ട്ടിരുന്നു. എന്നാൽ അവർ കൂടിച്ചേരുന്നതിനു
മുമ്പേ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭവതി
യായിത്തീർന്നു എന്നു കാണപ്പെട്ടു. 19അവളുടെ
ഭർത്താവായ യോസേഫ് നീതിമാനായിരുന്നതു
കൊണ്ടും അവൾ സമൂഹത്തിൽ അപമാനിതയാ
കരുതെന്ന് ആഗ്രഹിച്ചതുകൊണ്ടും അവളെ രഹ
സ്യമായി ഉപേക്ഷിക്കണമെന്നു വിചാരിച്ചു.
20എന്നാൽ അദ്ദേഹം ഇങ്ങനെ വിചാരിച്ചു
കൊണ്ടിരിക്കുമ്പോൾ കർത്താവിന്റെ ഒരു ദൂതൻ
സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തോടു

[a] 11 അതായത്, *യെഹോയാഖീൻ;* 12-ാം വാക്യവും കാണുക.

പറഞ്ഞു: “ദാവീദിന്റെ മകനായ യോസേഫേ,
മറിയയെ നിന്റെ ഭാര്യയായി ചേർത്തുകൊള്ളു
വാൻ ശങ്കിക്കേണ്ട. അവളിൽ ഉത്പാദിതമായിരി
ക്കുന്ന ശിശു പരിശുദ്ധാത്മാവിൽനിന്നാണ്.
21അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ
ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷി
ക്കുന്നവൻ ആയതുകൊണ്ട് നീ അവന് യേശു[a]
എന്നു പേരിടണം.”
22കർത്താവു പ്രവാചകനിലൂടെ അരുളി
ച്ചെയ്തതു നിറവേറുവാൻ ഇതെല്ലാം സംഭവിച്ചു:
23“കന്യക ഗർഭിണിയായി ഒരു മകനെ പ്രസ
വിക്കും; അവന് ഇമ്മാനുവേൽ എന്നു പേർ
വിളിക്കും.”[b] ആ പേരിന്റെ അർത്ഥം “ദൈവം
നമ്മോടു കൂടെ” എന്നത്രേ.
24യോസേഫ് ഉണർന്നു കർത്താവിന്റെ ദൂതൻ
തന്നോടു കല്പിച്ചിരുന്നതുപോലെ പ്രവർത്തി
ക്കുകയും മറിയയെ ഭാര്യയായി സ്വീകരിക്കുകയും
ചെയ്തു. 25എന്നാൽ അവൾ മകനെ
പ്രസവിക്കുന്നതുവരെ അദ്ദേഹം അവളുമായി
ശാരീരികബന്ധം പുലർത്തിയില്ല. മകന് അദ്ദേഹം
യേശു എന്നു പേരിട്ടു.

*ജ്ഞാനികളുടെ സന്ദർശനം*

2 ഹെരോദാരാജാവിന്റെ കാലത്ത് യേശു
യഹൂദ്യയിലെ ബേത്ത്ലേഹെമിൽ ജനി
ച്ചതിനുശേഷം കിഴക്കുനിന്നു ജ്ഞാനികൾ
യെരൂശലേമിൽ എത്തി ചോദിച്ചു: 2“യഹൂദരുടെ
രാജാവായി ജനിച്ചവൻ എവിടെ? ഞങ്ങൾ
അദ്ദേഹത്തിന്റെ നക്ഷത്രം കിഴക്കു കണ്ട് അദ്ദേ
ഹത്തെ ആരാധിക്കുവാൻ വന്നിരിക്കുകയാണ്.”
3ഇതു കേട്ടിട്ടു ഹെരോദാരാജാവും അയാളോ
ടൊപ്പം യെരൂശലേമിലുള്ള എല്ലാവരും പരി
ഭ്രാന്തരായി. 4അയാൾ ജനങ്ങളുടെ മുഖ്യപുരോ
ഹിതന്മാരെയും വേദജ്ഞരെയും വിളിച്ചുകൂട്ടി,
അവരോട് ക്രിസ്തു ജനിക്കേണ്ടത് എവിടെ
യാണ് എന്നു ചോദിച്ചു. 5അതിന് അവർ പറ
ഞ്ഞു: “യഹൂദ്യയിലെ ബേത്ത്ലേഹെമിൽ
ആകുന്നു; എന്തെന്നാൽ പ്രവാചകൻ എഴുതി
യിരിക്കുന്നത് ഇപ്രകാരമാണല്ലോ:
6‘യഹൂദ്യദേശത്തിലെ ബേത്ത്ലേഹെമേ,
നീ യഹൂദ്യയിലെ പ്രഭുക്കന്മാരിൽ
ഒട്ടും താണതല്ല, എന്തുകൊണ്ടെന്നാൽ എന്റെ
ജനമായ യിസ്രായേലിന്
ഇടയൻ ആകേണ്ട ഭരണാധികാരി
നിന്നിൽനിന്നു പുറപ്പെടും.’ ”[c]
7ഹെരോദാവ് ജ്ഞാനികളെ രഹസ്യമായി
വിളിച്ചു നക്ഷത്രം വെളിപ്പെട്ട സമയം കൃത്യമായി
ചോദിച്ചു മനസ്സിലാക്കി. 8അയാൾ അവരോട്,
“നിങ്ങൾ പോയി ശിശുവിനുവേണ്ടി സൂക്ഷ്മമായ
അന്വേഷണം നടത്തുവിൻ. കണ്ടെത്തിയാലുടൻ
ഞാനും ചെന്ന് അവനെ ആരാധിക്കേണ്ടതിന്
എന്നെ വിവരം അറിയിക്കുക” എന്നു പറഞ്ഞ്
അവരെ ബേത്ത്ലേഹെമിലേക്ക് അയച്ചു.
9അവർ രാജാവിന്റെ വാക്കു കേട്ടശേഷം
തങ്ങളുടെ യാത്ര തുടർന്നു. അവർ കിഴക്കു കണ്ട
നക്ഷത്രം, ശിശു കിടന്നിരുന്ന സ്ഥലത്തിനു മീതേ
വന്നുനിൽക്കുന്നതുവരെ അവർക്കു മുമ്പായി
പൊയ്ക്കൊണ്ടിരുന്നു. 10നക്ഷത്രം കണ്ടപ്പോൾ
അവർ ആഹ്ളാദിച്ചു. 11വീട്ടിലെത്തിയപ്പോൾ
അവർ ശിശുവിനെ അവന്റെ അമ്മയായ
മറിയയോടുകൂടെ കണ്ടു; വണങ്ങി അവനെ
ആരാധിച്ചു. പിന്നെ അവർ നിക്ഷേപ പാത്രങ്ങൾ
തുറന്ന് അവനു പൊന്ന്, കുന്തിരിക്കം, മൂർ എന്നിവ
കാഴ്ചയർപ്പിച്ചു. 12ഹെരോദാവിന്റെ അടു
ത്തേക്കു മടങ്ങരുതെന്നു സ്വപ്നത്തിൽ മുന്ന
റിയിപ്പു ലഭിച്ചതുകൊണ്ട് അവർ മറ്റൊരു
വഴിയിലൂടെ തങ്ങളുടെ ദേശത്തേക്കു മടങ്ങി
പ്പോയി.

*ഈജിപ്റ്റിലേക്കുള്ള രക്ഷപ്പെടൽ*

13അവർ പോയതിനുശേഷം കർത്താവിന്റെ
ഒരു ദൂതൻ യോസേഫിനു സ്വപ്നത്തിൽ
പ്രത്യക്ഷനായി; “എഴുന്നേറ്റ് ശിശുവിനെയും അ
വന്റെ അമ്മയെയും കൂട്ടിക്കൊണ്ട് ഈജി
പ്റ്റിലേക്ക് ഓടിപ്പോവുക. ഹെരോദാവ് ശിശു
വിനെ കൊല്ലേണ്ടതിന് അവനെ അന്വേഷിക്കു
വാൻ ഭാവിക്കുന്നതുകൊണ്ട് ഞാൻ നിന്നോടു
കല്പിക്കുന്നതുവരെ അവിടെ പാർക്കുക” എന്നു
പറഞ്ഞു.
14അദ്ദേഹം എഴുന്നേറ്റ് രാത്രിയിൽതന്നെ
ശിശുവിനെയും അവന്റെ അമ്മയെയും കൂട്ടി
ക്കൊണ്ട് ഈജിപ്റ്ററിലേക്കു യാത്രയായി;
15ഹെരോദാവിന്റെ മരണംവരെ അവർ അവിടെ
പാർത്തു. “ഈജിപ്റ്ററിൽ നിന്നു ഞാൻ എന്റെ
മകനെ വിളിച്ചു[d] ” എന്നു പ്രവാചകനിലൂടെ
കർത്താവ് അരുളിച്ചെയ്തിരുന്നത് ഇങ്ങനെ
നിറവേറി.
16ജ്ഞാനികൾ തന്നെ കബളിപ്പിച്ചുവെന്നു
മനസ്സിലാക്കിയപ്പോൾ ഹെരോദാവ് രോഷാ
കുലനായി. അയാൾ ജ്ഞാനികളിൽനിന്നു
മനസ്സിലാക്കിയിരുന്ന സമയത്തിന് അനുസൃത
മായി, ബേത്ത്ലേഹെമിലും ചുററുപാടും രണ്ടു വ
യസ്സും അതിൽ താഴെയുമുള്ള എല്ലാ ആൺ
കുട്ടികളെയും കൊന്നുകളയുവാൻ ആജ്ഞ
നൽകി.
17“രാമയിൽ കരച്ചിലിന്റെയും
വലിയ വിലാപത്തിന്റെയും
ശബ്ദം കേൾക്കുന്നു.

a 21 *യഹോവ രക്ഷിക്കുന്നു* എന്നർത്ഥമുള്ള *യോശുവ* എന്ന വാക്കിന്റെ ഗ്രീക്കു രൂപമാണ് *യേശു*
b 23 യെശയ്യാവ് 7:14 c 6 മീഖാ 5: d 15 ഹോശേയാ 11:1

റാഹേൽ തന്റെ മക്കളെച്ചൊല്ലി കരയുന്നു.
അവർ ഇല്ലാതെ പോയതുകൊണ്ട് അവൾ
ആശ്വാസം കൈക്കൊള്ളാതിരിക്കുന്നു [a]"
18എന്നിങ്ങനെ യിരെമ്യാപ്രവാചകൻ മുഖേന
ഉണ്ടായ അരുളപ്പാട് അന്നു നിറവേറി.

*നസറേത്തിലേക്കു മടങ്ങുന്നു*

19ഹെരോദാവു മരിച്ചതിനുശേഷം യോസേ
ഫിന് ഈജിപ്ററിൽവച്ചു കർത്താവിന്റെ ദൂതൻ
സ്വപ്നത്തിൽ പ്രത്യക്ഷനായി; 20"എഴുന്നേറ്റ്
ശിശുവിനെയും അവന്റെ അമ്മയെയും കൂട്ടി
ക്കൊണ്ട് യിസ്രായേൽദേശത്തേക്കു പോകുക,
ശിശുവിന്റെ ജീവൻ അപഹരിക്കാൻ ശ്രമിച്ചവർ
മരിച്ചുപോയിരിക്കുന്നു" എന്നു പറഞ്ഞു.
21അദ്ദേഹം എഴുന്നേററു ശിശുവിനെയും അ
വന്റെ അമ്മയെയും കൂട്ടിക്കൊണ്ട് യിസ്രാ
യേൽദേശത്തേക്കു പോയി. 22എന്നാൽ യഹൂ
ദ്യയിൽ അർക്കലയോസ് തന്റെ പിതാവായ
ഹെരോദാവിനുപകരം ഭരണം നടത്തുന്നു എന്നു
കേട്ടപ്പോൾ അവിടേക്കു പോകുവാൻ അദ്ദേഹം
ഭയപ്പെട്ടു. സ്വപ്നത്തിൽ മുന്നറിയിപ്പുലഭിച്ചത
നുസരിച്ചു ഗലീലയിലേക്കു യാത്രയായി.
23നസറേത്ത് എന്ന പട്ടണത്തിൽ ചെന്നു
പാർത്തു. "അവൻ നസറായൻ എന്നു വിളിക്ക
പ്പെടും" എന്നു പ്രവാചകന്മാരിലൂടെ പ്രസ്താവി
ക്കപ്പെട്ടിരുന്നത് ഇപ്രകാരം നിറവേറി.

*യോഹന്നാൻസ്നാപകൻ വഴി ഒരുക്കുന്നു*

3 ആ കാലത്ത് യോഹന്നാൻസ്നാപകൻ
യഹൂദ്യമരുഭൂമിയിൽ വന്ന് 2"സ്വർഗ്ഗരാജ്യം
സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടു
വിൻ" എന്നു പ്രസംഗിച്ചു.
3"മരുഭൂമിയിൽ വിളിച്ചു
പറയുന്നവന്റെ ശബ്ദം,
'കർത്താവിന്റെ
വഴിയൊരുക്കുവിൻ;
അവിടുത്തേക്കുവേണ്ടി
പാത നേരെയാക്കുവിൻ' " [b]
എന്നു യെശയ്യാപ്രവാചകൻ പ്രസ്താവിച്ചി
രുന്നത് ഇദ്ദേഹത്തെക്കുറിച്ചാണ്.
4യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള ഉടു
പ്പും അരയിൽ തോൽവാറും ധരിച്ചിരുന്നു. വെട്ടു
ക്കിളിയും കാട്ടുതേനുമായിരുന്നു അദ്ദേഹത്തിന്റെ
ആഹാരം. 5യെരൂശലേമിൽനിന്നും യഹൂദ്യ
യിലെല്ലായിടത്തുനിന്നും സകല യോർദ്ദാൻ
പ്രദേശങ്ങളിൽനിന്നും ജനങ്ങൾ അദ്ദേഹത്തിന്റെ
അടുക്കൽ ചെന്നു. 6അവർ തങ്ങളുടെ പാപങ്ങൾ
ഏററുപറഞ്ഞ് യോർദ്ദാൻ നദിയിൽ
അദ്ദേഹത്താൽ സ്നാനം ഏററു.
7എന്നാൽ പരീശന്മാരും സദൂക്യരുമായ അനേ
കർ താൻ സ്നാനം കഴിപ്പിക്കുന്നേടത്തേക്കു
വരുന്നതു കണ്ടിട്ട് അദ്ദേഹം അവരോടു പറഞ്ഞു:
"സർപ്പസന്തതികളേ! വരാൻ പോകുന്ന ക്രോധ
ത്തിൽനിന്ന് ഓടിപ്പോകുവാൻ നിങ്ങൾക്കു
മുന്നറിയിപ്പു തന്നതാര്? 8മാനസാന്തരത്തിന്
അനുയോജ്യമായ ഫലം പുറപ്പെടുവിക്കുവിൻ.
9'അബ്രാഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട് '
എന്നു സ്വയം പറയാമെന്നു കരുതേണ്ട. ഈ
കല്ലുകളിൽനിന്ന് അബ്രാഹാമിനു സന്തതികളെ
എഴുന്നേല്പിക്കുവാൻ ദൈവത്തിനു കഴിയു
മെന്ന് ഞാൻ നിങ്ങളോടു പറയുന്നു. 10ഇപ്പോൾ
ത്തന്നെ വൃക്ഷങ്ങളുടെ വേരിനു കോടാലി വച്ചി
രിക്കുന്നു; നല്ല ഫലം പുറപ്പെടുവിക്കാത്ത
വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ ഇട്ടുകളയും.
11"ഞാൻ നിങ്ങളെ മാനസാന്തരത്തിനായി
വെള്ളംകൊണ്ടു സ്നാനം കഴിപ്പിക്കുന്നു;
എന്നാൽ എനിക്കു പിന്നാലെ എന്നെക്കാൾ
ശക്തനായ ഒരുവൻ വരുന്നു. അദ്ദേഹത്തിന്റെ
ചെരുപ്പ് ചുമക്കുവാൻ ഞാൻ യോഗ്യനല്ല.
അദ്ദേഹം നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും
തീകൊണ്ടും സ്നാനം കഴിപ്പിക്കും. 12അദ്ദേഹത്തി
ന്റെ കൈയിൽ വീശുമുറം ഉണ്ട്; അദ്ദേഹം
മെതിക്കളം വെടിപ്പാക്കി ഗോതമ്പ് കളപ്പുരയിൽ
ശേഖരിക്കുകയും പതിർ കെടാത്ത തീയിൽ ചുട്ടു
കളയുകയും ചെയ്യും."

*യേശുവിന്റെ സ്നാനം*

13അനന്തരം യേശു യോഹന്നാനാൽ സ്നാനം
ഏൽക്കുന്നതിനു ഗലീലയിൽനിന്നു യോർദ്ദാ
നിൽ വന്നു. 14എന്നാൽ യോഹന്നാൻ, "അങ്ങ്
എന്നെ സ്നാനം കഴിപ്പിക്കുന്നത് എനിക്ക്
ആവശ്യം, എന്നിട്ടും അങ്ങ് എന്റെ അടുത്തേക്കു
വരുന്നുവോ?" എന്നു ചോദിച്ചുകൊണ്ട് അദ്ദേ
ഹത്തെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു.
15അതിനു യേശു: "ഇപ്പോൾ സമ്മതിക്കുക;
സകല നീതിയും നിറവേററുവാൻ ഇതു നാം
ചെയ്യുന്നത് ഉത്തമം"എന്ന് ഉത്തരം പറഞ്ഞു.
അപ്പോൾ യോഹന്നാൻ സമ്മതിച്ചു.
16യേശു സ്നാനം ഏററശേഷം വെള്ളത്തിൽ
നിന്നു കയറിയ ഉടനേ സ്വർഗ്ഗം തുറക്കപ്പെടു
ന്നതും ആത്മാവു പ്രാവുപോലെ ഇറങ്ങി തന്റെ
മേൽ ആവസിക്കുന്നതും അദ്ദേഹം കണ്ടു.
17"ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ
പ്രസാദിച്ചിരിക്കുന്നു" എന്നു സ്വർഗ്ഗത്തിൽനിന്ന്
ഒരു ശബ്ദവും ഉണ്ടായി.

*യേശുവിനുണ്ടായ പ്രലോഭനങ്ങൾ*

4 അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെ
ടുന്നതിന് ആത്മാവ് യേശുവിനെ മരുഭൂമി
യിലേക്കു നയിച്ചു. 2നാല്പതു പകലും നാല്പതു

*a* 17 യിരമ്യാവ് 31:15 *b* 3:3 യെശയ്യാവ് 40:3

രാവും ഉപവസിച്ചശേഷം അദ്ദേഹത്തിനു
വിശന്നു. [3]പ്രലോഭകൻ അദ്ദേഹത്തിന്റെ അടു
ക്കൽ വന്ന്, "അങ്ങ് ദൈവപുത്രനെങ്കിൽ ഈ
കല്ലുകളോട് അപ്പമായിത്തീരുവാൻ കല്പി
ക്കുക" എന്നു പറഞ്ഞു.
[4]അതിനു യേശു: " 'മനുഷ്യൻ അപ്പം കൊണ്ടു
മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന
സകല വചനങ്ങളാലും ജീവിക്കുന്നു' [a] എന്ന്
എഴുതിയിരിക്കുന്നുവല്ലോ" എന്ന് ഉത്തരം
പറഞ്ഞു.
[5]പിന്നെ പിശാച് അദ്ദേഹത്തെ വിശുദ്ധ നഗര
ത്തിലേക്കു കൊണ്ടുപോയി, ദൈവാലയത്തിന്റെ
അഗ്രത്തിന്മേൽ നിറുത്തി. [6]അവൻ പറഞ്ഞു:
"അങ്ങ് ദൈവപുത്രനെങ്കിൽ താഴേക്കു ചാടുക;

'അവിടുന്ന് അങ്ങയെക്കുറിച്ച്
തന്റെ ദൂതന്മാരോടു കല്പിക്കും;
അങ്ങയുടെ കാൽ കല്ലിൽ
തട്ടാതിരിക്കേണ്ടതിന് അവർ
അങ്ങയെ കൈകളിൽ
വഹിച്ചുകൊള്ളും' [b]

എന്ന് എഴുതിയിരിക്കുന്നുവല്ലോ" എന്നു
പറഞ്ഞു.
[7]യേശു അവനോട്: " 'നിന്റെ ദൈവമായ
കർത്താവിനെ പരീക്ഷിക്കരുത്' [c] എന്നുകൂടി
എഴുതിയിരിക്കുന്നു" എന്ന് ഉത്തരം പറഞ്ഞു.
[8]വീണ്ടും, പിശാച് അദ്ദേഹത്തെ വളരെ ഉയ
ർന്ന ഒരു മലയിലേക്കു കൂട്ടിക്കൊണ്ടുപോയി.
ലോകത്തിലെ സകല രാജ്യങ്ങളും അവയുടെ
മഹത്ത്വവും അദ്ദേഹത്തെ കാണിച്ചു.
[9]"അങ്ങ് എന്നെ താണുവീണു നമസ്കരി
ച്ചാൽ ഇവയെല്ലാം ഞാൻ അങ്ങേയ്ക്കു തരാം"-
അവൻ പറഞ്ഞു.
[10]യേശു അവനോട്: "സാത്താനേ, എന്നെ വി
ട്ടുപോകൂ. 'നിന്റെ ദൈവമായ കർത്താവിനെ
ആരാധിച്ച് അവിടുത്തെ മാത്രമേ സേവിക്കാവൂ' [d]
എന്ന് എഴുതിയിരിക്കുന്നു" എന്നു പറഞ്ഞു.
[11] അപ്പോൾ പിശാച് അദ്ദേഹത്തെ വിട്ടു
പോയി ; ദൂതന്മാർ വന്ന് അദ്ദേഹത്തെ ശുശ്രൂഷിച്ചു.

*യേശു തൻെറ ശുശ്രൂഷ ആരംഭിക്കുന്നു*

[12]യോഹന്നാൻ തടവിലാക്കപ്പെട്ടു എന്നു കേട്ട്
യേശു ഗലീലയ്ക്കു മടങ്ങി. [13]അദ്ദേഹം നസറേ
ത്ത് വിട്ടു കഫർന്നഹൂമിൽ ചെന്നു പാർത്തു. അത്
സെബൂലൂന്റെയും നഫ്താലിയുടെയും പ്രദേശ
ത്ത് തടാകതീരത്ത് സ്ഥിതി ചെയ്തിരുന്നു.

[14]"കടൽക്കരെയുള്ള
സെബൂലൂൻ ദേശവും,
നഫ്താലിദേശവും,
യോർദ്ദാനക്കരെയുള്ള
നാടും വിജാതീയരുടെ ഗലീലയും -
ഇങ്ങനെ
[15]അന്ധകാരത്തിൽ ജീവിക്കുന്ന
ജനം വലിയൊരു പ്രകാശം ദർശിച്ചു.
മരണനിഴലിന്റെ ദേശത്തു ജീവിക്കു
ന്നവരുടെമേൽ പ്രകാശം ഉദിച്ചു" [e]

[16]എന്നിങ്ങനെ യെശയ്യാപ്രവാചകൻ അരുളി
ച്ചെയ്തിരുന്നതു നിറവേറി.
[17]ആ സമയംമുതൽ യേശു, "സ്വർഗ്ഗരാജ്യം
സമീപമാകയാൽ മാനസാന്തരപ്പെടുവിൻ" എന്നു
പ്രസംഗിച്ചു തുടങ്ങി.

*ആദ്യശിഷ്യന്മാരെ വിളിക്കുന്നു*

[18]യേശു ഗലീലക്കടലിന്റെ തീരത്തുകൂടി
നടക്കുമ്പോൾ പത്രൊസ് എന്നു വിളിക്കുന്ന
ശിമോൻ, അയാളുടെ സഹോദരനായ അന്ത്രെ
യാസ് എന്നീ രണ്ടു സഹോദരന്മാരെ കണ്ടു.
മീൻപിടുത്തക്കാരായ അവർ തടാകത്തിൽ വല
യിറക്കുകയായിരുന്നു. [19]"എന്നെ അനുഗമിക്കു
വിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്ന
വരാക്കും" യേശു പറഞ്ഞു. [20]ഉടനെ അവർ വല
ഉപേക്ഷിച്ച് അദ്ദേഹത്തെ അനുഗമിച്ചു.
[21]അവിടെനിന്നു മുമ്പോട്ടു പോകുമ്പോൾ
അദ്ദേഹം സെബെദിയുടെ മകനായ യാക്കോബ്,
അയാളുടെ സഹോദരനായ യോഹന്നാൻ
എന്നിങ്ങനെ വേറെ രണ്ടു സഹോദരന്മാരെ
കണ്ടു. അവർ തങ്ങളുടെ അപ്പനായ സെ
ബെദിയോടൊപ്പം വഞ്ചിയിലിരുന്ന് വല നന്നാ
ക്കുകയായിരുന്നു. യേശു അവരെ വിളിച്ചു;
[22]അവർ പെട്ടെന്നു വഞ്ചി ഉപേക്ഷിച്ച്, തങ്ങളുടെ
പിതാവിനെ വിട്ട് അദ്ദേഹത്തെ അനുഗമിച്ചു.

*യേശു രോഗികളെ സുഖപ്പെടുത്തുന്നു*

[23]യേശു അവരുടെ പള്ളികളിൽ ഉപദേശിച്ചും
രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജന
ങ്ങളുടെ സകല രോഗങ്ങളും വ്യാധികളും
സൗഖ്യമാക്കിയുംകൊണ്ട് ഗലീലയിൽ എല്ലാ
യിടത്തും സഞ്ചരിച്ചു. [24]അദ്ദേഹത്തെക്കുറിച്ചുള്ള
വാർത്ത സിറിയയിൽ എങ്ങും പ്രചരിച്ചു.
വിവിധരോഗങ്ങളാൽ വലഞ്ഞവർ, അതി
വേദന അനുഭവിക്കുന്നവർ, ഭൂതഗ്രസ്തർ,
അപസ്മാര രോഗികൾ, പക്ഷവാതക്കാർ
എന്നിവരെയെല്ലാം അദ്ദേഹത്തിന്റെ അടുക്കൽ
കൊണ്ടുവരികയും അദ്ദേഹം അവരെ
സുഖപ്പെടുത്തുകയും ചെയ്തു. [25]ഗലീല,
ദെക്കപ്പൊലി [f] യെരൂശലേം, യഹൂദ്യാ, യോർ
ദ്ദാന്റെ അക്കരെയുള്ള പ്രദേശം എന്നിവി
ടങ്ങളിൽനിന്നുള്ള വലിയ ജനസമൂഹം
അദ്ദേഹത്തെ അനുഗമിച്ചു.

[a] 4 ആവർത്തനം 8:3 [b] 6 സങ്കീർത്തനം 91:11,12 [c] 7 ആവർത്തനം 6:16 [d] 10 ആവർത്തനം 6:13
[e] 15 യെശയ്യാവ് 9:1,2 [f] 25 അതായത്, *പത്ത് നഗരങ്ങൾ*

*ഗിരിപ്രഭാഷണം*

5 ജനക്കൂട്ടത്തെ കണ്ട് യേശു ഒരു മലയിലേക്കു കയറി അവിടെ ഇരുന്നു. ശിഷ്യന്മാർ അടുത്തു ചെന്നു. 2അദ്ദേഹം അവരെ ഇപ്രകാരം പഠിപ്പിച്ചു തുടങ്ങി:

3“ആത്മാവിൽ ദരിദ്രരായവർ
അനുഗൃഹീതർ;
സ്വർഗ്ഗരാജ്യം അവരുടേതാണ്.
4വിലപിക്കുന്നവർ അനുഗൃഹീതർ;
അവർക്ക് ആശ്വാസം ലഭിക്കും.
5സൗമ്യശീലർ അനുഗൃഹീതർ;
അവർ ഭൂമിയെ അവകാശമാക്കും.
6നീതിക്കായി വിശക്കുകയും ദാഹിക്കുകയും
ചെയ്യുന്നവർ അനുഗൃഹീതർ;
അവർ സംതൃപ്തരാകും.
7കരുണയുള്ളവർ അനുഗൃഹീതർ;
അവർക്കു കരുണ ലഭിക്കും.
8ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ;
അവർ ദൈവത്തെ കാണും.
9സമാധാനം ഉണ്ടാക്കുന്നവർ അനുഗൃഹീതർ;
അവർ ദൈവപുത്രർ
എന്നു വിളിക്കപ്പെടും.
10നീതിക്കുവേണ്ടി പീഡിപ്പിക്കപ്പെടുന്നവർ
അനുഗൃഹീതർ;
സ്വർഗ്ഗരാജ്യം അവർക്കുള്ളതാണ്.

11“ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും, പീഡിപ്പിക്കുകയും, നിങ്ങൾക്കെതിരെ എല്ലാവിധ ദോഷവും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ അനുഗൃഹീതർ. 12അപ്പോൾ സന്തോഷിച്ചുല്ലസിക്കുവിൻ; സ്വർഗ്ഗത്തിൽ നിങ്ങൾക്കുള്ള പ്രതിഫലം വലുതാണ്. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകരെയും അവർ അങ്ങനെതന്നേ പീഡിപ്പിച്ചുവല്ലോ.

*ഭൂമിയുടെ ഉപ്പും ലോകത്തിൻെറ പ്രകാശവും*

13“നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു, എന്നാൽ ഉപ്പിന് അതിന്റെ ഉപ്പുരസം നഷ്ടപ്പെട്ടുപോയാൽ അതിനെ വീണ്ടും ഉപ്പുരസമുള്ളതാക്കുവാൻ എങ്ങനെ കഴിയും? പുറത്തുകളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാനല്ലാതെ മറെറാന്നിനും അതു കൊള്ളുകയില്ല.

14“നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമുകളിലുള്ള പട്ടണത്തിനു മറഞ്ഞിരിക്കുവാൻ സാധ്യമല്ല. 15വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, പിന്നെയോ തണ്ടിന്മേൽ വയ്ക്കുകയും അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശം നല്കുകയും ചെയ്യുന്നു. 16അതുപോലെ, മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടു നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.

*ന്യായപ്രമാണത്തിൻെറ പൂർത്തീകരണം*

17“ന്യായപ്രമാണത്തെയോ പ്രവാചകരെയോ നീക്കിക്കളയുവാനാണു ഞാൻ വന്നതെന്നു ചിന്തിക്കരുത്; അവയെ നീക്കിക്കളയുവാനല്ല; പൂർത്തീകരിക്കുവാനാണു ഞാൻ വന്നത്. 18ആകാശവും ഭൂമിയും അപ്രത്യക്ഷമാകുവോളം, സകലവും നിറവേറുന്നതുവരെ ന്യായപ്രമാണത്തിലെ ഒരു വള്ളിക്കോ പുള്ളിക്കോ മാററം വരികയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. 19ഈ കല്പനകളിൽ ഏറ്റവും ലഘുവായ ഒന്നെങ്കിലും ലംഘിക്കുകയും അപ്രകാരം ചെയ്യുവാൻ മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏററവും ചെറിയവനായി ഗണിക്കപ്പെടും; എന്നാൽ ഈ കല്പനകൾ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും. 20നിങ്ങളുടെ നീതി പരീശന്മാരുടെയും വേദജ്ഞരുടെയും നീതിയെ അതിലംഘിക്കുന്നില്ലെങ്കിൽ നിങ്ങൾ നിശ്ചയമായും സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.

*കോപവും കൊലപാതകവും*

21“ ‘കൊല ചെയ്യരുത് [a]; കൊല ചെയ്യുന്നവൻ ന്യായവിധിയിൽ അകപ്പെടും’ എന്നു പൂർവ്വികരോടു പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 22എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു കോപിക്കുന്നവൻ[b] ന്യായവിധിക്കു വിധേയനാകും. തന്റെ സഹോദരനോടു ‘നിസ്സാര’ എന്നു പറയുന്നവൻ ന്യായാധിപസംഘത്തോട് ഉത്തരം പറയേണ്ടിവരും; ‘ഭോഷാ’ എന്നു വിളിക്കുന്നവൻ നരകാഗ്നിക്ക് ഇരയാകും.

23“അതുകൊണ്ട്, നീ യാഗപീഠത്തിൽ വഴിപാട് അർപ്പിക്കുവാൻ വരുമ്പോൾ സഹോദരനു നിനക്കെതിരേ എന്തെങ്കിലും ഉള്ളതായി അവിടെവച്ച് ഓർമ്മ വന്നാൽ 24നിന്റെ വഴിപാട് യാഗപീഠത്തിനുമുമ്പിൽ വച്ചിട്ട് ഒന്നാമതു ചെന്നു സഹോദരനോടു രമ്യപ്പെടുക; പിന്നീടു വന്നു നിന്റെ വഴിപാട് അർപ്പിക്കുക.

25“നിന്നെ കോടതിയിലേക്കു കൊണ്ടുപോകുന്ന എതിരാളിയുമായി വഴിയിൽവച്ചുതന്നേ രമ്യപ്പെടുക. അല്ലെങ്കിൽ അവൻ നിന്നെ ന്യായാധിപനെ ഏല്പിക്കുകയും ന്യായാധിപൻ നിന്നെ ഉദ്യോഗസ്ഥനു വിട്ടുകൊടുക്കുകയും അയാൾ നിന്നെ തടവിലാക്കുകയും ചെയ്തെന്നു

[a] 5:21 പുറപ്പാട് 20:13
[b] 22 ചില കയ്യെഴുത്തുപ്രതികളിൽ, *സഹോദരനോടു കാരണം കൂടാതെ കോപിക്കുന്നവൻ* എന്നുമുണ്ട്.

വരാം. 26അവസാനത്തെ പൈസയും [a] കൊടു
ത്തു തീർക്കാതെ നീ അവിടെനിന്നു പുറത്തു
വരികയില്ല എന്നു ഞാൻ സത്യമായിട്ടു നിന്നോടു
പറയുന്നു.

*വ്യഭിചാരം*

27“ ‘വ്യഭിചാരം ചെയ്യരുത് ’ [b] എന്നു പറഞ്ഞി
ട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 28എന്നാൽ
ഞാൻ നിങ്ങളോടു പറയുന്നു: ദുർമോഹത്തോടെ
ഒരു സ്ത്രീയെ നോക്കുന്നവൻ തന്റെ
ഹൃദയത്തിൽ അവളുമായി വ്യഭിചാരം
ചെയ്തുകഴിഞ്ഞിരിക്കുന്നു. 29നിന്റെ വലത്തു
കണ്ണു പാപത്തിനു കാരണമാകുന്നുവെങ്കിൽ
അതു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക. നിന്റെ
ശരീരം മുഴുവനും നരകത്തിൽ തള്ളപ്പെടുന്ന
തിനെക്കാൾ ഒരവയവം നഷ്ടപ്പെടുന്നതാണു
നിനക്കു നല്ലത്. 30നിന്റെ വലത്തുകൈ പാപ
ത്തിനു കാരണമാകുന്നുവെങ്കിൽ അതു വെട്ടി
ദൂരെയെറിഞ്ഞു കളയുക. നിന്റെ ശരീരം മുഴു
വൻ നരകത്തിൽ പോകുന്നതിനെക്കാൾ
ഒരവയവം നഷ്ടമാകുന്നതാണു നിനക്കു നല്ലത്.

*വിവാഹമോചനം*

31“ ‘ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവൾ
ക്കൊരു ഉപേക്ഷണപത്രം കൊടുത്തിരിക്കണം’[c]
എന്നു പറഞ്ഞിട്ടുണ്ടല്ലോ. 32എന്നാൽ ഞാൻ
നിങ്ങളോടു പറയുന്നു: വിവാഹബന്ധത്തിലെ
അവിശ്വസ്തതകൊണ്ടല്ലാതെ ആരെങ്കിലും ഭാ
ര്യയെ ഉപേക്ഷിക്കുന്നുവെങ്കിൽ അവൻ അവളെ
വ്യഭിചാരിണിയാക്കുകയാണ്; ഉപേക്ഷിക്കപ്പെട്ട
വളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം
ചെയ്യുന്നു.

*ആണയിടുന്നതിനെക്കുറിച്ച്*

33“ശപഥം ചെയ്തതു ലംഘിക്കരുതെന്നും
ദൈവത്തോടുചെയ്ത ശപഥം നിറവേററണ
മെന്നും പൂർവ്വികരോടു കല്പിച്ചിട്ടുള്ളതു നിങ്ങൾ
കേട്ടിട്ടുണ്ടല്ലോ. 34എന്നാൽ ഞാൻ നിങ്ങളോടു
പറയുന്നു, ആണയിടുകയേ അരുത്. സ്വർഗ്ഗ
ത്തെക്കൊണ്ട് ആണയിടരുത്; അതു
ദൈവത്തിന്റെ സിംഹാസനം; 35ഭൂമിയെക്കൊ
ണ്ടരുത്; അതു ദൈവത്തിന്റെ പാദപീഠം. യെരൂ
ശലേമിനെക്കൊണ്ടും അരുത്; അതു മഹാരാജാ
വിന്റെ നഗരം. 36നിങ്ങളുടെ തലയെക്കൊണ്ട്
ആണയിടരുത്; കാരണം ഒരു മുടിയെങ്കിലും
വെളുപ്പിക്കാനോ കറുപ്പിക്കാനോ നിങ്ങൾക്കു
കഴിവില്ല. 37നിങ്ങളുടെ ‘ഉവ്വ് ’എന്നത് ‘ഉവ്വ് ’ എന്നു
തന്നെയായിരിക്കട്ടെ. ‘ഇല്ല’, എന്നത് ‘ഇല്ല’
എന്നും. ഇതിൽ അധികമായതു ദുഷ്ടനിൽ
നിന്നു വരുന്നു.

*കണ്ണിനു പകരം കണ്ണ്*

38“ ‘കണ്ണിനു പകരം കണ്ണ്, പല്ലിനുപകരം
പല്ല് [d] ’ എന്നു പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടി
ട്ടുണ്ടല്ലോ. 39എന്നാൽ ഞാൻ നിങ്ങളോടു പറ
യുന്നു: ദുഷ്ടനെ എതിർക്കരുത്. ഒരുവൻ നിങ്ങ
ളുടെ വലത്തെ ചെകിട്ടത്തടിച്ചാൽ മറ്റേ ചെകി
ടും കാണിച്ചുകൊടുക്കുക. 40ആരെങ്കിലും
നിങ്ങളുടെ വസ്ത്രത്തിനു വേണ്ടി വ്യവ
ഹരിച്ചാൽ അവനു നിങ്ങളുടെ മേലങ്കിയുംകൂടെ
വിട്ടു കൊടുക്കുക. 41ആരെങ്കിലും ഒരു മൈൽ
ദൂരം പോകാൻ നിങ്ങളെ നിർബ്ബന്ധി
ക്കുന്നുവെങ്കിൽ അയാളോടൊപ്പം രണ്ടു മൈൽ
പോകുക. 42നിങ്ങളോടു യാചിക്കുന്നവനു
കൊടുക്കുക. വായ്പ വാങ്ങുവാൻ ഇച്ഛിക്കു
ന്നവനിൽനിന്ന് ഒഴിഞ്ഞുമാറരുത്.

*ശത്രുക്കളെ സ്നേഹിക്കുവിൻ*

43“ ‘അയൽക്കാരെ സ്നേഹിക്കണം’ [e]എന്നും
ശത്രുവിനെ വെറുക്കണം എന്നും കല്പിച്ചിട്ടു
ള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 44എന്നാൽ
ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളുടെ
ശത്രുക്കളെ സ്നേഹിക്കുവിൻ, [f] നിങ്ങളെ
പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കു
വിൻ; 45അങ്ങനെ നിങ്ങൾ നിങ്ങളുടെ
സ്വർഗ്ഗസ്ഥപിതാവിന്റെ മക്കൾ ആയിത്തീരും.
അവിടുന്നു ദുഷ്ടരുടെമേലും നല്ലവരുടെമേലും
തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിയുള്ള
വരുടെമേലും നീതികെട്ടവരുടെമേലും മഴ പെ
യ്യിക്കുകയും ചെയ്യുന്നുവല്ലോ. 46നിങ്ങളെ
സ്നേഹിക്കുന്നവരെമാത്രം സ്നേഹിച്ചാൽ
നിങ്ങൾക്ക് എന്തു പ്രതിഫല മാണു ലഭിക്കുക?
ചുങ്കക്കാർ പോലും അതു ചെയ്യുന്നുണ്ടല്ലോ!
47സ്വന്തം സഹോദരരെ മാത്രമാണു നിങ്ങൾ
അഭിവാദനം ചെയ്യുന്നതെങ്കിൽ, മററുള്ളവരെ
ക്കാൾ കൂടുതലായി നിങ്ങൾ എന്താണു ചെയ്യു
ന്നത്? വിജാതീയർപോലും അതു ചെയ്യുന്നില്ല
യോ? 48അതുകൊണ്ട്, നിങ്ങളുടെ സ്വർഗ്ഗസ്ഥ
പിതാവു സൽഗുണപൂർണ്ണനായിരിക്കുന്നതു
പോലെ നിങ്ങളും സൽഗുണപൂർണ്ണരായിരി
ക്കുവിൻ.

*ദാനധർമ്മങ്ങൾ*

6 “മനുഷ്യർ കാണുവാൻവേണ്ടി നിങ്ങളുടെ
നീതിപ്രവൃത്തികൾ അവരുടെ മുമ്പിൽവച്ചു

[a] 26 ഗ്രീക്കിൽ, കൊദ്രാൻര് [b] 27 പുറപ്പാട് 20:14 [c] 31 ആവർത്തനം 24:1
[d] 38 പുറപ്പാട് 21:24; ലേവ്യ 24:20; ആവർത്തനം 19:21 [e] 43 ലേവ്യ 19:18
[f] 44 ചില കയ്യെഴുത്തുപ്രതികളിൽ, *നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ, വെറുക്കുന്നവർക്കു നന്മ ചെയ്യുവിൻ* എന്നു കാണുന്നു.

ചെയ്യാതിരിപ്പാൻ സൂക്ഷിക്കുവിൻ; അങ്ങനെ
ചെയ്താൽ സ്വർഗ്ഗസ്ഥപിതാവിൽനിന്നു നിങ്ങ
ൾക്കു യാതൊരു പ്രതിഫലവും ലഭിക്കുകയില്ല.
2“അതുകൊണ്ടു, മനുഷ്യരുടെ പ്രശംസ
യ്ക്കുവേണ്ടി കപടഭക്തർ പള്ളികളിലും
തെരുവുകളിലും ചെയ്യുന്നതുപോലെ, നിങ്ങൾ
ദാനം കൊടുക്കുമ്പോൾ കാഹളമൂതി അതു
പ്രസിദ്ധമാക്കരുത്. അവർക്കു മുഴുവൻ പ്രതി
ഫലവും കിട്ടിക്കഴിഞ്ഞിരിക്കുന്നു എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു. 3എന്നാൽ
നിങ്ങൾ ദാനം ചെയ്യുമ്പോൾ, നിങ്ങളുടെ വലത്തു
കൈ ചെയ്യുന്നത് ഇടത്തു കൈ അറിയരുത്. 4നി
ങ്ങളുടെ ദാനം രഹസ്യത്തിലായിരിക്കട്ടെ. രഹ
സ്യത്തിൽ ചെയ്യുന്നതു കാണുന്ന നിങ്ങളുടെ
പിതാവു നിങ്ങൾക്കു പ്രതിഫലം നല്കും.

*പ്രാർത്ഥന*

5“പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ കപടഭക്ത
രെപ്പോലെ ആകരുത്. മനുഷ്യർ കാണുന്നതിനു
വേണ്ടി പള്ളികളിലും തെരുക്കോണുകളിലും
നിന്നുകൊണ്ടു പ്രാർത്ഥിക്കുവാൻ അവർ ഇഷ്ട
പ്പെടുന്നു. അവർക്ക് അവരുടെ പ്രതിഫലം
പൂർണ്ണമായി ലഭിച്ചു കഴിഞ്ഞിരിക്കുന്നു എന്നു
ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.
6എന്നാൽ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, നിങ്ങ
ളുടെ മുറിയിൽ പ്രവേശിച്ചു, കതകടച്ചു നിങ്ങളുടെ
അദൃശ്യനായ പിതാവിനോടു പ്രാർത്ഥിക്കുവിൻ.
അപ്പോൾ രഹസ്യത്തിൽ ചെയ്യുന്നതു കാണുന്ന
നിങ്ങളുടെ പിതാവു നിങ്ങൾക്കു പ്രതിഫലം
നല്കും. 7നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ വിജാതീ
യരെപ്പോലെ വ്യർത്ഥജല്പനം ചെയ്യരുത്. അതി
ഭാഷണത്താൽ പ്രാർത്ഥന കേൾക്കപ്പെടുമെ
ന്നാണ് അവരുടെ വിചാരം. 8അവരെപ്പോലെ
ആകരുത്; എന്തെന്നാൽ നിങ്ങൾ അപേക്ഷിക്കു
ന്നതിനുമുമ്പുതന്നേ നിങ്ങളുടെ ആവശ്യം
എന്തെന്നു നിങ്ങളുടെ പിതാവ് അറിയുന്നുണ്ട്.
9“അതുകൊണ്ട് നിങ്ങൾ ഇപ്രകാരം
പ്രാർത്ഥിക്കണം:

‘ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം വിശുദ്ധീകരിക്കപ്പെടണമേ;
10അങ്ങയുടെ രാജ്യം വരണമേ,
അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ
ഭൂമിയിലും ആകണമേ.
11ദിനംപ്രതി വേണ്ട ആഹാരം ഇന്നു
ഞങ്ങൾക്കു തരണമേ.
12ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ
ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ
കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ.
13പരീക്ഷയിലേക്കു ഞങ്ങളെ നയിക്കാതെ,
ദുഷ്ടനിൽനിന്നു ഞങ്ങളെ വിടുവിക്കണമേ,
എന്തെന്നാൽ രാജ്യവും ശക്തിയും
മഹത്ത്വവും എന്നേക്കും
അവിടുത്തേതല്ലോ, ആമേൻ[a].

14“നിങ്ങളോടു പാപം ചെയ്യുന്ന മനുഷ്യരോടു
നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗസ്ഥനായ
പിതാവ് നിങ്ങളോടും ക്ഷമിക്കും. 15എന്നാൽ
മനുഷ്യരോട്, അവരുടെ പാപങ്ങൾ നിങ്ങൾ
ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ പിതാവ്
നിങ്ങളുടെ പാപങ്ങളും ക്ഷമിക്കുകയില്ല.

*ഉപവാസം*

16“ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്ത
രെപ്പോലെ മ്ളാനമുഖം കാണിക്കരുത്; തങ്ങൾ
ഉപവസിക്കുകയാണെന്നു മനുഷ്യരെ കാണിക്കു
ന്നതിനുവേണ്ടി അവർ മുഖം വിരൂപമാക്കുന്നു.
ഞാൻ നിങ്ങളോടു സത്യം പറയട്ടെ, അവരുടെ
മുഴുവൻ പ്രതിഫലവും അവർക്കു ലഭിച്ചു
കഴിഞ്ഞിരിക്കുന്നു. 17എന്നാൽ നിങ്ങൾ ഉപവസി
ക്കുമ്പോൾ തലയിൽ എണ്ണ തേയ്ക്കുകയും മുഖം
കഴുകുകയും ചെയ്യുവിൻ. 18അപ്പോൾ, നിങ്ങൾ
ഉപവസിക്കുകയാണെന്നു മനുഷ്യർ അറി
യാതിരിക്കുകയും അദൃശ്യനായ നിങ്ങളുടെ
പിതാവ് അതു കാണുകയും ചെയ്യും. രഹസ്യ
ത്തിൽ ചെയ്യുന്നതു കാണുന്ന നിങ്ങളുടെ
പിതാവ് നിങ്ങൾക്കു പ്രതിഫലം നല്കും.

*സ്വർഗ്ഗത്തിലെ നിക്ഷേപങ്ങൾ*

19“കീടങ്ങളും തുരുമ്പും നശിപ്പിക്കുകയും
കള്ളന്മാർ കയറി മോഷ്ടിക്കുകയും ചെയ്യുന്ന
ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സംഭരിച്ചു
വയ്ക്കരുത്. 20എന്നാൽ കീടങ്ങളും തുരുമ്പും
നശിപ്പിക്കാതെയും കള്ളന്മാർ കയറി കവർച്ച
ചെയ്യാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേ
പം സംഭരിക്കുവിൻ. 21നിന്റെ നിക്ഷേപം എവി
ടെയോ അവിടെ നിന്റെ ഹൃദയവും ഇരിക്കും.
22“ശരീരത്തിന്റെ വിളക്കു കണ്ണാണ്. നിന്റെ
കണ്ണു നല്ലതെങ്കിൽ ശരീരം മുഴുവനും പ്രകാശം
നിറഞ്ഞതായിരിക്കും. 23നിന്റെ കണ്ണു ചീത്ത
യെങ്കിൽ ശരീരം മുഴുവൻ ഇരുട്ടു നിറഞ്ഞതാ
യിരിക്കും. നിന്നിലുള്ള വെളിച്ചം ഇരുട്ടാണെങ്കിൽ
ആ ഇരുട്ട് എത്ര വലിയതായിരിക്കും!

24“രണ്ട് യജമാനന്മാരെ സേവിക്കുവാൻ
ആർക്കും സാധ്യമല്ല. ഒന്നുകിൽ, അവൻ ഒരുവ
നെ ദ്വേഷിച്ച് മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ,
ഒന്നാമനോട് പറ്റിച്ചേർന്ന് മറ്റവനെ തള്ളിക്കളയും.
നിങ്ങൾക്കു ദൈവത്തെയും ധനത്തെയും
സേവിക്കാൻ സാധ്യമല്ല.

[a] 13 ചില കൈയെഴുത്തുപ്രതികളിൽ ഈ ഭാഗം കാണുന്നില്ല.

*ആകുലചിത്തരാകരുത്*

25“അതുകൊണ്ട് ഞാൻ നിങ്ങളോടു പറ
യുന്നു: എന്തു തിന്നും, എന്തു കുടിക്കും എന്നു
ജീവിതത്തെക്കുറിച്ചും എന്ത് ഉടുക്കും എന്നു ശരീ
രത്തെക്കുറിച്ചും നിങ്ങൾ വ്യാകുലപ്പെടരുത്.
ആഹാരത്തെക്കാൾ ജീവിതവും വസ്ത്രത്തെ
ക്കാൾ ശരീരവും പ്രധാനമാണല്ലോ. 26ആകാശ
ത്തിലെ പക്ഷികളെ നോക്കുവിൻ. അവ വിത
യ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ ശേഖ
രിച്ചു വയ്ക്കുന്നുമില്ല; എങ്കിലും നിങ്ങളുടെ സ്വ
ർഗ്ഗസ്ഥപിതാവ് അവയ്ക്കു ഭക്ഷണം നല്കുന്നു.
അവയെക്കാൾ നിങ്ങൾ എത്രയോ വിലപ്പെട്ട
വരാണ്. 27വ്യാകുലപ്പെടുന്നതിനാൽ ജീവിത
ത്തോട് ഒരു മണിക്കൂർ [a] കൂട്ടിച്ചേർക്കുവാൻ
നിങ്ങളിൽ ആർക്കെങ്കിലും കഴിയുമോ?

28‘ലില്ലിച്ചെടികൾ എങ്ങനെ വളരുന്നു എന്നു
ചിന്തിക്കുവിൻ! അവ അധ്വാനിക്കുന്നില്ല,
നൂല്ക്കുന്നതുമില്ല. 29എങ്കിലും ശലോമോൻ
പോലും തൻെറ സകല പ്രഭാവത്തിലും ഇവ
യിൽ ഒന്നിനെപ്പോലെ അണിഞ്ഞൊരുങ്ങിയി
രുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.
30ഇന്നുള്ളതും നാളെ തീയിൽ ഇട്ടു കളയുന്ന
തുമായ പുല്ലിനെ ദൈവം ഇങ്ങനെ അണിയി
ക്കുന്നുവെങ്കിൽ, അല്പവിശ്വാസികളേ,
നിങ്ങളെ എത്രയധികം! 31അതുകൊണ്ട്, ‘ഞങ്ങ
ളെന്തു തിന്നും, എന്തു കുടിക്കും, എന്തു ധരിക്കും’
എന്നിങ്ങനെ പറഞ്ഞുകൊണ്ടു വ്യാകുലപ്പെ
ടരുത്. 32വിജാതീയരാണ് ഈ വക അന്വേഷി
ക്കുന്നത്. ഇവയൊക്കെയും നിങ്ങൾക്ക് ആവ
ശ്യമാണെന്നു നിങ്ങളുടെ സ്വർഗ്ഗസ്ഥ പിതാ
വിനറിയാം. 33മുമ്പേ അവിടുത്തെ രാജ്യവും
നീതിയും അന്വേഷിക്കുവിൻ; അതോടുകൂടെ
ഇതൊക്കെയും നിങ്ങൾക്കു നല്കപ്പെടും.
34അതുകൊണ്ട്, നാളെയെക്കുറിച്ചു വ്യാകുല
ചിത്തരാകരുത്; നാളത്തെ ദിവസം അതിനായി
ത്തന്നേ വ്യാകുലപ്പെട്ടുകൊള്ളും; ഓരോ ദിവസ
ത്തിനും അതിന്റേതായ ക്ലേശങ്ങൾ ഉണ്ടല്ലോ.

*അന്യരെ വിധിക്കരുത്*

7 “വിധിക്കരുത്, എന്നാൽ നിങ്ങളും വിധിക്ക
പ്പെടുകയില്ല. 2നിങ്ങൾ മററുള്ളവരെ വിധി
ക്കുന്നതുപോലെതന്നേ നിങ്ങളും വിധിക്കപ്പെടും.
നിങ്ങൾ ഉപയോഗിക്കുന്ന അളവു കൊണ്ടു
നിങ്ങൾക്കും അളന്നുകിട്ടും.

3“സഹോദരന്റെ കണ്ണിലെ കരടു നീ കാണു
കയും സ്വന്തം കണ്ണിലെ കോൽ കാണാതിരി
ക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? 4നിന്റെ
സ്വന്തം കണ്ണിൽ ഒരു കോൽ ഇരിക്കുമ്പോൾ
സഹോദരനോട്, ‘നിന്റെ കണ്ണിലെ കരട് എടു
ത്തുകളയട്ടെ’ എന്നു പറയുവാൻ നിനക്കെങ്ങനെ
കഴിയും? 5ഹേ, കപടഭക്തനായ മനുഷ്യാ, ആദ്യം
നിന്റെ കണ്ണിലെ കോൽ എടുത്തുകളയുക.
അപ്പോൾ സഹോദരന്റെ കണ്ണിലെ കരട്
എടുത്തുകളയുവാൻ തക്കവണ്ണം തെളിവായി
കാണുവാൻ നിനക്കു കഴിയും.

6“വിശുദ്ധമായതു നായ്ക്കൾക്കു കൊടു
ക്കരുത്; നിങ്ങളുടെ മുത്തുകൾ പന്നികളുടെ
മുമ്പിൽ എറിയുകയുമരുത്. ആ മുത്തുകൾ അവ
ചവിട്ടിക്കളയുകയും പിന്നീടു നിങ്ങളുടെ
നേർക്കുതിരിഞ്ഞു നിങ്ങളെ ചീന്തിക്കളയു
കയും ചെയ്യും .

*ചോദിക്കുക, അന്വേഷിക്കുക, മുട്ടുക*

7“ചോദിക്കുവിൻ, എന്നാൽ നിങ്ങൾക്കു
ലഭിക്കും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ
കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു
തുറന്നുകിട്ടും. 8ചോദിക്കുന്ന ഏവനും ലഭി
ക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു;
മുട്ടുന്നവനു വാതിൽ തുറക്കപ്പെടുന്നു.

9“മകൻ അപ്പം ചോദിച്ചാൽ നിങ്ങളിൽ ആരെ
ങ്കിലും അവനു കല്ലു കൊടുക്കുമോ? 10മീൻ
ചോദിച്ചാൽ അവനു പാമ്പിനെ കൊടുക്കുമോ?
11നിങ്ങൾ ദോഷികളെങ്കിലും നിങ്ങളുടെ
മക്കൾക്കു നല്ല ദാനങ്ങൾ കൊടുക്കേണ്ടതെ
ങ്ങനെയെന്ന് അറിയുന്നുവെങ്കിൽ, സ്വർഗ്ഗസ്ഥ
പിതാവ് തന്നോട് അപേക്ഷിക്കുന്നവർക്കു നല്ല
ദാനങ്ങൾ എത്രയധികം നല്കും! 12അങ്ങനെ
എല്ലാക്കാര്യങ്ങളിലും, മറ്റുള്ളവർ നിങ്ങൾക്കു
ചെയ്തുതരണമെന്നു നിങ്ങൾ ആഗ്രഹി
ക്കുന്നതു നിങ്ങൾ അവർക്കു ചെയ്തുകൊടു
ക്കുവിൻ; ന്യായപ്രമാണവും പ്രവാചകന്മാരും
ഇതുതന്നെ.

*ഇടുങ്ങിയ വാതിൽ*

13“ഇടുങ്ങിയ വാതിലിലൂടെ അകത്തു
പ്രവേശിക്കുവിൻ. നാശത്തിലേക്കു നയിക്കുന്ന
വാതിൽ വീതിയുള്ളതും വഴി വിശാലവും ആണ്;
അനേകർ അതിലൂടെ പ്രവേശിക്കുന്നു. 14എ
ന്നാൽ ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടു
ക്കവും വഴി ഞെരുക്കവും ഉള്ളതാണ്; വളരെ
ചുരുക്കംപേർ മാത്രമേ അതു കണ്ടെത്തുന്നുള്ളൂ.

*വൃക്ഷവും അതിൻെറ ഫലവും*

15“കള്ളപ്രവാചകരെ സൂക്ഷിച്ചുകൊൾവിൻ.
അവർ ആടുകളുടെ വേഷത്തിൽ നിങ്ങളെ
സമീപിക്കുന്നു; ഉള്ളിലോ അവർ ക്രൂരരായ
ചെന്നായ്ക്കളാണ്. 16അവരുടെ ഫലംകൊണ്ടു
നിങ്ങൾക്ക് അവരെ തിരിച്ചറിയാൻ കഴിയും.
മുൾച്ചെടിയിൽനിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞി
ലുകളിൽനിന്ന് അത്തിപ്പഴവും പറിക്കാറുണ്ടോ?

[a] 27 അഥവാ, *നീളത്തോട് ഒരടി*

17നല്ലവൃക്ഷം നല്ലഫലവും, ചീത്തവൃക്ഷം
ചീത്തഫലവും കായ്ക്കുന്നു. 18നല്ലവൃക്ഷത്തിനു
ചീത്ത ഫലവും ചീത്ത വൃക്ഷത്തിനു നല്ലഫലവും
കായ്ക്കുവാൻ സാധ്യമല്ല. 19നല്ല ഫലം
പുറപ്പെടുവിക്കാത്ത ഏതു വൃക്ഷവും വെട്ടി
തീയിൽ ഇടുന്നു. 20അങ്ങനെ അവരുടെ
ഫലംകൊണ്ടു നിങ്ങൾക്ക് അവരെ തിരിച്ചറിയാം.
21“എന്നോടു ‘കർത്താവേ, കർത്താവേ’ എന്നു
പറയുന്ന ഏതൊരുവനുമല്ല, സ്വർഗ്ഗത്തിലുള്ള
എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ
മാത്രമാണു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്.
22അന്ന്, പലരും എന്നോട്: ‘കർത്താവേ,
കർത്താവേ, ഞങ്ങൾ അങ്ങയുടെ നാമത്തിൽ
പ്രവചിക്കുകയും അങ്ങയുടെ നാമത്തിൽ
ഭൂതങ്ങളെ പുറത്താക്കുകയും വളരെ അത്ഭുത
ങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ?’ എന്നു
പറയും. 23അപ്പോൾ ഞാൻ അവരോട്, ‘ഞാൻ
നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല, അധർമ്മം
പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ’
എന്നു തീർത്തു പറയും.

*രണ്ടു വീടുപണിക്കാർ*

24“അതുകൊണ്ട്, എന്റെ ഈ വചനങ്ങൾ
കേട്ടുചെയ്യുന്നവൻ പാറമേൽ വീടു പണിത
ബുദ്ധിയുള്ള മനുഷ്യനു തുല്യനാണ്. 25മഴ
പെയ്തു; വെള്ളം പൊങ്ങി; കാറ്റ് ആ വീടിന്മേൽ
ആഞ്ഞടിച്ചു; എങ്കിലും അതു പാറമേൽ അടി
സ്ഥാനം ഉള്ളതായിരുന്നതിനാൽ വീണില്ല.
26എന്നാൽ എന്റെ ഈ വാക്കുകൾ കേട്ടിട്ടും
അതനുസരിച്ചു ചെയ്യാത്തവൻ മണലിൽ വീടു
പണിത ഭോഷനായ മനുഷ്യനു തുല്യനാണ്. 27മഴ
പെയ്തു, വെള്ളം പൊങ്ങി, കാറ്റ് ആ വീടിന്മേൽ
ആഞ്ഞടിച്ചു; അതു വീണു; അതിന്റെ വീഴ്ച
വലിയതായിരുന്നു.”
28യേശു ഈ കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞ
പ്പോൾ അദ്ദേഹത്തിന്റെ ഉപദേശത്തിൽ ജനങ്ങൾ
ആശ്ചര്യപ്പെട്ടു. 29കാരണം, അവരുടെ വേദജ്ഞ
രെപ്പോലെയല്ല, പിന്നെയോ അധികാരമുള്ള
വനായിട്ടാണ് അദ്ദേഹം അവരെ പഠിപ്പിച്ചത്.

*കുഷ്ഠരോഗി*

8 അദ്ദേഹം മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ
വലിയ ജനസമൂഹം അദ്ദേഹത്തെ അനു
ഗമിച്ചു. 2ഒരു കുഷ്ഠരോഗി അദ്ദേഹത്തിന്റെ മുമ്പി
ൽവന്നു മുട്ടുകുത്തി, “കർത്താവേ, അങ്ങേയ്ക്കു
മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ
കഴിയും” എന്നു പറഞ്ഞു.
3യേശു കൈനീട്ടി ആ മനുഷ്യനെ തൊട്ടു.
“എനിക്കു മനസ്സുണ്ട്, ശുദ്ധനാവുക” എന്നു
പറഞ്ഞു. തൽക്ഷണം കുഷ്ഠം അവനെ വിട്ടു
മാറി, അവൻ സുഖപ്പെട്ടു. [a] 4യേശു അവനോട്:
“നോക്കൂ, ആരോടും പറയരുത്, എന്നാൽ നീ
പോയി നിന്നെത്തന്നേ പുരോഹിതനു കാണിച്ചു
കൊടുത്തിട്ട് അവർക്കു സാക്ഷ്യത്തിനായി
മോശെ കല്പിച്ച വഴിപാട് അർപ്പിക്കുക” എന്നു
പറഞ്ഞു.

*ശതാധിപന്റെ വിശ്വാസം*

5യേശു കഫർന്നഹൂമിൽ പ്രവേശിച്ചപ്പോൾ ഒരു
ശതാധിപൻ സഹായം അഭ്യർത്ഥിച്ചുകൊണ്ട്
അദ്ദേഹത്തിന്റെ അടുക്കൽ എത്തി. 6അയാൾ
പറഞ്ഞു: “കർത്താവേ, എന്റെ ദാസൻ പക്ഷ
വാതം പിടിപെട്ടു വലിയ വേദന സഹിച്ചുകൊണ്ടു
വീട്ടിൽ കിടക്കുന്നു.”
7യേശു അവനോട്: “ഞാൻ വന്ന് അവനെ
സുഖപ്പെടുത്തും” എന്നു പറഞ്ഞു.
8“കർത്താവേ, അങ്ങ് എന്റെ ഭവനത്തിൽ
വരുവാൻ എനിക്കു യോഗ്യതയില്ല, എന്നാൽ
അങ്ങ് ഒരു വാക്കു കല്പിച്ചാൽ എന്റെ ദാസനു
സൗഖ്യം വരും. 9ഞാനും അധികാരത്തിനു
കീഴ്പ്പെട്ടവനാണ്. എന്റെ കീഴിൽ പടയാളിക
ളുണ്ട്. ഒരുത്തനോടു ഞാൻ ‘പോകൂ’ എന്നു പറ
യുമ്പോൾ അവൻ പോകുന്നു. മറ്റൊരുത്തനോടു
‘വരൂ’ എന്നു പറയുമ്പോൾ അവൻ വരുന്നു. ഞാൻ
എന്റെ ദാസനോട് ‘ഇതു ചെയ്യൂ’ എന്നു
പറയുമ്പോൾ അവൻ ചെയ്യുന്നു” എന്നു
ശതാധിപൻ മറുപടി പറഞ്ഞു.
10ഇതു കേട്ട് യേശു ആശ്ചര്യപ്പെട്ടു, തന്നെ
അനുഗമിക്കുന്നവരോടു പറഞ്ഞു: “ഇത്ര വലിയ
വിശ്വാസം യിസ്രായേലിൽപ്പോലും ആരിലും
ഞാൻ കണ്ടിട്ടില്ല എന്നു സത്യമായി നിങ്ങളോടു
പറയുന്നു. 11കിഴക്കുനിന്നും പടിഞ്ഞാറുനിന്നും
അനേകർ വന്ന് അബ്രാഹാമിനോടും യിസ്ഹാ
ക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗ്ഗ
രാജ്യത്തിൽ വിരുന്നിന് ഇരിക്കും. 12രാജ്യത്തിന്റെ
പുത്രന്മാരോ പുറത്ത് അന്ധകാരത്തിൽ
തള്ളപ്പെടും. അവിടെ കരച്ചിലും പല്ലുകടിയും
ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.”
13പിന്നെ യേശു ശതാധിപനോട്: “പൊയ്
ക്കൊൾക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവി
ക്കട്ടെ” എന്നു പറഞ്ഞു. ആ സമയത്തുതന്നേ
അയാളുടെ ദാസനു സൗഖ്യം ലഭിച്ചു.

*യേശു അനേകരെ സൗഖ്യമാക്കുന്നു*

14യേശു പത്രൊസിന്റെ വീട്ടിൽ എത്തിയ
പ്പോൾ പത്രൊസിന്റെ അമ്മാവിയമ്മ പനി പിടിച്ചു
കിടപ്പിലായിരിക്കുന്നതു കണ്ടു. 15അദ്ദേഹം
അവളുടെ കൈ തൊട്ടു; പനി അവളെ വിട്ടു;
അവൾ എഴുന്നേറ്റ് അദ്ദേഹത്തെ പരിചരിച്ചു.
16സന്ധ്യയായപ്പോൾ, അനേകം ഭൂതഗ്ര

[a] 8 : 3 ഗ്രീക്കിൽ, *അവൻ ശുദ്ധനായി*

സ്തരെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടു
വന്നു; ഒരു വാക്കുകൊണ്ട് അദ്ദേഹം ഭൂതങ്ങളെ
പുറത്താക്കുകയും സകല രോഗികളെയും സുഖ
പ്പെടുത്തുകയും ചെയ്തു.
[17]"അദ്ദേഹം നമ്മുടെ
ബലഹീനതകളെ ഏറ്റെടുത്തു;
നമ്മുടെ വേദനകളെ ചുമന്നു" [a]
എന്നു യെശയ്യാപ്രവാചകനിലൂടെ അരുളിചെ
യ്തിരുന്നതു നിറവേറുന്നതിനായി ഇതുസംഭവിച്ചു.

### *യേശുവിനെ അനുഗമിക്കുന്നവർ നല്കേണ്ട വില*

[18]തന്റെ ചുററുമുള്ള ജനസമൂഹത്തെ കണ്ട
പ്പോൾ യേശു തടാകത്തിന്റെ മറുകരയിലേക്കു
പോകാൻ നിർദ്ദേശം നല്കി. [19]അപ്പോൾ ഒരു
വേദജ്ഞൻ അദ്ദേഹത്തിന്റെ അടുക്കൽവന്ന്,
"ഗുരോ, അങ്ങ് എവിടെപ്പോയാലും ഞാൻ
അങ്ങയെ അനുഗമിക്കാം" എന്നു പറഞ്ഞു.
[20]അതിന് യേശു ''കുറുനരികൾക്കു മാള
ങ്ങളും ആകാശത്തിലെ പക്ഷികൾക്കു കൂടു
കളും ഉണ്ട്; മനുഷ്യപുത്രനോ തല ചായ്ക്കാൻ
ഇടമില്ല'' എന്ന് ഉത്തരം പറഞ്ഞു.
[21]ശിഷ്യന്മാരിൽമറെറാരുവൻഅദ്ദേഹത്തോട്:
" കർത്താവേ, ആദ്യം പോയി എന്റെ പിതാവിന്റെ
ശവസംസ്കാരം നടത്തുവാൻ എന്നെ
അനുവദിച്ചാലും" എന്നു പറഞ്ഞു.
[22]എന്നാൽ യേശു അവനോട്: "നീ എന്നെ
അനുഗമിക്കുക, മരിച്ചവർ തങ്ങളുടെ മരിച്ചവരെ
സംസ്കരിക്കട്ടെ" എന്നു പറഞ്ഞു.

### *യേശു കൊടുങ്കാററിനെ ശാന്തമാക്കുന്നു*

[23]പിന്നെ അദ്ദേഹം വഞ്ചിയിൽ കയറി. ശിഷ്യ
ന്മാർ അദ്ദേഹത്തോടൊപ്പം യാത്രയായി.
[24]പെട്ടെന്നു തടാകത്തിൽ ഉഗ്രമായൊരു
കൊടുങ്കാററുണ്ടായി; വഞ്ചി മുങ്ങിപ്പോകുംവിധം
തിരമാലകൾ ഉയർന്നു. യേശുവോ ഉറങ്ങുക
യായിരുന്നു. [25]ശിഷ്യന്മാർ ചെന്ന്, "കർത്താവേ,
ഞങ്ങളെ രക്ഷിക്കേണമേ, ഞങ്ങൾ മുങ്ങിപ്പോ
കുന്നു" എന്നു പറഞ്ഞ് അദ്ദേഹത്തെ ഉണർത്തി.
[26]"അല്പവിശ്വാസികളേ, നിങ്ങൾ ഇത്ര ഭയ
പ്പെടുന്നതെന്ത്?" എന്നു പറഞ്ഞിട്ട് അദ്ദേഹം
എഴുന്നേററ് കാററിനെയും തിരകളെയും ശാസി
ച്ചു; കടൽ പ്രശാന്തമായി.
[27]ആ മനുഷ്യർ ആശ്ചര്യപ്പെട്ടു; "ഇദ്ദേഹം
ആര്? കാററും തിരകളുംപോലും ഇദ്ദേഹത്തെ
അനുസരിക്കുന്നുവല്ലോ!" അവർ പറഞ്ഞു.

### *രണ്ടു ഭൂതഗ്രസ്തരെ സൗഖ്യമാക്കുന്നു*

[28]അദ്ദേഹം അക്കരെ ഗദര[b] ദേശത്തു എത്തി
യപ്പോൾ, ഭൂതം ബാധിച്ച രണ്ടുപേർ കല്ലറ
കളിൽനിന്ന് അദ്ദേഹത്തിനെതിരേ വന്നു.
ആർക്കും അതുവഴി കടന്നുപോകുവാൻ സാധി
ക്കാത്തവിധം അവർ അത്യുഗ്രന്മാരായിരുന്നു.
[29]"ദൈവപുത്രാ, അങ്ങേയ്ക്കു ഞങ്ങളോട് എന്തു
കാര്യം? നിശ്ചിതസമയത്തിനുമുമ്പേ ഞങ്ങളെ
പീഡിപ്പിക്കുവാനോ അങ്ങു വന്നിരിക്കുന്നത്?"
അവർ അട്ടഹസിച്ചു.
[30]അവരിൽനിന്നു കുറേ അകലെയായി ഒരു
വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു.
[31]ഭൂതങ്ങൾ യേശുവിനോട്: "അങ്ങ് ഞങ്ങളെ
പുറത്താക്കുന്നുവെങ്കിൽ പന്നിക്കൂട്ടത്തിലേക്കു
ഞങ്ങളെ അയയ്ക്കേണമേ" എന്നു യാചിച്ചു.
[32]"പോകുവിൻ," അദ്ദേഹം അവരോടു
കല്പിച്ചു. അവർ പുറപ്പെട്ടു പന്നികളിൽ പ്രവേ
ശിച്ചു. അവ കൂട്ടമായി കടുംതൂക്കായ ചരിവിലൂടെ
തടാകത്തിലേക്കു പാഞ്ഞുചെന്നു വെള്ളത്തിൽ
ചാടിമുങ്ങിച്ചത്തു. [33]പന്നികളെ മേയിച്ചിരുന്നവർ
പട്ടണത്തിലേക്ക് ഓടിച്ചെന്നു ഭൂതഗ്രസ്തർക്കു
സംഭവിച്ചതുൾപ്പെടെ എല്ലാ വിവരവും ആളുകളെ
അറിയിച്ചു. [34]പട്ടണത്തിലുള്ളവർ ഒന്നാകെ
യേശുവിനെ കാണാൻ വന്നു. അദ്ദേഹത്തെ
കണ്ടപ്പോൾ തങ്ങളുടെ ദേശം വിട്ടുപോകണ
മെന്ന് അവർ അപേക്ഷിച്ചു.

### *യേശു ഒരു പക്ഷവാതക്കാരനെ സുഖപ്പെടുത്തുന്നു*

9 യേശു ഒരു വഞ്ചിയിൽ കയറി മറുകരയിൽ
സ്വന്തം പട്ടണത്തിൽ എത്തി. [2]ചിലർ ഒരു
പക്ഷവാതക്കാരനെ കിടക്കയോടെ അദ്ദേഹ
ത്തിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവ
രുടെ വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോട്:
"മകനേ, ധൈര്യപ്പെടുക; നിന്റെ പാപങ്ങൾ
ക്ഷമിച്ചിരിക്കുന്നു" എന്നു പറഞ്ഞു.
[3]അപ്പോൾ ചില വേദജ്ഞർ, "ഈ മനുഷ്യൻ
ദൈവദൂഷണം പറയുന്നു" എന്നു സ്വയം
പറഞ്ഞു.
[4]യേശു അവരുടെ വിചാരങ്ങൾ മനസ്സി
ലാക്കിയിട്ട് അവരോടു പറഞ്ഞു: "നിങ്ങൾ ഹൃദ
യത്തിൽ ദോഷം നിരൂപിക്കുന്നതെന്ത്? [5]'നിന്റെ
പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു' എന്നു പറയു
ന്നതോ 'എഴുന്നേററു നടക്കുക' എന്നു പറയു
ന്നതോ ഏതാണ് എളുപ്പം? [6]എന്നാൽ മനുഷ്യ
പുത്രനു ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ
അധികാരം ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്,"
അദ്ദേഹം പക്ഷവാതക്കാരനോട്: "എഴുന്നേററു
നിന്റെ കിടക്ക എടുത്തു വീട്ടിൽ പോകുക" എന്നു
പറഞ്ഞു. [7]ആ മനുഷ്യൻ എഴുന്നേററു വീട്ടി
ലേക്കു പോയി. [8]ജനസമൂഹം ഇതുകണ്ടു ഭയ
പ്പെട്ടു; മനുഷ്യർക്ക് ഇങ്ങനെയുള്ള അധികാരം
നല്കിയ ദൈവത്തെ മഹത്വപ്പെടുത്തി.

[a] 17 യെശയ്യാവ് 53:4 [b] 28 ചില കയ്യെഴുത്തുപ്രതികളിൽ, *ഗർഗ്ഗസേന,* മറ്റു ചിലതിൽ, *ഗരസേന*

*മത്തായിയെ വിളിക്കുന്നു*

9യേശു അവിടെനിന്നു മുമ്പോട്ടു പോകു
മ്പോൾ മത്തായി എന്നു പേരുള്ള ഒരു മനുഷ്യൻ
ചുങ്കസ്ഥലത്ത് ഇരിക്കുന്നതു കണ്ടു. യേശു
അയാളോട്: "എന്നെ അനുഗമിക്കുക" എന്നു
പറഞ്ഞു. അയാൾ ഉടനേ എഴുന്നേററ്
അദ്ദേഹത്തെ അനുഗമിച്ചു.
10യേശു മത്തായിയുടെ ഭവനത്തിൽ,
വിരുന്നിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ
അനേകം ചുങ്കക്കാരും 'പാപികളും' വന്ന്
അദ്ദേഹത്തോടും ശിഷ്യന്മാരോടുംകൂടെ ഭക്ഷണം
കഴിച്ചു. 11പരീശന്മാർ ഇതു കണ്ടിട്ട് അദ്ദേഹത്തി
ൻെറ ശിഷ്യന്മാരോട്: "നിങ്ങളുടെ ഗുരു ചുങ്ക
ക്കാരോടും 'പാപികളോടും'കൂടെ ഭക്ഷിക്കു
ന്നതെന്ത്?" എന്നു ചോദിച്ചു.
12യേശു ഇതു കേട്ടിട്ട്, "ആരോഗ്യമുള്ള
വർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട്
ആവശ്യം. 13എന്നാൽ 'യാഗമല്ല കരുണയത്രേ
ഞാൻ ആഗ്രഹിക്കുന്നത് [a] ' എന്നതിൻെറ അർ
ത്ഥം എന്തെന്നു നിങ്ങൾ പോയി പഠിക്കുവിൻ.
ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രേ വിളി
ക്കുവാൻ വന്നിരിക്കുന്നത്" എന്നു പറഞ്ഞു.

*ഉപവാസത്തെപ്പറ്റി യേശുവിനോടു ചോദിക്കുന്നു*

14അപ്പോൾ യോഹന്നാൻെറ ശിഷ്യന്മാർ വന്ന്
അദ്ദേഹത്തോട്, "ഞങ്ങളും പരീശന്മാരും ഉപവ
സിക്കുന്നു; എന്നാൽ അങ്ങയുടെ ശിഷ്യന്മാർ
ഉപവസിക്കാത്തത് എന്തുകൊണ്ട്?'' എന്നു
ചോദിച്ചു.
15അതിനു യേശു ഇങ്ങനെ മറുപടി പറഞ്ഞു:
"മണവാളൻ കൂടെയുള്ളപ്പോൾ അദ്ദേഹ
ത്തിൻെറ തോഴന്മാർക്ക് എങ്ങനെ ദുഃഖിതരാ
കുവാൻ കഴിയും? മണവാളനെ അവരിൽനിന്ന്
അകറ്റുന്ന കാലം വരും; അപ്പോൾ അവർ ഉപവ
സിക്കും.
16"ആരും ഒരു പുതിയ തുണിക്കഷണം പഴയ
വസ്ത്രത്തോടു തുന്നിച്ചേർക്കാറില്ല. അങ്ങനെ
ചെയ്താൽ ആ തുണ്ടു കീറിപ്പോകുകയും കീറൽ
ഏറെ വലുതാകുകയും ചെയ്യും. 17മനുഷ്യർ
പുതിയ വീഞ്ഞ് പഴയ തോല്ക്കുടങ്ങളിൽ ഒഴിച്ചു
വയ്ക്കാറില്ല. അങ്ങനെചെയ്താൽ തോല്ക്കുട
ങ്ങൾ പൊട്ടി വീഞ്ഞു വാർന്നുപോകയും തോല്
ക്കുടങ്ങൾ നശിക്കയും ചെയ്യും. അവർ പുതിയ
വീഞ്ഞു പുതിയ തോല്ക്കുടങ്ങളിൽ പക
ർന്നുവയ്ക്കുന്നു. അപ്പോൾ രണ്ടും ഭദ്രമായിരിക്കും."

*മരിച്ച പെൺകുട്ടിയും രോഗിയായ സ്ത്രീയും*

18അദ്ദേഹം ഇങ്ങനെ സംസാരിച്ചുകൊണ്ടിരി
ക്കുമ്പോൾ ഒരു പള്ളിപ്രമാണി അദ്ദേഹത്തിൻെറ
മുമ്പിൽ മുട്ടുകുത്തി: 'എൻെറ മകൾ ഇപ്പോൾ
മരിച്ചുപോയി. അങ്ങു വന്ന് അവളുടെമേൽ
കൈവയ്ക്കണമേ, അപ്പോൾ അവൾ ജീവിക്കും"
എന്നു പറഞ്ഞു. 19യേശു എഴുന്നേറ്റ് അയാളോടു
കൂടെ പോയി; ശിഷ്യന്മാർ അനുഗമിച്ചു.
20അപ്പോൾതന്നേ, പന്ത്രണ്ടു വർഷമായി
രക്തസ്രവം ഉള്ള ഒരു സ്ത്രീ അദ്ദേഹത്തിൻെറ
പുറകിൽ എത്തി അങ്കിയുടെ വിളുമ്പിൽ തൊട്ടു.
21"അദ്ദേഹത്തിൻെറ അങ്കി തൊട്ടാൽ എനിക്കു
സൗഖ്യം ലഭിക്കും" എന്ന് അവൾ വിചാരിച്ചു.
22യേശു തിരിഞ്ഞ് അവളെ നോക്കി; "മകളേ,
ധൈര്യമായിരിക്കു, നിൻെറ വിശ്വാസം നിന്നെ
സുഖപ്പെടുത്തിയിരിക്കുന്നു" എന്നു പറഞ്ഞു. ആ
നിമിഷം മുതൽ അവൾ സൗഖ്യമുള്ളവളായി
ത്തീർന്നു.
23യേശു പ്രമാണിയുടെ വീട്ടിൽ പ്രവേശിച്ചു
കുഴലൂത്തുകാരെയും ബഹളം കൂട്ടുന്ന
ജനസമൂഹത്തെയും കണ്ടിട്ട്, 24"ഇവിടെനിന്നു
പോകുവിൻ, പെൺകുട്ടി മരിച്ചിട്ടില്ല, ഉറങ്ങുക
യാണ്" എന്നു പറഞ്ഞു. അവരോ അദ്ദേഹത്തെ
പരിഹസിച്ചു. 25ജനക്കൂട്ടത്തെ പുറത്താക്കിയ
ശേഷം അദ്ദേഹം അകത്തു ചെന്നു കുട്ടിയെ
കൈക്കു പിടിച്ചുയർത്തി. അവൾ എഴുന്നേറ്റു.
26ഈ വാർത്ത ആ പ്രദേശത്തെങ്ങും പരന്നു.

*അന്ധരെയും ഊമനെയും സൗഖ്യമാക്കുന്നു*

27യേശു അവിടെനിന്നു മുമ്പോട്ടു പോകു
മ്പോൾ രണ്ട് അന്ധന്മാർ: "ദാവീദുപുത്രാ, ഞങ്ങ
ളോടു കരുണ തോന്നണമേ" എന്നു നിലവി
ളിച്ചുകൊണ്ട് അദ്ദേഹത്തിൻെറ പിന്നാലെ
ചെന്നു.
28യേശു വീട്ടിൽ എത്തിയപ്പോൾ ആ അന്ധ
ന്മാർ അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു;
അദ്ദേഹം അവരോട്: "എനിക്ക് ഇതു ചെയ്യാൻ
കഴിയും എന്നു നിങ്ങൾ വിശ്വസിക്കുന്നുവോ?"
എന്നു ചോദിച്ചു.
"ഉവ്വ്, കർത്താവേ," അവർ ഉത്തരം പറഞ്ഞു.
29അപ്പോൾ അദ്ദേഹം അവരുടെ കണ്ണുകളിൽ
തൊട്ടുകൊണ്ട്, "നിങ്ങളുടെ വിശ്വാസംപോലെ
നിങ്ങൾക്കു ഭവിക്കട്ടെ" എന്നു പറഞ്ഞു. 30ഉട
നേ അവരുടെ കണ്ണുകൾ തുറന്നു. യേശു
അവരോട്: "നോക്കൂ, ഇതാരും അറിയരുത്" എന്നു
കർശനമായി നിർദ്ദേശിച്ചു. 31എന്നാൽ അവർ
പോയി അദ്ദേഹത്തെക്കുറിച്ചുള്ള ഈ വാർത്ത
ആ പ്രദേശത്തെല്ലാം പ്രചരിപ്പിച്ചു.
32അവർ പോകുമ്പോൾ ഭൂതബാധിതനായ ഒരു
ഊമനെ ചിലർ യേശുവിൻെറ അടുക്കൽ
കൊണ്ടുവന്നു. 33ഭൂതത്തെ പുറത്താക്കിയപ്പോൾ,
ഊമൻ സംസാരിച്ചു. ജനക്കൂട്ടം ആശ്ചര്യപ്പെട്ട്,
"ഇങ്ങനെയൊന്ന് ഇതിനുമുമ്പ് യിസ്രായേലിൽ

*a* 13 ഹോശേയ 6: 6

കണ്ടിട്ടില്ല" എന്നു പറഞ്ഞു.
34എന്നാൽ പരീശന്മാർ, "ഇദ്ദേഹം ഭൂത
ങ്ങളുടെ തലവനെക്കൊണ്ടാണ് ഭൂതങ്ങളെ
പുറത്താക്കുന്നത്" എന്നു പറഞ്ഞു.

*വേലക്കാർ ചുരുക്കം*

35യേശു അവരുടെ പള്ളികളിൽ ഉപദേശിച്ചും
രാജ്യത്തിൻെറ സുവിശേഷം പ്രസംഗിച്ചും എല്ലാ
വിധ വ്യാധികളും രോഗങ്ങളും സൗഖ്യമാക്കിയും
കൊണ്ട് എല്ലാ പട്ടണങ്ങളിലൂടെയും ഗ്രാമങ്ങളി
ലൂടെയും സഞ്ചരിച്ചു. 36ജനക്കൂട്ടത്തെ കണ്ടിട്ട്
യേശു അവരോടു മനസ്സലിഞ്ഞു. അവർ ഇടയ
നില്ലാത്ത ആടുകളെപ്പോലെ അസ്വസ്ഥരും നി
സ്സഹായരും ആയിരുന്നു. 37അപ്പോൾ അദ്ദേഹം
ശിഷ്യന്മാരോട്: "കൊയ്ത്തു വളരെ; വേലക്കാ
രോ ചുരുക്കം; 38അതുകൊണ്ട്, കൊയ്ത്തിൻെറ
ഉടമസ്ഥനോടു തൻെറ വിളഭൂമിയിലേക്കു
വേലക്കാരെ അയയ്ക്കുവാൻ അപേക്ഷിപ്പിൻ"
എന്നു പറഞ്ഞു.

*യേശു പന്ത്രണ്ടുപേരെ തിരഞ്ഞെടുക്കുന്നു*

10 അനന്തരം യേശു തൻെറ പന്ത്രണ്ടു
ശിഷ്യന്മാരെ അടുക്കൽ വിളിച്ച് അവ
ർക്കു ദുരാത്മാക്കളെ പുറത്താക്കുവാനും
എല്ലാവിധ രോഗങ്ങളും വ്യാധികളും സൗഖ്യമാ
ക്കുവാനും അധികാരം കൊടുത്തു.
2പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകൾ:
ഒന്നാമൻ പത്രൊസ് എന്നു വിളിക്കപ്പെടുന്ന ശി
മോൻ, അയാളുടെ സഹോദരനായ അന്ത്രെ
യാസ്, സെബെദിയുടെ പുത്രനായ യാക്കോബ്,
അയാളുടെ സഹോദരനായ യോഹന്നാൻ,
3ഫിലിപ്പൊസ്, ബർത്തൊലൊമായി, തോമാസ്,
ചുങ്ക ക്കാരനായ മത്തായി, അല്ഫായുടെ
പുത്രനായ യാക്കോബ്, തദ്ദായി, 4കനാന്യനായ
ശിമോൻ, യേശുവിനെ ഒറ്റിക്കൊടുത്ത
ഈസ്കര്യോത്താ യൂദാ.
5താഴെപ്പറയുന്ന നിർദ്ദേശങ്ങളോടെ യേശു
ഈ പന്ത്രണ്ടുപേരെയും അയച്ചു: "നിങ്ങൾ വി
ജാതീയരുടെ ഇടയിലേക്കു പോകയോ ശമര്യ
രുടെ ഏതെങ്കിലും പട്ടണത്തിൽ പ്രവേശിക്കയോ
അരുത്. 6യിസ്രായേലിലെ കാണാതെപോയ
ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ. 7നി
ങ്ങൾ പോകുമ്പോൾ, 'സ്വർഗ്ഗരാജ്യം സമീപിച്ചിരി
ക്കുന്നു' എന്ന സന്ദേശം പ്രസംഗിക്കുവിൻ. 8രോ
ഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയിർ
പ്പിക്കുവിൻ, കുഷ്ഠരോഗികളെ ശുദ്ധരാക്കുവിൻ,
ഭൂതങ്ങളെ പുറത്താക്കുവിൻ. നിങ്ങൾക്കു സൗജ
ന്യമായി ലഭിച്ചിരിക്കുന്നു, സൗജന്യമായി കൊടു
ക്കുവിൻ. 9നിങ്ങളുടെ മടിശ്ശീലയിൽ സ്വർണ്ണമോ
വെള്ളിയോ ചെമ്പോ കരുതി വയ്ക്കരുത്; 10യാ
ത്രയ്ക്കു സഞ്ചിയോ രണ്ട് ഉടുപ്പോ ചെരിപ്പോ
വടിയോ കൊണ്ടുപോകരുത്; വേലക്കാരൻ
തൻെറ കൂലിക്കു യോഗ്യനാണല്ലോ.
11"ഏതെങ്കിലും പട്ടണത്തിലോ ഗ്രാമത്തിലോ
പ്രവേശിക്കുമ്പോൾ അവിടെ യോഗ്യനായി ആരു
ണ്ടെന്ന് അന്വേഷിക്കുവിൻ; അവിടംവിട്ടു പോകു
ന്നതുവരെ അയാളുടെ കൂടെത്തന്നേ താമസി
ക്കുവിൻ. 12ആ വീട്ടിൽ കടക്കുമ്പോൾ അതിനു
സമാധാനം ആശംസിക്കുവിൻ. 13ആ വീട്
യോഗ്യതയുള്ളതെങ്കിൽ നിങ്ങളുടെ സമാധാനം
അതിന്മേൽ ആവസിക്കും; അല്ലാത്തപക്ഷം സമാ
ധാനം നിങ്ങളിലേക്കു മടങ്ങിപ്പോരും. 14ആരെ
ങ്കിലും നിങ്ങളെ സ്വാഗതം ചെയ്യാതിരിക്കയോ
നിങ്ങളുടെ വാക്കു കേൾക്കാതിരിക്കുകയോ
ചെയ്യുന്നുവെങ്കിൽ, ആ ഭവനമോ പട്ടണമോ
വിട്ടുപോകുമ്പോൾ നിങ്ങളുടെ കാലിൽനിന്നും
പൊടി തട്ടിക്കളയുവിൻ. 15ന്യായവിധിയുടെ
ദിവസത്തിൽ സൊദോമിൻെറയും ഗൊമോര
യുടെയും സ്ഥിതി ആ പട്ടണത്തിൻേറതിനെ
ക്കാൾ അധികം സഹിക്കാവുന്നതായിരിക്കും
എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.
16ചെന്നായ്ക്കളുടെ ഇടയിൽ ആടുകളെപ്പോലെ
ഞാൻ നിങ്ങളെ അയയ്ക്കുന്നു; ആകയാൽ
പാമ്പുകളെപ്പോലെ ബുദ്ധിയുള്ളവരും പ്രാവു
കളെപ്പോലെ നിഷ്കളങ്കരും ആയിരിപ്പിൻ.
17"മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ; അവർ
നിങ്ങളെ ന്യായാധിപസംഘങ്ങളിൽ ഏല്പി
ക്കുകയും തങ്ങളുടെ പള്ളികളിൽ വച്ചു
ചാട്ടകൊണ്ട് അടിക്കുകയും ചെയ്യും. 18ഞാൻ
നിമിത്തം നിങ്ങളെ ദേശാധിപന്മാരുടെയും രാജാ
ക്കന്മാരുടെയും മുമ്പിൽ കൊണ്ടുപോകും. അങ്ങ
നെ അവരുടെയും വിജാതീയരുടെയും മുമ്പിൽ
നിങ്ങൾ സാക്ഷ്യം വഹിക്കും. 19എന്നാൽ അവർ
നിങ്ങളെ ഏല്പിക്കുമ്പോൾ എന്തു പറയണം,
എങ്ങനെ പറയണം എന്നു വിചാരപ്പെടരുത്; പറ
യാനുള്ളത് ആ സമയത്തു നിങ്ങൾക്കു നല്ക
പ്പെടും; 20നിങ്ങളായിരിക്കുകയില്ല സംസാരിക്കു
ന്നത്, നിങ്ങളുടെ പിതാവിൻെറ ആത്മാവ്
നിങ്ങളിലൂടെ സംസാരിക്കും.
21"സഹോദരൻ സഹോദരനെയും പിതാവു
മകനെയും മരണത്തിന് ഒറ്റിക്കൊടുക്കും. മക്കൾ
അമ്മയപ്പന്മാരെ എതിർക്കുകയും അവരെ
കൊല്ലിക്കുകയും ചെയ്യും. 22ഞാൻനിമിത്തം
സകല മനുഷ്യരും നിങ്ങളെ വെറുക്കും, എന്നാൽ
അന്ത്യംവരെ സഹിച്ചുനില്ക്കുന്നവൻ രക്ഷിക്ക
പ്പെടും. 23നിങ്ങളെ ഒരു സ്ഥലത്തു പീഡിപ്പിക്കു
മ്പോൾ മറ്റൊരു സ്ഥലത്തേക്ക് ഓടിപ്പോകുവിൻ.
മനുഷ്യപുത്രൻ വരുന്നതിനുമുമ്പ്, യിസ്രായേൽ
പട്ടണങ്ങളിലൂടെയുള്ള നിങ്ങളുടെ സഞ്ചാരം
പൂർത്തിയാകയില്ല എന്നു ഞാൻ സത്യമായും
നിങ്ങളോടു പറയുന്നു.
24"ശിഷ്യൻ ഗുരുവിനെക്കാൾ മികച്ചവനല്ല;

ദാസൻ യജമാനനെക്കാൾ വലിയവനുമല്ല. 25ഗു
രുവിനെപ്പോലെയാകുന്നതു ശിഷ്യനു മതി; യജ
മാനനെപ്പോലെ ആകുന്നതു ദാസനും മതി.
അവർ ഗൃഹനാഥനെ ബേൽസെബൂൽ[a] എന്നു
വിളിച്ചെങ്കിൽ കുടുംബാംഗങ്ങളെ എത്രയധികം!
26"ആകയാൽ അവരെ ഭയപ്പെടരുത്. വെളി
പ്പെടുത്താതെ മറച്ചുവയ്ക്കാവുന്നതോ പ്രസിദ്ധ
മാക്കാതെ ഒളിച്ചുവയ്ക്കാവുന്നതോ ആയ
യാതൊന്നും ഇല്ല. 27ഞാൻ ഇരുട്ടത്തു നിങ്ങളോടു
സംസാരിക്കുന്നതു പകൽവെളിച്ചത്തിൽ
പ്രസ്താവിക്കുവിൻ; ചെവിയിൽ പറഞ്ഞു
തരുന്നതു പുരമുകളിൽനിന്ന് ഉദ്ഘോഷിപ്പിൻ.
28ദേഹിയെ കൊല്ലാൻ കഴിയാതെ ദേഹത്തെമാ
ത്രം കൊല്ലുന്നവരെ ഭയപ്പെടരുത്; പ്രാണനെയും
ശരീരത്തെയും നരകത്തിലാക്കി നശിപ്പിക്കുവാൻ
കഴിയുന്നവനെ ഭയപ്പെടുവിൻ. 29ഒരു കാശിനു[b]
രണ്ടു കുരുവിയെ വില്ക്കുന്നില്ലയോ? എങ്കിലും
നിങ്ങളുടെ പിതാവിൻെറ ഇഷ്ടംകൂടാതെ
അവയിൽ ഒന്നുപോലും നിലത്തുവീഴുകയില്ല.
30നിങ്ങളുടെ തലയിലെ ഓരോ രോമവും എണ്ണ
പ്പെട്ടിരിക്കുന്നു. 31ആകയാൽ ഭയപ്പെടേണ്ടാ,
അനവധി കുരുവികളെക്കാളും നിങ്ങൾ
വിലയേറിയവരത്രേ.
32"മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന
ഏതൊരുവനെയും സ്വർഗ്ഗസ്ഥനായ എൻെറ
പിതാവിൻെറ മുമ്പിൽ ഞാനും ഏറ്റു പറയും.
33മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളി
പ്പറയുന്നവനെ സ്വർഗ്ഗസ്ഥനായ എൻെറ പിതാ
വിൻെറ മുമ്പിൽ ഞാനും തള്ളിപ്പറയും.
34"ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ
വന്നുവെന്നു നിങ്ങൾ കരുതരുത്; സമാധാനമല്ല
വാൾ വരുത്തുവാനത്രേ ഞാൻ വന്നിട്ടുള്ളത്.

35'മകനെ അപ്പനോടും
മകളെ അമ്മയോടും
മരുമകളെ അമ്മാവിയമ്മയോടും
ഭിന്നിപ്പിക്കുവാനാണ് ഞാൻ
വന്നിരിക്കുന്നത്.
36ഒരു മനുഷ്യൻെറ ശത്രുക്കൾ അവൻെറ
കുടുംബാംഗങ്ങൾതന്നെ ആയിരിക്കും.'[c]

37"എന്നെക്കാളധികം സ്വന്തം പിതാവിനെ
യോ, മാതാവിനെയോ സ്നേഹിക്കുന്നവൻ
എനിക്കു യോഗ്യനല്ല. എന്നെക്കാളധികം സ്വന്തം
പുത്രനെയോ പുത്രിയെയോ സ്നേഹിക്കു
ന്നവനും എനിക്കു യോഗ്യനല്ല. 38തൻെറ കുരിശ്
എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്കു
യോഗ്യനല്ല. 39തൻെറ ജീവനെ കണ്ടെത്തിയവൻ
അതിനെ നഷ്ടപ്പെടുത്തും; എനിക്കുവേണ്ടി
തൻെറ ജീവൻ ത്യജിക്കുന്നവൻ അതിനെ
കണ്ടെത്തും.
40നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ
സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ
എന്നെ അയച്ചവനെ സ്വീകരിക്കുന്നു. 41ഒരു
പ്രവാചകനെ, അദ്ദേഹം പ്രവാചകനായതു
കൊണ്ട്, സ്വീകരിക്കുന്നവനു പ്രവാചകൻെറ
പ്രതിഫലം ലഭിക്കും; ഒരു നീതിമാനെ, അദ്ദേഹം
നീതിമാനായതുകൊണ്ട്, സ്വീകരിക്കുന്നവന്
നീതിമാൻെറ പ്രതിഫലം ലഭിക്കും. 42ഈ
ചെറിയവരിൽ ഒരുത്തന്, അയാൾ എൻെറ
ശിഷ്യനായതുകൊണ്ട്, ഒരു പാത്രം തണുത്ത
വെള്ളം കൊടുക്കുന്ന ഒരുവന് ഒരിക്കലും തൻെറ
പ്രതിഫലം നഷ്ടമാവുകയില്ല എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു."

*യേശുവും യോഹന്നാൻസ്നാപകനും*

11 യേശു തൻ്റെ പന്ത്രണ്ടു ശിഷ്യന്മാ
ർക്കു നിർദ്ദേശങ്ങൾ നൽകിയതിനു
ശേഷം, അവരുടെ പട്ടണങ്ങളിൽ ഉപദേശിക്കു
ന്നതിനും പ്രസംഗിക്കുന്നതിനുമായി അവിടെ
നിന്നു പോയി.
2ക്രിസ്തുവിൻ്റെ പ്രവർത്തനത്തെപ്പററി
യോഹന്നാൻസ്നാപകൻ തടവിൽവച്ചു കേട്ടിട്ട്,
3"വരുവാനുള്ളവൻ അങ്ങുതന്നെയോ, ഞങ്ങൾ
മററൊരാളെ കാത്തിരിക്കണമോ?" എന്നു
ചോദിക്കുവാൻ തൻ്റെ ശിഷ്യന്മാരെ അദ്ദേഹ
ത്തിൻ്റെ അടുക്കൽ അയച്ചു.
4യേശു ഉത്തരം പറഞ്ഞു: "മടങ്ങിച്ചെന്ന്, നി
ങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്ന
കാര്യങ്ങൾ യോഹന്നാനെ അറിയിക്കുവിൻ;
5അന്ധർക്കു കാഴ്ച ലഭിക്കുന്നു, മുടന്തർ നട
ക്കുന്നു, കുഷ്ഠരോഗികൾ സൗഖ്യം പ്രാപി
ക്കുന്നു, ബധിരർ കേൾക്കുന്നു, മരിച്ചവർ ഉയിർ
പ്പിക്കപ്പെടുന്നു, ദരിദ്രരോടു സുവിശേഷം അറി
യിക്കുന്നു. 6ഞാൻനിമിത്തം ഇടറിപ്പോകാത്തവൻ
അനുഗൃഹീതൻ."
7യോഹന്നാൻ്റെ ശിഷ്യന്മാർ അവിടം വിട്ടു
പോകുമ്പോൾ യേശു യോഹന്നാനെക്കുറിച്ചു
ജനക്കൂട്ടത്തോടു സംസാരിച്ചു തുടങ്ങി: "എന്തു
കാണുന്നതിനാണു നിങ്ങൾ മരുഭൂമിയിലേക്കു
പോയത്? കാററിൽ ഉലയുന്ന ഞാങ്ങണയോ?
8അല്ല, എന്തു കാണുവാനാണ് നിങ്ങൾ പോയത്?
മൃദുലവസ്ത്രം ധരിച്ച ഒരു മനുഷ്യനെയോ?
മൃദുലവസ്ത്രം ധരിക്കുന്നവർ രാജകൊട്ടാര
ങ്ങളിലാണല്ലോ. 9അല്ലെങ്കിൽ എന്തുകാണുവാ
നാണ് നിങ്ങൾ പോയത്? ഒരു പ്രവാചകനെയോ?
അതേ; പ്രവാചകനെക്കാൾ മികച്ച ഒരുവനെ
ത്തന്നേ എന്നു ഞാൻ പറയുന്നു.

10'ഞാൻ നിനക്കു മുമ്പായി
എൻ്റെ ദൂതനെ അയയ്ക്കും,

[a] 25 *ബെസെബൂൽ, ബേൽസെബൂബ്* എന്നീ രൂപങ്ങളും ഉപയോഗിക്കുന്നു. വാക്യം 12: 24, 27 എന്നി
വയും കാണുക. [b] 29 ഗ്രീക്കിൽ, *അസ്സറിയോൺ* [c] 36 മീഖാ. 7:6

അവൻ നിനക്കു വഴിയൊരുക്കും.'[a]
എന്ന് എഴുതിയിരിക്കുന്നത് ഇദ്ദേഹത്തെ
ക്കുറിച്ചാണ്.
11“സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ
സ്നാപകനെക്കാൾ വലിയവൻ ആരും ഉണ്ടാ
യിട്ടില്ല; എങ്കിലും സ്വർഗ്ഗരാജ്യത്തിൽ ഏററവും
ചെറിയവൻ അദ്ദേഹത്തെക്കാൾ വലിയവനാണ്.
12യോഹന്നാൻസ്നാപകന്റെ കാലംമുതൽ
ഇന്നുവരെയും സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിന്
വിധേയമായിരിക്കുന്നു, ബലപ്രയോഗം
ചെയ്യുന്നവർ അതിനെ പിടിച്ചടക്കുകയും
ചെയ്യുന്നു; 13സകലപ്രവാചകരും ന്യായപ്രമാ
ണവും യോഹന്നാൻവരെ പ്രവചിച്ചു. 14വരാനി
രിക്കുന്ന ഏലിയാവ് അദ്ദേഹംതന്നെ എന്നു
നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ അംഗീകരിക്കുവിൻ.
15ചെവിയുള്ളവൻ കേൾക്കട്ടെ.
16“ഈ തലമുറയെ ഞാൻ എന്തിനോട് തുലനം
ചെയ്യും? ചന്തസ്ഥലങ്ങളിലിരുന്നു കൊണ്ട്,
17‘ഞങ്ങൾ നിങ്ങൾക്കുവേണ്ടി കുഴലൂതി,
നിങ്ങൾ നൃത്തം ചെയ്തില്ല;
ഞങ്ങൾ വിലാപഗീതം പാടി,
നിങ്ങൾ വിലപിച്ചില്ല'
എന്നു തമ്മിൽ വിളിച്ചുപറയുന്ന
കുട്ടികൾക്കു തുല്യമാണത്.
18“യോഹന്നാൻ തിന്നാതെയും കുടിക്കാ
തെയും വന്നു; “അവന് ഒരു ഭൂതമുണ്ട്.” എന്ന്
അവർ പറയുന്നു. 19മനുഷ്യപുത്രൻ തിന്നുകയും
കുടിക്കുകയും ചെയ്യുന്നവനായി വന്നു; അപ്പോൾ
“ഇതാ, ഭോജനപ്രിയനും കുടിയനുമായ ഒരുവൻ!
ചുങ്കക്കാരുടെയും 'പാപികളുടെയും' ചങ്ങാതി”
എന്ന് അവർ പറയുന്നു. ജ്ഞാനമാകട്ടെ,
അവളുടെ പ്രവൃത്തികളാൽ സാധൂകരിക്ക
പ്പെടുന്നു.”

### *അനുതപിക്കാത്ത പട്ടണങ്ങൾ*

20അനന്തരം തന്റെ അത്ഭുതങ്ങളിൽ അധി
കവും നടന്ന പട്ടണങ്ങൾ മാനസാന്തരപ്പെടാ
ഞ്ഞതിനാൽ യേശു അവയെ ശാസിച്ചു: 21“അ
ല്ലയോ കോരസീനേ, നിനക്കു ഹാ കഷ്ടം!
അല്ലയോ ബേത്സയിദേ, നിനക്കു ഹാ കഷ്ടം!
നിങ്ങളിൽ ചെയ്ത അത്ഭുതങ്ങൾ സോരിലും
സീദോനിലും ചെയ്തിരുന്നുവെങ്കിൽ അവർ
പണ്ടുതന്നേ ചാക്കുശീല ഉടുത്തും ചാരം
പൂശിയും അനുതപിക്കുമായിരുന്നു.
22“എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു:
ന്യായവിധിദിവസത്തിൽ സോരിന്റെയും സീദോ
ന്റെയും അവസ്ഥ നിങ്ങളുടേതിനെക്കാൾ
സഹനീയമായിരിക്കും. 23നീയോ കഫർന്ന
ഹൂമേ, നീ ആകാശത്തോളം ഉയർന്നിരിക്കു
ന്നുവോ? ഇല്ല, നീ പാതാളത്തോളം[b] താഴ്ത്ത
പ്പെടും. നിന്നിൽ നടന്ന അത്ഭുതങ്ങൾ സൊദോ
മിൽ ആയിരുന്നെങ്കിൽ അത് ഇന്നും നില
നില്ക്കുമായിരുന്നു. 24ന്യായവിധിദിവസത്തിൽ
സൊദോമിന്റെ അവസ്ഥ നിങ്ങളുടേതിനെക്കാൾ
സഹനീയമായിരിക്കും എന്നു ഞാൻ നിങ്ങളോടു
പറയുന്നു.”

### *ക്ഷീണിതർക്ക് വിശ്രമം*

25ആ സമയത്ത് യേശു പറഞ്ഞു: “പിതാവേ,
സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥാ,
അവിടുന്ന് ഈ കാര്യങ്ങൾ ജ്ഞാനികൾക്കും
വിവേകികൾക്കും മറച്ചുവച്ചിട്ട് ശിശുക്കൾക്കു
വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ
അങ്ങയെ വാഴ്ത്തുന്നു. 26അതേ, പിതാവേ,
ഇതായിരുന്നുവല്ലോ അവിടുത്തേക്കു പ്രസാ
ദകരം”.
27“എന്റെ പിതാവു സകലകാര്യങ്ങളും എന്നെ
ഭരമേല്പിച്ചിരിക്കുന്നു. പിതാവല്ലാതെ ആരും
പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ
വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ളവനും അല്ലാതെ
ആരും പിതാവിനെ അറിയുന്നില്ല.
28“ക്ഷീണിതരും അദ്ധ്വാനിക്കുന്നവരും, എന്റെ
അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക്
ആശ്വാസം നൽകും. 29ഞാൻ സൗമ്യനും വിനയ
ശീലനുമാകയാൽ എന്റെ നുകം ഏററുകൊണ്ട്
എന്നോടു പഠിക്കുവിൻ, എന്നാൽ നിങ്ങളുടെ
ആത്മാക്കൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.
30എന്റെ നുകം മൃദുവും എൻെറ ചുമടു ലഘുവും
ആകുന്നു.”

### *ശബ്ബത്തിന്മേൽ അധികാരമുള്ളവൻ*

12 അക്കാലത്ത് യേശു ഒരു ശബ്ബത്തുനാ
ളിൽ, ധാന്യംവിളഞ്ഞ ഒരു വയലിലൂടെ
കടന്നുപോയി. അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കു
വിശക്കുന്നുണ്ടായിരുന്നു; അവർ കതിർ പറിച്ചു
തിന്നുതുടങ്ങി. 2ഇതുകണ്ടിട്ട് പരീശന്മാർ
അദ്ദേഹത്തോട്, “നോക്കൂ, താങ്കളുടെ ശിഷ്യന്മാർ
ശബ്ബത്തിൽ നിയമവിരുദ്ധമായതു ചെയ്യുന്നു”
എന്നു പറഞ്ഞു.
3അതിന് ഉത്തരമായി അദ്ദേഹം പറഞ്ഞു:
“ദാവീദും കൂടെയുള്ളവരും തങ്ങൾക്കു വിശന്ന
പ്പോൾ എന്തുചെയ്തുവെന്നു നിങ്ങൾ വായിച്ചിട്ടി
ല്ലേ? 4ദൈവാലയത്തിൽ കടന്ന് പുരോഹിത
ന്മാർക്കല്ലാതെ, തങ്ങൾക്കു ഭക്ഷിപ്പാൻ അധി
കാരമില്ലാത്ത കാഴ്ചയപ്പം അവർ ഭക്ഷിച്ചു.
5ശബ്ബത്തുനാളിൽ പുരോഹിതന്മാർ ദൈവാലയ
ത്തിൽവച്ചു ശബ്ബത്തിനെ ലംഘിക്കുന്നുവെങ്കി
ലും അവർ കുററമില്ലാത്തവരായിരിക്കുന്നു
വെന്നു നിങ്ങൾ ന്യായപ്രമാണത്തിൽ

[a] 10 മലാഖി. 3:1 [b] 23 ഗ്രീക്കിൽ, *ഹെയ്ഡിസ്*

വായിച്ചിട്ടില്ലേ? 6ഇതാ ദൈവാലയത്തെക്കാൾ
വലിയ ഒരാൾ ഇവിടെയുണ്ട് എന്നു ഞാൻ
നിങ്ങളോടു പറയുന്നു. 7'യാഗമല്ല കരുണയത്രേ
ഞാൻ ആഗ്രഹിക്കുന്നത്'[a]എന്നതിന്റെ അർത്ഥം
മനസ്സിലാക്കിയിരുന്നെങ്കിൽ നിങ്ങൾ കുററമില്ലാ
ത്തവർക്കു ശിക്ഷ വിധിക്കുകയില്ലായിരുന്നു.
8എന്തെന്നാൽ മനുഷ്യപുത്രൻ ശബ്ബത്തിന്റെ
കർത്താവാകുന്നു."

9ആ സ്ഥലത്തുനിന്നു പുറപ്പെട്ട് അദ്ദേഹം
അവരുടെ പള്ളിയിൽ ചെന്നു. 10കൈ ശോഷിച്ച
ഒരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. യേശു
വിനെ കുററപ്പെടുത്താൻ കാരണം ആരാഞ്ഞു
കൊണ്ടിരുന്ന അവർ അദ്ദേഹത്തോട്, "ശബ്ബ
ത്തിൽ സൗഖ്യം നൽകുന്നതു നിയമാനുസൃ
തമോ?" എന്നു ചോദിച്ചു.

11യേശു അവരോടു പറഞ്ഞു: "നിങ്ങളിൽ
ആർക്കെങ്കിലും ഒരു ആട് ഉണ്ടെന്നിരിക്കട്ടെ.
ശബ്ബത്തിൽ അതു കുഴിയിൽ വീണുപോയാൽ
നിങ്ങൾ അതിനെ അവിടെനിന്നു കയററു
കയില്ലേ? 12മനുഷ്യൻ ആടിനെക്കാൾ എത്രയോ
വിലയേറിയവൻ! അതുകൊണ്ട്, ശബ്ബത്തിൽ
നന്മ ചെയ്യുന്നതു നിയമാനുസൃതമത്രേ."

13പിന്നെ അദ്ദേഹം ആ മനുഷ്യനോട്: "നിന്റെ
കൈ നീട്ടുക" എന്നു പറഞ്ഞു. അയാൾ കൈ
നീട്ടി; അതു പൂർണ്ണ ആരോഗ്യമുള്ളതായി.
14എന്നാൽ പരീശന്മാർ അവിടെനിന്ന് പോയി
യേശുവിനെ കൊല്ലേണ്ടത് എങ്ങനെയെന്നു
ഗൂഢാലോചന നടത്തി.

*ദൈവം തിരഞ്ഞെടുത്ത ദാസൻ*

15ഇതു മനസ്സിലാക്കി യേശു ആ സ്ഥലം
വിട്ടുപോയി. ധാരാളം പേർ അദ്ദേഹത്തെ അനു
ഗമിച്ചു. അദ്ദേഹം അവരുടെ എല്ലാ രോഗികളെ
യും സൗഖ്യമാക്കുകയും 16താൻ ആരാണെന്നു
വെളിപ്പെടുത്തരുതെന്ന് ആജ്ഞാപിക്കുകയും
ചെയ്തു. 17ഇത് യെശയ്യാ പ്രവാചകനിലൂടെ
ഉണ്ടായ അരുളപ്പാട് നിറവേറുന്നതിനായിരുന്നു:

18"ഇതാ, ഞാൻ തിരഞ്ഞെടുത്ത
എന്റെ ദാസൻ;
ഞാൻ പ്രസാദിച്ചിരിക്കുന്ന
എന്റെ പ്രിയൻ.
ഞാൻ എന്റെ ആത്മാവിനെ
അവന്റെമേൽ ആവസിപ്പിക്കും.
അവൻ ജനതകൾക്കു ന്യായം
അറിയിക്കും;
19അവൻ ശണ്ഠയിടുകയോ
ഉറക്കെ നിലവിളിക്കുകയോ ഇല്ല;
ആരും തെരുവീഥികളിൽ അവന്റെ ശബ്ദം
കേൾക്കുകയില്ല.
20ചതഞ്ഞ ഞാങ്ങണ
അവൻ ഒടിക്കുകയില്ല;
പുകയുന്ന തിരി
കെടുത്തിക്കളയുകയുമില്ല.
അവൻ ന്യായത്തെ
വിജയത്തിലേക്കു നയിക്കും.
21അവന്റെ നാമത്തിൽ
വിജാതീയർ പ്രത്യാശ അർപ്പിക്കും."[b]

*യേശുവും ബേൽസെബൂലും*

22പിന്നെ അവർ അന്ധനും മൂകനുമായ ഒരു
ഭൂതഗ്രസ്തനെ അദ്ദേഹത്തിന്റെ അടുക്കൽ
കൊണ്ടുവന്നു. യേശു അവനെ സൗഖ്യമാക്കി.
അവനു സംസാരിക്കുവാനും കാണുവാനും
കഴിവുണ്ടായി. 23എല്ലാവരും ആശ്ചര്യപ്പെട്ടു.
"ഇദ്ദേഹം തന്നെയല്ലേ ദാവീദുപുത്രൻ?" എന്നു
പറഞ്ഞു.

24എന്നാൽ പരീശന്മാർ ഇതു കേട്ടിട്ട്, "ഈ
മനുഷ്യൻ ഭൂതങ്ങളുടെ തലവനായ ബേൽ
സെബൂലിനെക്കൊണ്ടുതന്നെയാണ് ഭൂത
ങ്ങളെ പുറത്താക്കുന്നത്" എന്നു പറഞ്ഞു.
25യേശു അവരുടെ വിചാരങ്ങൾ അറിഞ്ഞിട്ട്
അവരോടു പറഞ്ഞു: "അന്തഃച്ഛിദ്രമുള്ള ഏതു
രാജ്യവും നശിച്ചുപോകും; അന്തഃച്ഛിദ്രമുള്ള
പട്ടണമാകട്ടെ ഭവനമാകട്ടെ നിലനില്ക്കുകയില്ല.
26സാത്താൻ സാത്താനെ പുറത്താക്കുന്നു
വെങ്കിൽ അവൻ തനിക്കെതിരേതന്നെ ഭിന്നിച്ചി
രിക്കുകയാണ്; അങ്ങനെയെങ്കിൽ അവന്റെ
രാജ്യത്തിന് എങ്ങനെ നിലനില്ക്കുവാൻ
കഴിയും? 27ഞാൻ ബേൽസെബൂലിനെക്കൊണ്ടു
ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിൽ നിങ്ങളുടെ
മക്കൾ ആരെക്കൊണ്ടാണ് അവയെ പുറ
ത്താക്കുന്നത്? അതുകൊണ്ട് അവർ നിങ്ങൾക്ക്
വിധികർത്താക്കൾ ആയിരിക്കും. 28എന്നാൽ
ഞാൻ ദൈവാത്മാവിനാൽ ഭൂതങ്ങളെ
പുറത്താക്കുന്നുവെങ്കിൽ ദൈവരാജ്യം നിങ്ങളു
ടെയടുക്കൽ വന്നെത്തിയിരിക്കുന്നു.

29"ബലിഷ്ഠനായ ഒരുവന്റെ വീട്ടിൽ കടന്ന്
അവനെ പിടിച്ചുകെട്ടിയിട്ടല്ലാതെ വസ്തുവക
കൾ കവർച്ച ചെയ്തുകൊണ്ടു പോകുവാൻ
ആർക്കെങ്കിലും സാധിക്കുമോ? പിടിച്ചുകെട്ടി
യാൽ വീടു കവർച്ച ചെയ്യുവാൻ സാധിക്കും.
30"എനിക്ക് അനുകൂലമല്ലാത്തവൻ എനിക്കു
പ്രതികൂലം ആകുന്നു; എന്നോടു കൂടെ
ചേർക്കാത്തവൻ ചിതറിക്കുന്നു. 31അതു
കൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു: എല്ലാ
പാപവും ദൈവദൂഷണവും മനുഷ്യരോടു
ക്ഷമിക്കും; പരിശുദ്ധാത്മാവിനെതിരായ
ദൂഷണമോ ഒരിക്കലും ക്ഷമിക്കയില്ല. 32മനുഷ്യ
പുത്രനു വിരോധമായി ഒരു വാക്കു പറയുന്ന
വനോട് അതു ക്ഷമിക്കും. എന്നാൽ പരിശുദ്ധാ

[a] 7 ഹോശേയാ 6:6 [b] 21 യെശയ്യാവ് 42:1-4

ത്മാവിനു വിരോധമായി സംസാരിക്കുന്ന
യാതൊരുവനും ഈ യുഗത്തിലോ വരുവാനുള്ള
തിലോ ക്ഷമ ലഭിക്കയില്ല.
33"ഒരു വൃക്ഷം നല്ലതെങ്കിൽ അതിന്റെ ഫലവും
നല്ലതായിരിക്കും; വൃക്ഷം ചീത്തയെങ്കിലോ
അതിന്റെ ഫലവും ചീത്തയായിരിക്കും.
വൃക്ഷത്തെ തിരിച്ചറിയുന്നത് അതിന്റെ ഫലം
കൊണ്ടാണല്ലോ. 34സർപ്പ സന്തതികളേ,
ദുഷ്ടരായ നിങ്ങൾക്കു നല്ലതു സംസാരിക്കുവാൻ
എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു
കവിയുന്നതാണല്ലോ വായ് സംസാരിക്കുന്നത്.
35നല്ല മനുഷ്യൻ തന്നിൽ നിക്ഷേപിച്ചിരിക്കുന്ന
നന്മയിൽനിന്നു നല്ല കാര്യങ്ങൾ പുറപ്പെടുവി
ക്കുന്നു; ദുഷ്ട മനുഷ്യനോ തന്നിൽ നിക്ഷേപി
ച്ചിരിക്കുന്ന തിന്മയിൽനിന്നു ദോഷങ്ങൾ
പുറപ്പെടുവിക്കുന്നു. 36എന്നാൽ മനുഷ്യർ അല
സമായി സംസാരിക്കുന്ന ഓരോ വാക്കിനും
ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പി
ക്കേണ്ടിവരുമെന്നു ഞാൻ നിങ്ങളോടു പറയുന്നു.
37നിങ്ങളുടെ വാക്കുകളാൽ നിങ്ങൾ
കുററവിമുക്തരാകും; നിങ്ങളുടെ വാക്കുകളാൽ
തന്നേ നിങ്ങൾക്കു ശിക്ഷ വിധിക്കപ്പെടും."

*യോനായുടെ അടയാളം*

38അപ്പോൾ പരീശന്മാരിലും വേദജ്ഞരിലും
ചിലർ അദ്ദേഹത്തോട്, "ഗുരോ, അങ്ങയിൽ നിന്ന്
അത്ഭുതകരമായ ഒരടയാളം കാണുവാൻ
ഞങ്ങൾ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞു.
39യേശു ഉത്തരം പറഞ്ഞു: "ദുഷ്ടതയും
വ്യഭിചാരവും ഉള്ള തലമുറ അടയാളം അന്വേഷി
ക്കുന്നു! എന്നാൽ യോനാപ്രവാചകന്റെ അട
യാളമല്ലാതെ മററൊന്നും അതിനു നല്കപ്പെടു
കയില്ല. 40യോനാ മൂന്നു പകലും മൂന്നു രാവും
ഒരു വലിയ മത്സ്യത്തിന്റെ വയററിലായിരു
ന്നതുപോലെ മനുഷ്യപുത്രനും മൂന്നു പകലും
മൂന്നു രാവും ഭൂമിക്കുള്ളിൽ ആയിരിക്കും.
41നീനെവേയിലെ മനുഷ്യർ ന്യായവിധിയിൽ ഈ
തലമുറയോടൊപ്പം ഉയിർത്തെഴുന്നേററ് അതിനു
ശിക്ഷ വിധിക്കും; അവർ യോനായുടെ പ്രസംഗം
കേട്ട് അനുതപിച്ചുവല്ലോ; ഇവിടെയിതാ,
യോനായെക്കാൾ ശ്രേഷ്ഠനായ ഒരാൾ. 42തെ
ക്കേദേശത്തെ രാജ്ഞി ന്യായവിധിയിൽ ഈ
തലമുറയോടൊപ്പം ഉയിർത്തെഴുന്നേററ് അതിനു
ശിക്ഷവിധിക്കും: അവൾ ശലോമോന്റെ ജ്ഞാനം
കേൾക്കുവാൻ ഭൂമിയുടെ അതിരുകളിൽനിന്നു
വന്നുവല്ലോ; ഇവിടെയിതാ, ശലോ
മോനെക്കാളും വലിയവൻ.
43"ദുരാത്മാവ്[a] ഒരു മനുഷ്യനിൽനിന്നു
പുറത്തുകടന്ന്, വെള്ളമില്ലാത്ത പ്രദേശങ്ങ
ളിൽകൂടി വിശ്രമം തേടി സഞ്ചരിക്കുന്നു. അതു
കണ്ടെത്താൻ കഴിയാതെ, 44'ഞാൻ വിട്ടുപോന്ന
വീട്ടിലേക്കു തിരികെച്ചെല്ലും' എന്നു പറയുന്നു.
അങ്ങനെ ചെല്ലുമ്പോൾ ആ വീട് ഒഴിഞ്ഞും
അടിച്ചുവാരിയും ക്രമീകരിക്കപ്പെട്ടും കാണുന്നു.
45അപ്പോൾ അതു പോയി തന്നെക്കാൾ ദുഷ്ടത
യേറിയ വേറെ ഏഴ് ആത്മാക്കളെക്കൂടി കൂട്ടി
ക്കൊണ്ടുവരികയും അവർ അവിടെ പ്രവേശിച്ചു
പാർക്കുകയും ചെയ്യുന്നു. ആ മനുഷ്യന്റെ
ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ
വഷളാകുന്നു. ഈ ദുഷിച്ച തലമുറയുടെ
സ്ഥിതിയും അങ്ങനെതന്നെ ആയിരിക്കും."

*യേശുവിൻെറ അമ്മയും സഹോദരന്മാരും*

46യേശു ജനക്കൂട്ടത്തോടു സംസാരിച്ചു
കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ അമ്മയും
സഹോദരന്മാരും അദ്ദേഹത്തോടു സംസാരി
ക്കാൻ ആഗ്രഹിച്ചുകൊണ്ട് പുറത്തുവന്നു നിന്നു.
47"അങ്ങയുടെ അമ്മയും സഹോദരന്മാരും
അങ്ങയോടു സംസാരിക്കുവാൻ ആഗ്രഹിച്ചു
കൊണ്ട് പുറത്തുനില്ക്കുന്നു" എന്ന് ഒരാൾ
അദ്ദേഹത്തോടു പറഞ്ഞു.
48"ആരാണ് എന്റെ അമ്മ? ആരാണ് എന്റെ
സഹോദരന്മാർ?" അദ്ദേഹം അയാളോടു
ചോദിച്ചു. 49പിന്നെ ശിഷ്യന്മാരെ ചൂണ്ടി
ക്കാണിച്ചിട്ട് അദ്ദേഹം, "ഇവരത്രേ എന്റെ അമ്മ
യും എന്റെ സഹോദരന്മാരും. 50എന്റെ സ്വർഗ്ഗ
സ്ഥപിതാവിന്റെ ഇഷ്ടം ചെയ്യുന്ന ഏതൊരാളും
എന്റെ സഹോദരനും സഹോദരിയും അമ്മയും
ആകുന്നു" എന്നു പറഞ്ഞു.

*വിതയ്ക്കുന്നവൻെറ ഉപമ*

13 അന്നുതന്നേ യേശു വീട്ടിൽനിന്നു പുറ
പ്പെട്ട് കടൽത്തീരത്ത് ഇരുന്നു. 2വമ്പിച്ച
ജനസമൂഹം തനിക്കുചുററും തിങ്ങിക്കൂടിയതു
കൊണ്ട് അദ്ദേഹം ഒരു വഞ്ചിയിൽക്കയറി ഇരുന്നു;
ജനമെല്ലാം കരയിൽ നിന്നു. 3അനന്തരം അദ്ദേഹം
അവരോടു വളരെ കാര്യങ്ങൾ ഉപമകളിലൂടെ
സംസാരിച്ചു. അദ്ദേഹം പറഞ്ഞു: "ഒരു
കൃഷിക്കാരൻ വിത്തു വിതയ്ക്കുവാൻ പുറപ്പെട്ടു.
4വിതയ്ക്കുമ്പോൾ ചിലതു വഴിയരികെ വീണു.
പക്ഷികൾ വന്ന് അതു തിന്നു കളഞ്ഞു. 5ചിലതു
മണ്ണ് അധികമില്ലാത്ത പാറമേൽ വീണു. മണ്ണിനു
താഴ്ച കുറവായിരുന്നതുകൊണ്ട് അതു വേഗം
മുളച്ചുവന്നു. 6എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ
അത് വെയിലേറ്റുവാടി; വേരില്ലാതിരുന്നതു
കൊണ്ട് വേഗം കരിഞ്ഞുപോയി. 7മറ്റു ചിലതു
മുള്ളുകൾക്കിടയിൽ വീണു; മുള്ളുകൾ വളർന്നു
ചെടികളെ ഞെരുക്കിക്കളഞ്ഞു. 8വേറെ ചിലത്
നല്ല മണ്ണിൽ വീണു; നൂറും അറുപതും മുപ്പതും
മേനി വിളവുണ്ടായി. 9ചെവിയുള്ളവൻ

[a] 43 ഗ്രീക്കിൽ *അശുദ്ധാത്മാവ്*

കേൾക്കട്ടെ."
10ശിഷ്യന്മാർ അദ്ദേഹത്തിന്റെ അടുക്കൽ വന്ന്,
"അങ്ങു ജനങ്ങളോട് ഉപമകളിലൂടെ സംസാരി
ക്കുന്നതെന്തുകൊണ്ട്?"എന്നു ചോദിച്ചു.
11അദ്ദേഹം മറുപടി പറഞ്ഞു: "സ്വർഗ്ഗരാജ്യ
ത്തിന്റെ മർമ്മങ്ങൾ ഗ്രഹിക്കുവാൻ നിങ്ങൾക്കു
വരം ലഭിച്ചിരിക്കുന്നു; അവർക്കോ അതു
ലഭിച്ചിട്ടില്ല. 12ഉള്ളവന് അധികം ലഭിക്കും; അവനു
സമൃദ്ധിയുണ്ടാകും. ഇല്ലാത്തവന്റെ പക്കൽ
നിന്നോ അവനുള്ളതുകൂടി എടുത്തുകളയും.
13"അവർ കാണുന്നുവെങ്കിലും
കാണുന്നില്ല;
അവർ കേൾക്കുന്നുവെങ്കിലും
കേൾക്കുകയോ ഗ്രഹിക്കുകയോ
ചെയ്യുന്നില്ല.
അതുകൊണ്ടാണ് ഞാൻ അവരോടു
ഉപമകളിലൂടെ സംസാരിക്കുന്നത്.
14'നിങ്ങൾ എപ്പോഴും
കേട്ടുകൊണ്ടിരിക്കും;
എന്നാൽ ഒരിക്കലും ഗ്രഹിക്കയില്ല;
നിങ്ങൾ എപ്പോഴും
കണ്ടുകൊണ്ടിരിക്കും;
എന്നാൽ ഒരിക്കലും
മനസ്സിലാക്കുകയില്ല.
15ഈ ജനങ്ങളുടെ
ഹൃദയം മരവിച്ചിരിക്കുന്നു;
അവർ തങ്ങളുടെ ചെവികൊണ്ടു
കേൾക്കുന്നതേയില്ല. അവരുടെ കണ്ണുകൾ
അടഞ്ഞിരിക്കുന്നു.
അങ്ങനെയല്ലായിരുന്നെങ്കിൽ അവർ
തങ്ങളുടെ കണ്ണുകൊണ്ടു കാണുകയും
ചെവികൊണ്ടുകേൾക്കുകയും
ഹൃദയംകൊണ്ടു ഗ്രഹിക്കുകയും
ചെയ്തിട്ടു മാനസാന്തരപ്പെടുകയും ഞാൻ
അവരെ സൗഖ്യമാക്കുകയും ചെയ്യുമായി
രുന്നു.'[a]
എന്നുള്ള യെശയ്യാവിൻെറ പ്രവചനം
ഇവരിൽ നിറവേറിയിരിക്കുന്നു.
16"എന്നാൽ നിങ്ങളുടെ കണ്ണു കാണു
ന്നതുകൊണ്ടും ചെവി കേൾക്കുന്നതുകൊണ്ടും
അവ അനുഗ്രഹിക്കപ്പെട്ടവ. 17എന്തുകൊണ്ടെ
ന്നാൽ അനേകം പ്രവാചകന്മാരും രാജാക്ക
ന്മാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹി
ച്ചുവെങ്കിലും കണ്ടില്ല, നിങ്ങൾ കേൾക്കുന്നവ
കേൾക്കാൻ ആഗ്രഹിച്ചുവെങ്കിലും കേട്ടില്ല
എന്നു ഞാൻ നിങ്ങളോടു പറയുന്നു.''
18"അതുകൊണ്ട് വിതയ്ക്കുന്നവന്റെ ഉപമ
യുടെ അർത്ഥം ശ്രദ്ധിക്കുവിൻ: 19ഒരാൾ രാജ്യ
ത്തിന്റെ വചനം കേട്ടിട്ടു മനസ്സിലാക്കാതിരി
ക്കുമ്പോൾ ദുഷ്ടൻ വന്ന്, അയാളുടെ ഹൃദയ
ത്തിൽ വിതയ്ക്കപ്പെട്ടത് അപഹരിക്കുന്നു. ഇതാ
ണു വഴിയരികിൽ വിതച്ച വിത്ത്. 20പാറ
സ്ഥലങ്ങളിൽ വിതയ്ക്കപ്പെട്ടതോ, വചനം കേട്ടിട്ട്
ഉടൻതന്നേ അതു സന്തോഷത്തോടെ
സ്വീകരിക്കുന്ന മനുഷ്യനാണ്. 21എന്നാൽ
അയാൾ വേരില്ലാത്തവനായതുകൊണ്ടു കുറച്ചു
കാലത്തേക്കു മാത്രമേ നിലനില്ക്കുന്നുള്ളു.
വചനംനിമിത്തം പ്രയാസമോ പീഡനമോ
ഉണ്ടാകുമ്പോൾ അയാൾ വേഗം വീണുപോകു
ന്നു. 22മുള്ളുകൾക്കിടയിൽ വിതയ്ക്കപ്പെട്ടതോ,
ഒരാൾ വചനം കേൾക്കുന്നുവെങ്കിലും ഈ
ജീവിതത്തിലെ ആകുലചിന്തകളും ധനത്തിന്റെ
വഞ്ചനയും അതിനെ ഞെരിച്ചു ഫലശൂന്യ
മാക്കിത്തീർക്കുന്നതാണ്. 23നല്ല മണ്ണിൽ വിത
യ്ക്കപ്പെട്ടതാകട്ടെ, വചനം കേൾക്കുകയും ഗ്രഹി
ക്കുകയും ചെയ്യുന്നവരത്രേ. അതിൽ നിന്നും നൂറും
അറുപതും മുപ്പതും മേനി വിളവുണ്ടാകുന്നു."

*കളകളുടെ ഉപമ*

24യേശു അവരോടു മറെറാരു ഉപമ പറഞ്ഞു:
"തന്റെ വയലിൽ നല്ല വിത്തു വിതച്ച ഒരു മനു
ഷ്യനോടു സ്വർഗ്ഗരാജ്യത്തെ ഉപമിക്കാം. 25എ
ന്നാൽ, എല്ലാവരും ഉറങ്ങുമ്പോൾ ശത്രു വന്ന്
ഗോതമ്പിനിടയിൽ കള വിതച്ചിട്ടു പൊയ്ക്ക
ളഞ്ഞു. 26ഗോതമ്പു മുളച്ചുവളർന്നപ്പോൾ
കളയും കാണപ്പെട്ടു.
27"ഉടമസ്ഥന്റെ വേലക്കാർ അയാളുടെ അടു
ക്കൽ വന്നിട്ട്, 'യജമാനനേ, അങ്ങു നല്ല വിത്ത
ല്ലയോ വയലിൽ വിതച്ചത്? പിന്നെ, കളകൾ
എവിടെനിന്നു വന്നു?' എന്നു ചോദിച്ചു.
28" 'ഇതു ശത്രു ചെയ്തതത്രേ' അയാൾ
ഉത്തരം പറഞ്ഞു.
"വേലക്കാർ അയാളോട്: 'ഞങ്ങൾ ചെന്ന് അവ
പറിച്ചുകൂട്ടട്ടെയോ?' എന്നു ചോദിച്ചു.
29"അയാൾ അവരോടു മറുപടി പറഞ്ഞു:
'വേണ്ടാ, കളപറിക്കുമ്പോൾ നിങ്ങൾ അതിനോ
ടൊപ്പം ഗോതമ്പും പിഴുതുകളഞ്ഞെന്നു വരാം.
30 വിളവെടുപ്പുവരെ രണ്ടും ഒന്നിച്ചു വളരട്ടെ.
അപ്പോൾ ഞാൻ കൊയ്ത്തുകാരോട്, ആദ്യം
കളകൾ ശേഖരിച്ചു ചുട്ടുകളയേണ്ടതിനു കററ
കളാക്കി കെട്ടുവിൻ, പിന്നെ ഗോതമ്പു ശേഖരിച്ച്
എന്റെ കളപ്പുരയിലേക്കു കൊണ്ടുവരുവിൻ'
എന്നു പറയും."

*കടുകുമണിയുടെയും പുളിമാവിൻെറയും ഉപമ*

31അദ്ദേഹം അവരോടു മറെറാരു ഉപമ
പറഞ്ഞു: "സ്വർഗ്ഗരാജ്യം ഒരു കടുകുമണിയോടു
സദൃശം; അത് ഒരു മനുഷ്യൻ എടുത്തു തന്റെ
വയലിൽ നട്ടു. 32അത് എല്ലാ വിത്തുകളിലും

[a] 15 യെശയ്യാവ് 6: 9, 10

ചെറുതെങ്കിലും വളർച്ച പ്രാപിക്കുമ്പോൾ
ഉദ്യാനസസ്യങ്ങളിൽ ഏറ്റവും വലുതായ ഒരു
വൃക്ഷമായിത്തീരുകയും ആകാശത്തിലെ
പക്ഷികൾ വന്ന് അതിന്റെ ശാഖകളിൽ
വിശ്രമിക്കുകയും ചെയ്യുന്നു."

33അദ്ദേഹം അവരോടു വേറൊരു ഉപമ
പറഞ്ഞു: "സ്വർഗ്ഗരാജ്യം പുളിച്ചമാവിനോടു
സദൃശം. അത് ഒരു സ്ത്രീ എടുത്ത് മൂന്നു പറ[a]
മാവിൽ, അതു മുഴുവൻ പുളിച്ചുവരുന്നതുവരെ,
ചേർത്തുവച്ചു."

34യേശു ജനക്കൂട്ടത്തോട് ഈ കാര്യങ്ങളെല്ലാം
ഉപമകളിലൂടെയാണു സംസാരിച്ചത്;
ഉപമകളിലൂടെയല്ലാതെ അദ്ദേഹം അവരോട്
ഒരു കാര്യവും പറഞ്ഞില്ല.

35"ഉപമ സംസാരിക്കുവാൻ ഞാൻ എന്റെ
വായ് തുറക്കും; ലോകാരംഭംമുതൽ
ഗൂഢമായിരിക്കുന്ന കാര്യങ്ങൾ ഞാൻ
ഉച്ചരിക്കും."[b]

എന്നു പ്രവാചകനിലൂടെ അരുളിച്ചെയ്തിരു
ന്നത് ഇങ്ങനെ നിറവേറി.

*കളയുടെ ഉപമ വിശദീകരിക്കുന്നു*

36അനന്തരം അദ്ദേഹം ജനക്കൂട്ടത്തെ വിട്ടു
വീട്ടിലേക്കു പോയി. ശിഷ്യന്മാർ അദ്ദേഹത്തിന്റെ
അടുക്കൽവന്ന്, "വയലിലെ കളയുടെ ഉപമ
ഞങ്ങൾക്കു വിശദീകരിച്ചു തരണം" എന്നു
പറഞ്ഞു.

37അദ്ദേഹം ഉത്തരം പറഞ്ഞു: "നല്ല വിത്തു
വിതയ്ക്കുന്നതു മനുഷ്യപുത്രനാണ്. 38വയൽ
ലോകമത്രേ; നല്ല വിത്തു രാജ്യത്തിന്റെ പുത്ര
ന്മാരെ കുറിക്കുന്നു; കളകൾ ദുഷ്ടന്റെ പുത്ര
ന്മാരാകുന്നു. 39അവയെ വിതയ്ക്കുന്ന ശത്രുവോ
പിശാചുതന്നേ. വിളവെടുപ്പു ലോകാവസാനവും
കൊയ്ത്തുകാർ ദൂതന്മാരും ആകുന്നു.

40"കളകൾ പിഴുതെടുത്തു തീയിൽ ചുട്ടു
കളയുന്നതുപോലെ ലോകാവസാനത്തിൽ
സംഭവിക്കും. 41മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ
അയയ്ക്കും. അവർ അദ്ദേഹത്തിന്റെ രാജ്യ
ത്തിൽനിന്നു പാപകാരണമായ എല്ലാററിനെയും
അധർമ്മം പ്രവർത്തിക്കുന്നവരെയും നീക്കി
ക്കളയും. 42അവർ അവരെ തീച്ചൂളയിൽ ഇട്ടു
കളയും; അവിടെ കരച്ചിലും പല്ലുകടിയും
ഉണ്ടാകും. 43അപ്പോൾ നീതിമാന്മാർ തങ്ങളുടെ
പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ
പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ".

*നിഗൂഢമായ നിധിയുടെയും*
*മുത്തിൻെറയും ഉപമ*

44"സ്വർഗ്ഗരാജ്യം വയലിൽ മറഞ്ഞിരിക്കുന്ന
നിധിയോടു സദൃശം. ഒരു മനുഷ്യൻ അതു
കണ്ടെത്തിയിട്ടു മറച്ചുവച്ചു. പിന്നെ ആഹ്ലാദ
ത്തോടെ പോയി, തനിക്കുണ്ടായിരുന്നതെല്ലാം
വിററ് ആ വയൽ വാങ്ങി.

45"സ്വർഗ്ഗരാജ്യം നല്ല രത്നങ്ങൾ അന്വേഷി
ക്കുന്ന വ്യാപാരിയോടു സദൃശം. 46അയാൾ വില
യേറിയ ഒരു രത്നം കണ്ടെത്തിയിട്ടു പോയി തന്റെ
സർവ്വസ്വവും വിറ്റ് അതു വാങ്ങി.

*വലയുടെ ഉപമ*

47"എല്ലാ ഇനം മത്സ്യത്തെയും ശേഖരിക്കു
വാൻ കടലിൽ ഇറക്കിയ വലയോടും സ്വർഗ്ഗ
രാജ്യത്തെ ഉപമിക്കാം. 48വല നിറഞ്ഞപ്പോൾ
അവർ അതു കരയിലേക്കു വലിച്ചുകയററി. അവർ
ഇരുന്നു നല്ല മത്സ്യം കുട്ടകളിൽ ശേഖരിക്കുകയും
കൊള്ളരുതാത്തവ എറിഞ്ഞു കളയുകയും
ചെയ്തു. 49യുഗാന്ത്യത്തിലും ഇതു പോലെ
സംഭവിക്കും. ദൂതന്മാർ വന്ന് നീതിമാന്മാരുടെ
ഇടയിൽ നിന്നു ദുഷ്ടന്മാരെ വേർതിരിച്ചു
50തീച്ചൂളയിൽ ഇട്ടുകളയും. അവിടെ വിലാപവും
പല്ലുകടിയും ഉണ്ടാകും"

51"ഈ കാര്യങ്ങളെല്ലാം നിങ്ങൾ ഗ്രഹി
ച്ചുവോ?" യേശു അവരോടു ചോദിച്ചു.

"ഉവ്വ്" അവർ ഉത്തരം പറഞ്ഞു.

52അദ്ദേഹം അവരോട്; "അതുകൊണ്ടു സ്വർഗ്ഗ
രാജ്യത്തിനു ശിഷ്യനായിത്തീർന്ന ഓരോ വേദ
ജ്ഞനും തന്റെ നിക്ഷേപങ്ങളിൽനിന്നു പഴയതും
പുതിയതും എടുത്തുകൊടുക്കുന്ന ഒരു വീട്ടു
ടമസ്ഥനു തുല്യനാണ്" എന്നു പറഞ്ഞു.

*ആദരവു ലഭിക്കാത്ത പ്രവാചകൻ*

53ഈ ഉപമകൾ പറഞ്ഞതിനുശേഷം യേശു
അവിടെനിന്നു യാത്രയായി. 54അദ്ദേഹം
സ്വന്തനഗരത്തിലെത്തി പള്ളിയിൽവച്ചു ജന
ത്തെ ഉപദേശിച്ചുതുടങ്ങി. അവർ ആശ്ചര്യപ്പെട്ടു.
"ഇയാൾക്ക് ഈ വിവേകവും അത്ഭുത
ശക്തികളും എവിടെനിന്നു ലഭിച്ചു? 55ഇയാൾ
ആ തച്ചന്റെ മകനല്ലേ? ഇയാളുടെ അമ്മയുടെ
പേരു മറിയ എന്നല്ലേ? യാക്കോബ്, യോസേഫ്,
ശിമോൻ, യൂദാ എന്നിവർ ഇയാളുടെ സഹോ
ദരന്മാരല്ലേ? 56ഇയാളുടെ സഹോദരിമാരും
നമ്മോടൊപ്പം ഉണ്ടല്ലോ. പിന്നെ, ഇയാൾക്ക്
ഇതെല്ലാം എവിടെനിന്നു ലഭിച്ചു?" എന്ന് അവർ
ചോദിച്ചു. 57അങ്ങനെ അദ്ദേഹത്തിൻെറനേരെ
അവർക്ക് ഇടർച്ചയുണ്ടായി.

എന്നാൽ യേശു അവരോട്: "ഒരു പ്രവാചകനു
സ്വന്തം പട്ടണത്തിലും സ്വന്തം ഭവനത്തിലും
മാത്രമേ ആദരവു ലഭിക്കാതിരിക്കുന്നുള്ളൂ"
എന്നു പറഞ്ഞു.

58അവരുടെ അവിശ്വാസം നിമിത്തം അദ്ദേഹം
അവിടെ അധികം അടയാളങ്ങൾ പ്രവർത്തിച്ചില്ല.

[a] 33 ഗ്രീക്കിൽ *മൂന്നു സത* ( ഏകദേശം 22 ലിറ്റർ ) [b] 35 സങ്കീർത്തനം 78: 2

### *യോഹന്നാൻ സ്നാപകൻെറ ശിരച്ഛേദം*

14 ആ കാലത്ത് സാമന്തരാജാവായ
ഹെരോദാവ് യേശുവിനെക്കുറിച്ചുള്ള
വാർത്തകൾ കേട്ട്, 2തന്റെ സേവകന്മാരോട്:
"ഇതു യോഹന്നാൻസ്നാപകൻ തന്നേ;
അദ്ദേഹം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേ
റ്റിരിക്കുന്നു! അതുകൊണ്ടാണ് അദ്ദേഹത്തിൽ
ഈ അത്ഭുതശക്തികൾ വ്യാപരിക്കുന്നത്"
എന്നു പറഞ്ഞു.
3ഹെരോദാവു തന്റെ സഹോദരനായ ഫിലി
പ്പൊസിന്റെ ഭാര്യ ഹെരോദ്യനിമിത്തം യോഹ
ന്നാനെ ബന്ധിച്ചു കാരാഗൃഹത്തിലാക്കി
യിരുന്നു. കാരണം, 4"അവളെ നീ സ്വന്തമാ
ക്കിയിരിക്കുന്നതു നിയമവിരുദ്ധമത്രേ" എന്നു
യോഹന്നാൻ അദ്ദേഹത്തോടു പറഞ്ഞിരുന്നു.
5ഹെരോദാവു യോഹന്നാനെ വധിക്കാൻ
ആഗ്രഹിച്ചു. എങ്കിലും ജനങ്ങൾ അദ്ദേഹത്തെ
പ്രവാചകനായി കരുതിയിരുന്നതിനാൽ
അയാൾ അവരെ ഭയപ്പെട്ടു.
6ഹെരോദാവിന്റെ ജന്മദിനത്തിൽ ഹെരോദ്യ
യുടെ പുത്രി രാജസദസ്സിൽ നൃത്തംചെയ്ത്,
7അവൾ എന്തുതന്നേ ചോദിച്ചാലും കൊടു
ക്കാമെന്നു ശപഥം ചെയ്യുവാൻ തക്കവണ്ണം
അദ്ദേഹത്തെ സന്തോഷിപ്പിച്ചു. 8"യോഹന്നാന്റെ
തല ഒരു തളികയിൽ എനിക്കു തരേണം" എന്ന്
അമ്മയുടെ പ്രേരണയനുസരിച്ച് അവൾ
അപേക്ഷിച്ചു. 9രാജാവു ദുഃഖിതനായി. എന്നാൽ
താൻ ചെയ്തുപോയ ശപഥം നിറവേറേണ്ടതു
കൊണ്ടും, വിരുന്നിൽ പങ്കെടുത്ത അതിഥികൾ
നിമിത്തവും അവളുടെ അപേക്ഷയനുസരിച്ചു
ചെയ്യുവാൻ ആജ്ഞ നൽകി. 10അങ്ങനെ
കാരാഗൃഹത്തിൽവച്ചു യോഹന്നാനെ ശിര
ച്ഛേദം ചെയ്യിച്ചു; 11അദ്ദേഹത്തിന്റെ തല ഒരു
തളികയിൽ കൊണ്ടുവന്ന് ആ പെൺകുട്ടിക്കു
കൊടുത്തു. അവൾ അത് അമ്മയുടെ അടുത്തു
കൊണ്ടുപോയി. 12യോഹന്നാന്റെ ശിഷ്യന്മാർ
വന്ന് അദ്ദേഹത്തിന്റെ ശരീരം എടുത്തു സംസ്ക
രിച്ചു. പിന്നെ അവർ ചെന്ന് യേശുവിനെ
അറിയിച്ചു.

### *അയ്യായിരം പേർക്ക് ആഹാരം നല്കുന്നു*

13യേശു ഇതു കേട്ടിട്ട് വഞ്ചിയിൽ കയറി
അവിടെനിന്നും തനിച്ച് ഒരു നിർജ്ജന
സ്ഥലത്തേക്കു പോയി. ജനക്കൂട്ടം ഇതുകേട്ട്
പട്ടണങ്ങളിൽനിന്നു കാൽനടയായി അദ്ദേ
ഹത്തെ പിൻചെന്നു. 14യേശു കരയ്ക്ക് ഇറങ്ങി
യപ്പോൾ ഒരു വലിയ ജനസമൂഹത്തെ കണ്ടു;
അദ്ദേഹം അവരോടു മനസ്സലിഞ്ഞ് അവരുടെ
രോഗികളെ സൗഖ്യമാക്കി.
15സന്ധ്യയായപ്പോൾ ശിഷ്യന്മാർ അദ്ദേ
ഹത്തിന്റെ അടുക്കൽവന്ന്, "ഇതൊരു നിർജ്ജന
സ്ഥലമാണ്; നേരം വൈകിയിരിക്കുന്നു.
ജനങ്ങൾ ഗ്രാമങ്ങളിൽചെന്ന് അവർക്കു
വേണ്ടുന്ന ആഹാരം വാങ്ങേണ്ടതിന് അവരെ
പറഞ്ഞയച്ചാലും" എന്നു പറഞ്ഞു.
16അതിന് യേശു, "അവർ പോകേണ്ട
കാര്യമില്ല; നിങ്ങൾ അവർക്ക് എന്തെങ്കിലും ഭക്ഷി
ക്കാൻ കൊടുക്കുവിൻ" എന്ന് ഉത്തരം പറഞ്ഞു.
17"ഞങ്ങളുടെ പക്കൽ അഞ്ച് അപ്പവും രണ്ടു
മീനും മാത്രമേ ഉള്ളൂ" അവർ മറുപടി
പറഞ്ഞു.
18"അത് ഇവിടെ കൊണ്ടുവരുവിൻ" യേശു
പറഞ്ഞു. 19യേശു ജനങ്ങളോടു പുല്പ്പുറത്ത്
ഇരിക്കുവാൻ കല്പിച്ചു. അദ്ദേഹം ആ അഞ്ച്
അപ്പവും രണ്ടു മീനും കൈയിൽ എടുത്തു
സ്വർഗ്ഗത്തിലേക്കു നോക്കി സ്തോത്രം ചെയ്തു
നുറുക്കി, ശിഷ്യന്മാരെ ഏല്പിച്ചു; ശിഷ്യന്മാർ
അതു ജനങ്ങൾക്കു കൊടുക്കുകയും ചെയ്തു.
20എല്ലാവരും തിന്നു തൃപ്തരായി. ശേഷിച്ച
അപ്പനുറുക്കുകൾ ശിഷ്യന്മാർ പന്ത്രണ്ടു കുട്ട
നിറയെ ശേഖരിച്ചു. 21ഭക്ഷിച്ചവരുടെ എണ്ണം
സ്ത്രീകളെയും കുട്ടികളെയും കൂടാതെ ഏക
ദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു.

### *യേശു വെള്ളത്തിനുമീതെ നടക്കുന്നു*

22യേശു ജനസമൂഹത്തെ പിരിച്ചുവിടു
ന്നതിനിടയിൽ, ശിഷ്യന്മാരെ പെട്ടെന്നു വഞ്ചി
യിൽ കയറ്റി തനിക്കു മുമ്പായി മറുകരയിലേക്ക്
അയച്ചു. 23അവരെ പിരിച്ചുവിട്ടതിനുശേഷം
അദ്ദേഹം പ്രാർത്ഥിക്കുന്നതിനു തനിയെ
മലയിലേക്കു കയറിപ്പോയി. സന്ധ്യയായപ്പോൾ
അദ്ദേഹം അവിടെ തനിച്ചായിരുന്നു. 24എന്നാൽ
കാറ്റു പ്രതികൂലമായിരുന്നതിനാൽ വഞ്ചി
തിരകളാൽ ഉലഞ്ഞ് കരയിൽനിന്നു വളരെദൂരം
പോയിരുന്നു.
25രാത്രിയുടെ നാലാംയാമത്തിൽ യേശു
തടാകത്തിനുമീതെകൂടി നടന്ന് അവരുടെ അടു
ക്കൽ എത്തി. 26അദ്ദേഹം തടാകത്തിന്റെ മീതെ
നടക്കുന്നതുകണ്ടു ശിഷ്യന്മാർ പരിഭ്രമിച്ചു.
"അതൊരു ഭൂതമാണ്" എന്നു പറഞ്ഞ് ഭയപ്പെട്ടു
നിലവിളിച്ചു.
27യേശു ഉടനേതന്നേ അവരോട്, "ധൈര്യ
പ്പെടുവിൻ, ഞാൻ ആകുന്നു, ഭയപ്പെടേണ്ടാ"
എന്നു പറഞ്ഞു.
28"കർത്താവേ, അത് അങ്ങ് ആകുന്നു
വെങ്കിൽ, വെള്ളത്തിന്മീതെ നടന്ന് അങ്ങയുടെ
അടുത്തെത്തുവാൻ എന്നോടു കല്പിക്കണമേ"
- പത്രൊസ് പറഞ്ഞു.
29"വരിക", അദ്ദേഹം പറഞ്ഞു.
അപ്പോൾ പത്രൊസ് വഞ്ചിയിൽനിന്ന് ഇറങ്ങി

വെള്ളത്തിനുമീതെകൂടി യേശുവിന്റെ അടുത്തേ
ക്കു നടന്നു. 30എന്നാൽ അയാൾ കാററു കണ്ടു
പേടിച്ചു താഴുവാൻ തുടങ്ങി. "കർത്താവേ, എന്നെ
രക്ഷിക്കേണമേ" - അയാൾ നിലവിളിച്ചു.
31യേശു ഉടൻതന്നെ കൈനീട്ടി അയാളെ
പിടിച്ചു: "അല്പവിശ്വാസീ, നീ എന്തിനു
സംശയിച്ചു?" എന്നു ചോദിച്ചു.
32പിന്നെ, അവർ വഞ്ചിയിൽ കയറിയപ്പോൾ
കാററു ശമിച്ചു. 33വഞ്ചിയിൽ ഉണ്ടായിരുന്നവർ,
"അങ്ങു സത്യമായും ദൈവപുത്രൻതന്നേ"
എന്നു പറഞ്ഞ് അദ്ദേഹത്തെ ആരാധിച്ചു.
34അവർ അക്കരെ ഗന്നേസരെത്തിൽ എത്തി.
35ആ സ്ഥലത്തുള്ള ആളുകൾ യേശുവിനെ
തിരിച്ചറിഞ്ഞപ്പോൾ ചുററുമുള്ള എല്ലാ പ്രദേശ
ങ്ങളിലും വിവരം അറിയിച്ചു. ജനങ്ങൾ തങ്ങളുടെ
സകലരോഗികളെയും അദ്ദേഹത്തിന്റെ അടു
ക്കൽ കൊണ്ടുവരികയും 36അദ്ദേഹത്തിന്റെ
പുറംകുപ്പായത്തിന്റെ വിളുമ്പിൽ തൊടാൻ
രോഗികൾക്ക് അനുവാദം നൽകണമെന്നു
യാചിക്കുകയും ചെയ്തു; അദ്ദേഹത്തെ
സ്പർശിച്ച എല്ലാവർക്കും സൗഖ്യം ലഭിച്ചു.

### *ശുദ്ധിയും അശുദ്ധിയും*

15 യെരൂശലേമിൽനിന്നു ചില പരീശന്മാരും
വേദജ്ഞരും യേശുവിന്റെ അടുക്കൽ
വന്ന്, 2"അങ്ങയുടെ ശിഷ്യന്മാർ പൂർവ്വികരുടെ
പാരമ്പര്യം ലംഘിക്കുന്നതെന്ത്? അവർ ആഹാരം
കഴിക്കുന്നതിനുമുമ്പു കൈ കഴുകുന്നില്ലല്ലോ!"
എന്നു പറഞ്ഞു.
3യേശു മറുപടി പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ
പാരമ്പര്യം പാലിക്കുന്നതിനുവേണ്ടി ദൈവ
കല്പന ലംഘിക്കുന്നതെന്ത്? 4'മാതാപിതാ
ക്കളെ ബഹുമാനിക്കണം' [a] എന്നും 'പിതാവി
നെയോ മാതാവിനെയോ ശപിക്കുന്നവനെ
കൊന്നുകളയണം' [b] എന്നും ദൈവം കല്പിച്ചിരി
ക്കുന്നു. 5എന്നാൽ, ഒരുവൻ തന്റെ പിതാവി
നോടോ മാതാവിനോടോ, 'നിങ്ങൾക്ക് എന്നിൽ
നിന്നു ലഭിക്കേണ്ട സഹായം ദൈവത്തിനുള്ള
വഴിപാടത്രേ' എന്നു പറഞ്ഞാൽ, 6പിന്നെ അവൻ
പിതാവിനെ[c] ആദരിക്കേണ്ടതില്ല എന്നു നിങ്ങൾ
പറയുന്നു. ഇങ്ങനെ നിങ്ങളുടെ പാരമ്പര്യ
ത്തിന്റെപേരിൽ നിങ്ങൾ ദൈവവചനത്തെ
ഫലശൂന്യമാക്കുന്നു.
7"കപടഭക്തരേ, നിങ്ങളെപ്പററി,
8'ഈ ജനം അധരങ്ങളാൽ എന്നെ
ആദരിക്കുന്നു;
അവരുടെ ഹൃദയമോ
എന്നിൽനിന്ന് അകന്നിരിക്കുന്നു.
9അവർ എന്നെ വ്യർത്ഥമായി
ആരാധിക്കുന്നു; അവർ മനുഷ്യരുടെ
നിയമങ്ങൾ പ്രമാണങ്ങളായി
പഠിപ്പിക്കുന്നു.'[d]
എന്ന് യെശയ്യാവു പ്രവചിച്ചതു
ശരിതന്നെ."
10യേശു ജനക്കൂട്ടത്തെ തന്റെ അടുത്തേക്കു
വിളിച്ച്, "ശ്രദ്ധയോടെ കേട്ടു ഗ്രഹിച്ചുകൊൾവിൻ.
11മനുഷ്യന്റെ വായിലേക്കു ചെല്ലുന്നതല്ല,
പിന്നെയോ വായിൽനിന്നു പുറപ്പെടുന്നതത്രേ
അവനെ 'അശുദ്ധനാക്കുന്നത്' " എന്നു പറഞ്ഞു.
12ശിഷ്യന്മാർ അദ്ദേഹത്തെ സമീപിച്ച്, "ഈ
വചനം കേട്ട പരീശന്മാർ പ്രകോപിതരായി എന്ന്
അങ്ങ് അറിയുന്നുവോ?" എന്നു ചോദിച്ചു.
13അദ്ദേഹം ഉത്തരം പറഞ്ഞു: "സ്വർഗ്ഗ
സ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത എല്ലാ
തൈയും വേരോടെ പിഴുതു നീക്കപ്പെടും.
14അവരെ വിട്ടുകളയുവിൻ; അവർ അന്ധരായ
വഴികാട്ടികളാകുന്നു. അന്ധൻ അന്ധനെ
നയിച്ചാൽ ഇരുവരും കുഴിയിൽ വീഴും."
15"ആ ഉപമ ഞങ്ങൾക്കു വിശദീകരിച്ചു
തരണമേ" - പത്രൊസ് അപേക്ഷിച്ചു.
16"നിങ്ങൾ ഇപ്പോഴും ഇത്ര മന്ദബുദ്ധികളോ?"
യേശു അവരോടു ചോദിച്ചു. 17"വായിലേക്കു
ചെല്ലുന്നതെന്തും ആമാശയത്തിൽ എത്തിയ
തിനുശേഷം ശരീരത്തിനു പുറത്തുപോകുന്നു
വല്ലോ. 18എന്നാൽ വായിൽനിന്നു വരുന്ന
കാര്യങ്ങൾ ഹൃദയത്തിൽനിന്നു പുറപ്പെടുന്നവ
യാകുന്നു; അവയത്രേ ഒരുവനെ അശുദ്ധനാ
ക്കുന്നത്. 19ദുശ്ചിന്ത, കൊലപാതകം, വ്യഭി
ചാരം, ലൈംഗികാധർമ്മം, മോഷണം, കള്ള
സ്സാക്ഷ്യം, പരദൂഷണം എന്നിവ ഹൃദയത്തിൽ
നിന്നു പുറപ്പെടുന്നു; 20ഒരുവനെ അശുദ്ധനാ
ക്കുന്നത് ഇവയെല്ലാമാണ്; കഴുകാത്ത
കൈകൊണ്ട് ആഹാരം കഴിക്കുന്ന ഒരുവൻ
അശുദ്ധനായിത്തീരുന്നില്ല."

### *കനാന്യസ്ത്രീയുടെ വിശ്വാസം*

21യേശു ആ സ്ഥലം വിട്ട് സോരിന്റെയും
സീദോന്റെയും പ്രദേശങ്ങളിലേക്കു പോയി.
22അവിടെയുള്ള ഒരു കനാന്യസ്ത്രീ വന്ന്, "കർ
ത്താവേ, ദാവീദുപുത്രാ, എന്നോടു കനിവു
ണ്ടാകണമേ, എന്റെ മകളെ ഒരു ഭൂതം ബാധിച്ച്
കഠിനമായി പീഡിപ്പിക്കുന്നു" എന്നു നിലവിളിച്ചു
പറഞ്ഞു.
23യേശു ഒരു വാക്കും ഉത്തരം പറഞ്ഞില്ല.
അതുകൊണ്ട് ശിഷ്യന്മാർ അദ്ദേഹത്തിന്റെ
അടുക്കൽവന്ന്, "അവളെ പറഞ്ഞയയ്ക്കണമേ,
അവൾ നിലവിളിച്ചുകൊണ്ടു നമ്മുടെ പിന്നാലെ
വരുന്നുവല്ലോ!" എന്ന് അപേക്ഷിച്ചു.

[a] 4 പുറപ്പാട് 20:12; ആവർത്തനം 5:16 [b] 4 പുറപ്പാട് 21:17; ലേവ്യ 20:9
[c] 6 ചില കയ്യെഴുത്തുപ്രതികളിൽ, *പിതാവിനെയോ മാതാവിനെയോ*. [d] 9 യെശയ്യാവ് 29:13

24"യിസ്രായേലിലെ കാണാതെപോയ ആടു
കളുടെ അടുക്കലേക്കു മാത്രമാണ് എന്നെ അയ
ച്ചിരിക്കുന്നത്" അദ്ദേഹം ഉത്തരം പറഞ്ഞു.
25ആ സ്ത്രീ വന്ന് യേശുവിന്റെ മുമ്പിൽ
മുട്ടുകുത്തി, "കർത്താവേ, എന്നെ സഹായി
ക്കണമേ" എന്ന് അപേക്ഷിച്ചു.
26അതിന് യേശു, "മക്കളുടെ അപ്പം എടുത്തു
നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നത് ഉചിതമല്ല"
എന്നു മറുപടി പറഞ്ഞു.
27"ഉവ്വ്, കർത്താവേ, എന്നാൽ നായ്ക്കളും
അവയുടെ യജമാനന്മാരുടെ മേശയിൽ നിന്നു
വീഴുന്ന അപ്പനുറുക്കുകൾ തിന്നുന്നുണ്ടല്ലോ"
എന്ന് അവൾ പറഞ്ഞു.
28അപ്പോൾ യേശു: "സ്ത്രീയേ, നിന്റെ
വിശ്വാസം വലിയത്. നീ ആഗ്രഹിക്കുന്നതു
പോലെ ഭവിക്കട്ടെ" എന്ന് ഉത്തരം പറഞ്ഞു. ആ
സമയംമുതൽ അവളുടെ മകൾക്കു സൗഖ്യം
ലഭിച്ചു.

*യേശു നാലായിരം പേർക്ക് ആഹാരം നല്കുന്നു*

29യേശു അവിടംവിട്ടു ഗലീലക്കടലിന്റെ
തീരത്തുകൂടി സഞ്ചരിച്ചു. അദ്ദേഹം ഒരു മലമേൽ
കയറി, അവിടെ ഇരുന്നു. 30ഒരു വലിയ ജനക്കൂട്ടം
വന്നുകൂടി. അവർ മുടന്തർ, അംഗവൈക
ല്യമുള്ളവർ, അന്ധർ, ഊമർ എന്നിവരെയും
മററനേകരെയും കൊണ്ടുവന്ന് അദ്ദേഹത്തിന്റെ
കാല്ക്കൽ കിടത്തി; അദ്ദേഹം അവരെ
സൗഖ്യമാക്കി. 31ഊമർ സംസാരിക്കുന്നതും
അംഗവൈകല്യമുള്ളവർ സുഖപ്പെടുന്നതും
മുടന്തർ നടക്കുന്നതും അന്ധർ കാഴ്ച
പ്രാപിക്കുന്നതും കണ്ടു ജനങ്ങൾ ആശ്ചര്യ
പ്പെട്ടു.അവർ യിസ്രായേലിന്റെ ദൈവത്തെ
പുകഴ്ത്തി.
32യേശു ശിഷ്യന്മാരെ അടുക്കൽ വിളിച്ച്
അവരോടു പറഞ്ഞു: "എനിക്ക് ഈ ജനങ്ങളോട്
അനുകമ്പ തോന്നുന്നു. ഇവർ മൂന്നു ദിവസമായി
എന്നോടുകൂടെ പാർക്കുന്നു; ഇവർക്കു
ഭക്ഷിക്കുവാൻ ഒന്നുമില്ല. ഇവരെ വിശപ്പോടെ
പറഞ്ഞയയ്ക്കാൻ എനിക്ക് ഇഷ്ടമില്ല; അവർ
വഴിയിൽ തളർന്നു വീണുപോകും."
33അതിനു ശിഷ്യന്മാർ ചോദിച്ചു: "ഈ വലിയ
ജനക്കൂട്ടത്തിനു വേണ്ടത്ര ഭക്ഷണം ഈ
നിർജ്ജനപ്രദേശത്തു നമുക്ക് എവിടെനിന്നു
ലഭിക്കും?"
34യേശു അവരോടു ചോദിച്ചു: "നിങ്ങളുടെ
പക്കൽ എത്ര അപ്പം ഉണ്ട്?"
"ഏഴ്; കുറച്ചു ചെറിയ മീനും ഉണ്ട്"
അവർ മറുപടി പറഞ്ഞു.
35യേശു ജനക്കൂട്ടത്തോടു നിലത്തിരിക്കാൻ
കല്പിച്ചു. 36പിന്നെ അദ്ദേഹം ആ ഏഴ് അപ്പവും
മീനും എടുത്തു സ്തോത്രംചെയ്തു നുറുക്കി
ശിഷ്യന്മാരെ ഏല്പിക്കുകയും അവർ അതു
ജനങ്ങൾക്കു കൊടുക്കുകയും ചെയ്തു. 37അവർ
എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. ശേഷിച്ച
നുറുക്കുകൾ ശിഷ്യന്മാർ ഏഴു കുട്ട നിറയെ
ശേഖരിച്ചു. 38ഭക്ഷിച്ചവർ സ്ത്രീകളെയും
കുഞ്ഞുങ്ങളെയും കൂടാതെ നാലായിരം പേർ
ആയിരുന്നു. 39ജനസമൂഹത്തെ പറഞ്ഞയച്ച
ശേഷം യേശു വഞ്ചിയിൽ കയറി മഗദാ ദേശ
ത്തേക്കു പോയി.

*അടയാളം ആവശ്യപ്പെടുന്നു*

16 പരീശന്മാരും സദൂക്യരും യേശുവിന്റെ
അടുക്കൽവന്ന് അദ്ദേഹത്തെ പരീക്ഷി
ക്കുന്നതിനായി സ്വർഗ്ഗത്തിൽനിന്ന് ഒരടയാളം
കാണിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു.
2യേശു ഉത്തരം പറഞ്ഞു: "സന്ധ്യയാകു
മ്പോൾ, ആകാശം ചുവന്നിരിക്കുന്നതുകൊണ്ടു
കാലാവസ്ഥ നന്നായിരിക്കുമെന്നും 3പ്രഭാത
ത്തിൽ ആകാശം ചുവന്നും ഇരുണ്ടും ഇരിക്കു
ന്നതിനാൽ ഇന്നു കാററും മഴയും ഉണ്ടാകുമെ
ന്നും നിങ്ങൾ പറയുന്നു. ആകാശത്തിന്റെ
ഭാവഭേദങ്ങൾ തിരിച്ചറിയാൻ നിങ്ങൾക്കു സാധി
ക്കുമല്ലോ; എന്നാൽ കാലത്തിന്റെ ലക്ഷണങ്ങൾ
വിവേചിച്ചറിയുവാൻ നിങ്ങൾക്കു കഴിയുന്നുമില്ല.
4ദുഷ്ടതയും വ്യഭിചാരവും ഉള്ള തലമുറ
അടയാളം അന്വേഷിക്കുന്നു. എന്നാൽ യോനാ
യുടെ അടയാളമല്ലാതെ മററൊന്നും അതിനു
ലഭിക്കുകയില്ല." പിന്നെ യേശു അവരെ
വിട്ടുപോയി.

*പരീശരുടെയും സദൂക്യരുടെയും പുളിമാവ്*

5അവർ തടാകത്തിന്റെ മറുകരയിലേക്കു
പോയപ്പോൾ, ശിഷ്യന്മാർ അപ്പം എടുക്കാൻ
മറന്നുപോയി. 6യേശു അവരോട്, "ജാഗ്രതയു
ള്ളവരായിരിപ്പിൻ, പരീശരുടെയും സദൂക്യ
രുടെയും പുളിച്ചമാവു സൂക്ഷിച്ചുകൊൾവിൻ"
എന്നു പറഞ്ഞു.
7ഇതിനെപ്പററി അവർ അന്യോന്യം പറഞ്ഞു:
"നാം അപ്പം കൊണ്ടുവരാഞ്ഞതുകൊണ്ടായി
രിക്കാം അങ്ങനെ പറഞ്ഞത്."
8യേശു അതു മനസ്സിലാക്കിയിട്ട് അവരോടു
ചോദിച്ചു: "അല്പവിശ്വാസികളേ, അപ്പം
ഇല്ലാത്തതിനെക്കുറിച്ചു നിങ്ങൾ തമ്മിൽ
ത്തമ്മിൽ സംസാരിക്കുന്നതെന്ത്? 9നിങ്ങൾ
ഇപ്പോഴും ഗ്രഹിക്കുന്നില്ലയോ? അയ്യായിരം
പേർക്കുകൊടുത്ത അഞ്ച് അപ്പത്തിന്റെ കാര്യവും
എത്ര കുട്ട നിറച്ചെടുത്തു എന്നതും
നിങ്ങൾ ഓർക്കുന്നില്ലേ? 10അല്ലെങ്കിൽ നാലാ
യിരം പേർക്കു കൊടുത്ത ഏഴ് അപ്പത്തിന്റെ
കാര്യവും എത്ര കുട്ട ശേഖരിച്ചു എന്നതും മറന്നു

പോയോ? 11ഞാൻ നിങ്ങളോടു സംസാരിച്ചത് അപ്പത്തിന്റെ കാര്യമല്ല എന്നു നിങ്ങൾ ഗ്രഹിക്കാഞ്ഞതെന്ത്? എന്നാൽ, പരീശരുടെയും സദൂക്യരുടെയും പുളിച്ചമാവ് സൂക്ഷിച്ചുകൊള്ളുവിൻ." 12അദ്ദേഹം തങ്ങളോടു ജാഗ്രത പുലർത്തണമെന്നു പറഞ്ഞുകൊണ്ടിരുന്നതു അപ്പത്തിനു ഉപയോഗിക്കുന്ന പുളിമാവിനെ സംബന്ധിച്ചല്ല, പിന്നെയോ പരീശരുടെയും സദൂക്യരുടെയും ഉപദേശത്തെ സംബന്ധിച്ചാണ് എന്ന് അപ്പോൾ അവർ മനസ്സിലാക്കി.

*പത്രൊസിൻെറ ഏറ്റുപറച്ചിൽ*

13യേശു കൈസര്യഫിലിപ്പിപ്രദേശത്തു എത്തിയപ്പോൾ ശിഷ്യന്മാരോട്: "മനുഷ്യപുത്രൻ ആരാകുന്നുവെന്നാണു ജനങ്ങൾ പറയുന്നത്?" എന്നുചോദിച്ചു.

14അതിനു ശിഷ്യന്മാർ: "യോഹന്നാൻ സ്നാപകൻ എന്നു ചിലരും ഏലിയാവ് എന്നു മററുചിലരും പറയുന്നു; വേറേ ചിലർ യിരെമ്യാവോ, പ്രവാചകന്മാരിൽ ഒരുവനോ എന്നും പറയുന്നു" എന്ന് ഉത്തരം പറഞ്ഞു.

15"എന്നാൽ ഞാൻ ആരാകുന്നുവെന്നാണു നിങ്ങൾ പറയുന്നത്?" അദ്ദേഹം ചോദിച്ചു.

16"അങ്ങ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു" ശിമോൻ പത്രൊസ് ഉത്തരം പറഞ്ഞു.

17അതിനു മറുപടിയായി യേശു പറഞ്ഞു: "യോനായുടെ മകനായ ശിമോനേ, നീ അനുഗ്രഹിക്കപ്പെട്ടവൻ; ഇതു നിനക്കു വെളിപ്പെടുത്തിത്തന്നതു മനുഷ്യനല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ. 18ഞാൻ നിന്നോടു പറയുന്നു: നീ പത്രൊസ് [a] ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളകവാടങ്ങൾ അതിനെ ജയിക്കുകയില്ല.
19സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരും; നീ ഭൂമിയിൽ കെട്ടുന്നതെന്തും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും[b]; നീ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും.[c]" 20പിന്നെ, താൻ ക്രിസ്തു ആകുന്നു എന്ന് ആരോടും പറയരുത് എന്നു ശിഷ്യന്മാരോടു കല്പിച്ചു.

*യേശു തൻെറ മരണത്തെപ്പറ്റി പ്രസ്താവിക്കുന്നു*

21അപ്പോൾമുതൽ യേശു താൻ യെരൂശലേമിലേക്കു പോകേണ്ടതാണെന്നും മൂപ്പന്മാർ, മുഖ്യപുരോഹിതന്മാർ, വേദജ്ഞർ എന്നിവരാൽ കഷ്ടം സഹിച്ചു കൊല്ലപ്പെടേണ്ടതാണെന്നും മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുമെന്നും ശിഷ്യന്മാർക്കു വിശദീകരിച്ചുകൊടുക്കുവാൻ തുടങ്ങി.

22പത്രൊസ് അദ്ദേഹത്തെ മാററിനിർത്തി ശാസിച്ചു: "കർത്താവേ, അതൊരിക്കലും പാടില്ല; അങ്ങേയ്ക്ക് അത് ഒരുനാളും സംഭവിക്കാതിരിക്കട്ടെ."

23യേശു തിരിഞ്ഞ് പത്രൊസിനോട്: "സാത്താനേ, എന്റെ പുറകിൽ പോകുക; നീ എനിക്ക് ഒരു പ്രതിബന്ധമാണ്. നീ ദൈവത്തിന്റെ കാര്യങ്ങളല്ല മനുഷ്യരുടെ കാര്യങ്ങളത്രേ ചിന്തിക്കുന്നത്" എന്നു പറഞ്ഞു.

24പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞു: "ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിക്കുന്നുവെങ്കിൽ അവൻ സ്വയം ത്യജിച്ചു തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ.
25സ്വന്തം ജീവനെ [d] രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതിനെ നഷ്ടപ്പെടുത്തും; എന്നാൽ എനിക്കുവേണ്ടി സ്വജീവനെ കളയുന്നവൻ അതിനെ കണ്ടെത്തും. 26ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അഥവാ ഒരുവനു തന്റെ ജീവനുവേണ്ടി എന്തു മറുവില കൊടുപ്പാൻ കഴിയും? 27മനുഷ്യപുത്രൻ തന്റെ പിതാവിന്റെ തേജസ്സോടെ ദൂതരുമായി വരും. അപ്പോൾ അവിടുന്ന് ഓരോ വ്യക്തിക്കും അവരവരുടെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം കൊടുക്കും. 28മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുന്നതിനു മുമ്പേ മരണം ആസ്വദിക്കാത്ത ചിലർ ഇവിടെ നില്ക്കുന്നുണ്ട്" എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."

*യേശുവിൻെറ രൂപാന്തരം*

17 ആറു ദിവസം കഴിഞ്ഞ് യേശു പത്രൊസ്, യാക്കോബ്, യാക്കോബിന്റെ സഹോദരനായ യോഹന്നാൻ എന്നിവരുമായി ഒരു ഉയർന്ന മലയിലേക്കു പോയി. 2അവിടെ അദ്ദേഹത്തിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു; വസ്ത്രം വെളിച്ചംപോലെ വെൺമയായിത്തീർന്നു. 3മോശെയും ഏലിയാവും യേശുവിനോടു സംസാരിക്കുന്നതായി അവർ കണ്ടു.

4പത്രൊസ് യേശുവിനോടു പറഞ്ഞു: "കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നല്ലത്. അങ്ങ് ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ മൂന്നു കുടിലുകൾ ഇവിടെ ഉണ്ടാക്കാം. ഒന്ന് അങ്ങേയ്ക്ക്, ഒന്നു മോശെയ്ക്ക്, മറ്റൊന്ന് ഏലിയാവിന്."

[a] 18 *പത്രൊസ്* എന്നതിനു *പാറ* എന്നർത്ഥം [b] 19 അഥവാ, *കെട്ടപ്പെട്ടിരിക്കുന്നു*
[c] 19 അഥവാ, *അഴിഞ്ഞിരിക്കുന്നു* [d] 25 ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദത്തിന് *ജീവൻ* എന്നും *ആത്മാവ്* എന്നും അർത്ഥമാവാം. 26-ാം വാക്യവും കാണുക.

5അയാൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ,
പ്രകാശമുള്ള ഒരു മേഘം അവരെ മൂടി.
മേഘത്തിൽനിന്ന്, "ഇവൻ എന്റെ പ്രിയപുത്രൻ;
ഇവനിൽ ഞാൻ ഏററവും പ്രസാദിച്ചിരിക്കുന്നു,
ഇവൻ പറയുന്നത് ശ്രദ്ധിക്കുവിൻ" എന്ന് ഒരു
ശബ്ദം ഉണ്ടായി.

6ഇതുകേട്ടു ശിഷ്യന്മാർ ഭയന്ന് നിലത്തു
കമിഴ്ന്നു വീണു. 7യേശു വന്ന് അവരെ തൊട്ടു.
"എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ടാ" അദ്ദേഹം
പറഞ്ഞു. 8അവർ തലയുയർത്തി നോക്കി
യപ്പോൾ യേശുവിനെ അല്ലാതെ മററാരെയും
കണ്ടില്ല.

9മലയിൽനിന്ന് ഇറങ്ങിവരുമ്പോൾ യേശു
അവരോട്: "മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന്
ഉയിർത്തെഴുന്നേല്ക്കുന്നതുവരെ നിങ്ങൾ കണ്ട
കാര്യം ആരോടും പറയരുത്" എന്നു പറഞ്ഞു.

10ശിഷ്യന്മാർ അദ്ദേഹത്തോട്: "ഏലിയാവ്
ആദ്യം വരണം എന്നു വേദജ്ഞർ പറയുന്ന
തെന്ത്?" എന്നു ചോദിച്ചു.

11യേശു ഉത്തരം പറഞ്ഞു: "നിശ്ചയമായും
ഏലിയാവു വന്ന് എല്ലാ കാര്യങ്ങളും പുനഃ
സ്ഥാപിക്കും. 12എന്നാൽ ഞാൻ നിങ്ങളോടു
പറയുന്നു: ഏലിയാവു വന്നു കഴിഞ്ഞു. അവർ
അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല; തങ്ങൾക്കു
തോന്നിയതെല്ലാം അവർ അദ്ദേഹത്തോടു
ചെയ്തു. അതുപോലെ മനുഷ്യപുത്രനും
അവരിൽനിന്നു പീഡനം സഹിക്കും."

13യോഹന്നാൻസ്നാപകനെക്കുറിച്ചാണ്
അദ്ദേഹം തങ്ങളോടു സംസാരിച്ചതെന്ന്
അപ്പോൾ ശിഷ്യന്മാർ മനസ്സിലാക്കി.

*ഭൂതഗ്രസ്തനായ ബാലനു സൗഖ്യം ലഭിക്കുന്നു*

14അവർ ജനക്കൂട്ടത്തിനടുക്കൽ വന്നപ്പോൾ
ഒരു മനുഷ്യൻ യേശുവിനെ സമീപിച്ചു
മുട്ടുകുത്തി. 15"കർത്താവേ, എന്റെ മകനോടു
കരുണയുണ്ടാകണമേ. അവൻ അപസ്മാരം
ബാധിച്ചു വല്ലാതെ കഷ്ടപ്പെടുന്നു. അവൻ
പലപ്പോഴും തീയിലും വെള്ളത്തിലും വീണു
പോകുന്നു. 16അവനെ ഞാൻ അങ്ങയുടെ ശിഷ്യ
ന്മാരുടെ അടുക്കൽ കൊണ്ടുവന്നു. എങ്കിലും
അവർക്ക് അവനെ സൗഖ്യമാക്കുവാൻ
കഴിഞ്ഞില്ല" എന്നു പറഞ്ഞു.

17അതിന് യേശു: "അവിശ്വാസവും
വക്രതയുമുള്ള തലമുറയേ, ഞാൻ എത്രനാൾ
നിങ്ങളോടുകൂടെ വസിക്കും? എത്രനാൾ ഞാൻ
നിങ്ങളെ വഹിക്കും? ബാലനെ എന്റെ അടുക്കൽ
കൊണ്ടുവരുവിൻ" എന്ന് ഉത്തരം പറഞ്ഞു.
18യേശു ഭൂതത്തെ ശാസിച്ചു, അതു ബാല
നിൽനിന്നു പുറത്തുപോകുകയും ആ നിമിഷം
മുതൽ അവനു സൗഖ്യം ലഭിക്കുകയും ചെയ്തു.

19അനന്തരം ശിഷ്യന്മാർ രഹസ്യമായി
യേശുവിന്റെ അടുക്കൽ വന്ന്: "ഞങ്ങൾക്ക്
അതിനെ പുറത്താക്കാൻ സാധിക്കാഞ്ഞത്
എന്തുകൊണ്ട്?'' എന്നു ചോദിച്ചു.

20"നിങ്ങളുടെ വിശ്വാസത്തിന്റെ കുറവു
കൊണ്ടാണ്. സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, നിങ്ങൾക്കു കടുകുമണിയോളം
വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട്, 'ഇവിടെ
നിന്നുമാറിപ്പോകുക' എന്നു പറയാൻ സാധിക്കും.
അതു മാറുകയും ചെയ്യും. നിങ്ങൾക്ക് ഒന്നും
അസാദ്ധ്യമാവുകയുമില്ല.[21എന്നാൽ പ്രാർത്ഥ
നയാലും ഉപവാസത്താലും അല്ലാതെ ഈ
ജാതിഒഴിഞ്ഞുപോകയില്ല."]

22അവർ ഒന്നിച്ചു ഗലീലയിൽ എത്തിയപ്പോൾ
അദ്ദേഹം അവരോട്: "മനുഷ്യപുത്രൻ മനു
ഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടാൻ പോകുന്നു.
23അവർ അവനെ കൊല്ലും; മൂന്നാം ദിവസം
അവൻ ഉയിർത്തെഴുന്നേല്ക്കും" എന്നു പറഞ്ഞു.
ഇതുകേട്ടു ശിഷ്യന്മാർ അത്യന്തം
ദുഃഖിതരായിത്തീർന്നു.

*ദൈവാലയനികുതി*

24യേശുവും ശിഷ്യന്മാരും കഫർന്നഹൂമിൽ
എത്തിയപ്പോൾ രണ്ടു ദ്രഹ്മ വീതമുള്ള നികുതി
പിരിക്കുന്നവർ പത്രൊസിന്റെ അടുക്കൽവന്ന്,
"നിങ്ങളുടെ ഗുരു ദൈവാലയനികുതി
കൊടുക്കുന്നില്ലേ?" എന്നു ചോദിച്ചു.

25"ഉവ്വ്, കൊടുക്കുന്നുണ്ടല്ലോ" അയാൾ
മറുപടി പറഞ്ഞു.

പത്രൊസ് വീട്ടിനുള്ളിൽ കടന്നപ്പോൾ
യേശുവാണ് സംഭാഷണം ആരംഭിച്ചത്.
'ശിമോനേ, നിനക്ക് എന്തു തോന്നുന്നു?
ഭൂമിയിലെ രാജാക്കന്മാർ കരമോ നികുതിയോ
പിരിക്കുന്നത് ആരിൽനിന്നാണ് - സ്വന്തം
മക്കളിൽനിന്നോ അതോ അന്യരിൽനിന്നോ?"
അദ്ദേഹം ചോദിച്ചു.

26"അന്യരിൽനിന്ന്" പത്രൊസ് മറുപടി
പറഞ്ഞു. "അങ്ങനെയെങ്കിൽ മക്കൾ ഒഴിവാ
ക്കപ്പെടുമല്ലോ" യേശു അയാളോടു പറഞ്ഞു.
27"എന്നാൽ നാം അവർക്ക് ഇടർച്ച വരുത്തരു
തല്ലോ. നീ കടലിൽ ചെന്നു ചൂണ്ടയിടുക; ആദ്യം
കിട്ടുന്ന മത്സ്യത്തെ എടുത്ത് അതിന്റെ വായ്
തുറക്കുമ്പോൾ നാലു ദ്രഹ്മയുടെ ഒരു നാണയം
കാണും. അത് എടുത്ത് എന്റെയും നിന്റെയും
നികുതി അടയ്ക്കുക'' എന്ന് യേശു കല്പിച്ചു.

*ആരാണ് ഏറ്റവും വലിയവൻ*

18 ആ സമയത്തു ശിഷ്യന്മാർ യേശുവിന്റെ
അടുക്കൽവന്ന്, "സ്വർഗ്ഗരാജ്യത്തിൽ
ഏററവും വലിയവൻ ആരാണ്?" എന്നു ചോദിച്ചു.
2അദ്ദേഹം ഒരു ശിശുവിനെ വിളിച്ച് അവരുടെ

മധ്യത്തിൽ നിറുത്തിക്കൊണ്ടു പറഞ്ഞു:
3"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
നിങ്ങൾ മനം തിരിഞ്ഞ് ഒരു ശിശുവിനെപ്പോലെ
ആയിത്തീരുന്നില്ലെങ്കിൽ ഒരുനാളും സ്വർഗ്ഗ
രാജ്യത്തിൽ കടക്കുകയില്ല. 4അതിനാൽ ഈ
ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്ന
വനാണു സ്വർഗ്ഗരാജ്യത്തിൽ ഏററവും
വലിയവൻ.

5"ഇങ്ങനെയുള്ള ഒരു ശിശുവിനെ എന്റെ
നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ
കൈക്കൊള്ളുന്നു. 6എന്നാൽ എന്നിൽ
വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരാൾ
പാപത്തിൽ അകപ്പെടുവാൻ ആരെങ്കിലും
കാരണക്കാരൻ ആകുന്നുവെങ്കിൽ അയാളുടെ
കഴുത്തിൽ ഒരു വലിയ തിരികല്ലു കെട്ടി അയാളെ
സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തുന്നത്
അയാൾക്ക് ഏറെ നല്ലത്.

7"പാപത്തിനു കാരണമാകുന്ന കാര്യങ്ങൾ
നിമിത്തം ലോകത്തിന് ഹാ കഷ്ടം! അത്തരം
കാര്യങ്ങൾ ഉണ്ടാകേണ്ടതാണ്; എങ്കിലും
ആരിലൂടെ അവ ഉണ്ടാകുന്നുവോ ആ മനുഷ്യന്
ഹാ കഷ്ടം! 8നിന്റെ കയ്യോ കാലോ നിന്നെ
ക്കൊണ്ടു പാപം ചെയ്യിക്കുന്നുവെങ്കിൽ അതു
വെട്ടി എറിഞ്ഞുകളയുക. അംഗഹീനനോ
മുടന്തനോ ആയി ജീവനിലേക്കു കടക്കുന്നത്,
രണ്ടു കയ്യും രണ്ടു കാലും ഉള്ളവനായി
നിത്യാഗ്നിയിൽ വീഴുന്നതിനെക്കാൾ അധികം
നല്ലത്. 9നിന്റെ കണ്ണു പാപത്തിനു കാരണമാകു
ന്നുവെങ്കിൽ അതു ചൂഴന്നെടുത്തു ദൂരെ
എറിയുക. രണ്ടു കണ്ണും ഉള്ളവനായി
നരകാഗ്നിയിൽ വീഴുന്നതിനെക്കാൾ ഒററക്കണ്ണ
നായി നിത്യജീവനിലേക്കു കടക്കുന്നതു നിനക്ക്
ഏറെ നല്ലത്.

### *നഷ്ടപ്പെട്ട ആടിൻെറ ഉപമ*

10"ഈ ചെറിയവരിൽ ഒരാളെപ്പോലും
നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ.
11സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗ
സ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും
കാണുന്നുവെന്നു ഞാൻ നിങ്ങളോടു പറയുന്നു.

12"നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു
മനുഷ്യന്റെ നൂറ് ആടുകളിൽ ഒന്ന് വഴി തെററി
പ്പോയാൽ അയാൾ തൊണ്ണൂററിയൊമ്പതി
നെയും വിട്ടശേഷം കാണാതെ പോയതിനെ
അന്വേഷിച്ചു പുറപ്പെടുകയില്ലേ? 13അതിനെ
കണ്ടെത്തിയാൽ വഴി തെറ്റിപ്പോകാതിരുന്ന
തൊണ്ണൂറ്റിയൊൻപത് ആടുകളെക്കുറിച്ചുള്ള
തിലും അധികം സന്തോഷം ആ ഒരാടിനെക്കുറിച്ച്
ഉണ്ടാകുമെന്ന സത്യം ഞാൻ നിങ്ങളോടു പറ
യട്ടെ. 14അതുപോലെതന്നേ, ഈ ചെറിയവ
രിൽ ഒരാൾപോലും നഷ്ടപ്പെട്ടു പോകുവാൻ
സ്വർഗ്ഗസ്ഥനായ എന്റെ പിതാവ്
ഇച്ഛിക്കുന്നില്ല.

### *നിന്നോടു പാപം ചെയ്യുന്ന സഹോദരൻ*

15"നിന്റെ സഹോദരൻ നിനക്കെതിരേ[a] പാപം
ചെയ്താൽ നീ ചെന്ന് നിങ്ങൾ ഇരുവരുംമാത്രം
ഉള്ളപ്പോൾ, കുററം അയാൾക്കു ബോധ്യമാക്കി
ക്കൊടുക്കുക. അയാൾ നിന്റെ വാക്കുകേട്ടാൽ
നീ നിന്റെ സഹോദരനെ നേടിയിരിക്കുന്നു. 16എ
ന്നാൽ അയാൾ കേൾക്കുന്നില്ലെങ്കിൽ, നിന്റെ
കൂടെ ഒന്നോ രണ്ടോ പേരെ കൂട്ടിക്കൊണ്ടു പോ
കുക. രണ്ടോ മൂന്നോ പേരുടെ സാക്ഷ്യം മൂലം
ഏതു കാര്യവും ഉറപ്പാക്കുവാൻ കഴിയുമല്ലോ.[b]
17അവരുടെ വാക്ക് അയാൾ കൂട്ടാക്കാത്തപക്ഷം
കാര്യം സഭയെ അറിയിക്കുക. സഭയുടെ വാക്കും
ശ്രദ്ധിക്കാൻ അയാൾ വിസമ്മതിക്കുന്നുവെങ്കിൽ
അയാളെ ഒരു വിജാതീയനെയോ ചുങ്കക്കാര
നെയോപോലെ പരിഗണിച്ചുകൊള്ളുക.

18"ഞാൻ നിങ്ങളോടു സത്യം പറയുന്നു,
നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെന്തും സ്വർഗ്ഗ
ത്തിലും കെട്ടപ്പെട്ടിരിക്കും[c]; നിങ്ങൾ ഭൂമിയിൽ
അഴിക്കുന്നതെന്തും സ്വർഗ്ഗത്തിലും അഴിഞ്ഞി
രിക്കും.[d]

19"ഭൂമിയിൽ നിങ്ങൾ രണ്ടുപേർ ഏതെങ്കിലും
കാര്യത്തിനുവേണ്ടി ഒരുമനപ്പെട്ടു പ്രാർത്ഥിച്ചാൽ
സ്വർഗ്ഗസ്ഥനായ എൻെറ പിതാവ് അതു
നിങ്ങൾക്കു ചെയ്തുതരുമെന്നു ഞാൻ നിങ്ങ
ളോടു പറയുന്നു. 20രണ്ടോ മൂന്നോ പേർ എന്റെ
നാമത്തിൽ കൂടിവരുന്നേടത്തെല്ലാം അവരുടെ
മധ്യേ ഞാൻ ഉണ്ടായിരിക്കും."

### *നിർദ്ദയനായ ദാസൻ*

21പത്രൊസ് യേശുവിന്റെ അടുക്കൽ വന്ന്,
"കർത്താവേ, എന്റെ സഹോദരൻ എന്നോടു
പാപം ചെയ്താൽ ഞാൻ എത്ര തവണ അവ
നോടു ക്ഷമിക്കണം? ഏഴു തവണ മതിയോ?"
എന്നു ചോദിച്ചു.

22യേശു ഉത്തരം പറഞ്ഞു: "ഏഴു പ്രാവശ്യമല്ല
ഏഴ് എഴുപത് പ്രാവശ്യം എന്നു ഞാൻ നിന്നോടു
പറയുന്നു."

23"സ്വർഗ്ഗരാജ്യം, തന്റെ ദാസന്മാരുമായി
കണക്കുതീർക്കാൻ ആഗ്രഹിച്ച ഒരു രാജാവി
നോടു സദൃശം. 24കണക്കു തീർക്കാൻ തുടങ്ങിയ
പ്പോൾ, അദ്ദേഹത്തിനു പതിനായിരം താലന്തു
കടപ്പെട്ടിരുന്ന ഒരാളെ അദ്ദേഹത്തിന്റെ മുമ്പിൽ
കൊണ്ടുവന്നു. 25കൊടുത്തു തീർക്കുവാൻ
അയാൾക്കു കഴിവില്ലാതിരുന്നതുകൊണ്ട്,

[a] 15 *നിനക്കെതിരേ* എന്നു ചില കയ്യെഴുത്തുപ്രതികളിൽ ഇല്ല. [b] 16 ആവർത്തനം 19:15
[c] 18 അഥവാ *കെട്ടപ്പെട്ടിരിക്കുന്നു* [d] 18 അഥവാ *അഴിഞ്ഞിരിക്കുന്നു*

അയാളുടെ ഭാര്യയെയും മക്കളെയും വസ്തുവകക
ളൊക്കെയും വിററു കടം വീട്ടണമെന്നു യജമാനൻ
കല്പിച്ചു.
26"ദാസൻ അദ്ദേഹത്തിന്റെ മുമ്പിൽ
മുട്ടുകുത്തി അപേക്ഷിച്ചു: 'എനിക്ക് അല്പം
സാവകാശം തരണമേ, ഞാൻ മുഴുവനും തന്നു
തീർക്കാം.' 27യജമാനന് ആ ദാസനോട് അനു
കമ്പ തോന്നി, കടം ഇളച്ചുകൊടുക്കുകയും
അയാളെ വിട്ടയയ്ക്കുകയും ചെയ്തു.
28"എന്നാൽ ആ ദാസൻ പോകുമ്പോൾ,
അയാൾക്കു നൂറു ദിനാർ കടപ്പെട്ടിരുന്ന ഒരു
സഹഭൃത്യനെ കണ്ടു. അയാൾ അവന്റെ
കഴുത്തുപിടിച്ചു ഞെരിച്ചു കൊണ്ട് 'നിന്റെ കടം
തീർക്കുക' എന്ന് ആവശ്യപ്പെട്ടു.
29"ആ സഹഭൃത്യൻ മുട്ടിന്മേൽ നിന്നു കൊണ്ട്,
'എനിക്കു അല്പം സാവകാശം തരണമേ, ഞാൻ
മടക്കിത്തന്നുകൊള്ളാം' എന്നു കേണപേക്ഷിച്ചു.
30"എന്നാൽ അയാൾ അതു നിരസിച്ചു.
തന്നെയുമല്ല, മുഴുവൻ കടവും വീട്ടുന്നതുവരെ
അവനെ അയാൾ തടവിലാക്കുകയും ചെയ്തു.
31ഈ സംഭവം കണ്ടിട്ടു മററുള്ള വേലക്കാർ വളരെ
ദുഃഖിതരായി. അവർ ചെന്നു സംഭവിച്ചതെല്ലാം
യജമാനനെ അറിയിച്ചു.
32"യജമാനൻ ആ ദാസനെ വിളിച്ച് അയാളോട്:
'ദുഷ്ടഭൃത്യാ, നിന്റെ അപേക്ഷ കേട്ട് ഞാൻ നിന്റെ
സകല കടവും ഇളച്ചുതന്നു. 33എനിക്കു
നിന്നോടു കരുണ തോന്നിയതുപോലെതന്നേ
നിനക്കു നിന്റെ സഹഭൃത്യനോടും കരുണ
തോന്നേണ്ടതല്ലേ?' എന്നു പറഞ്ഞു. 34അനന്തരം
തന്റെ മുഴുവൻ കടവും വീട്ടുന്നതുവരെ അയാളെ
തടങ്കലിൽ വയ്ക്കാൻ അദ്ദേഹം ജയിലധി
കാരികൾക്ക് അയാളെ ഏല്പിച്ചു കൊടുത്തു.
35"നിങ്ങൾ ഓരോരുത്തൻ സഹോദരനോടു
ഹൃദയപൂർവ്വം ക്ഷമിക്കാതിരുന്നാൽ സ്വർഗ്ഗ
സ്ഥനായ എന്റെ പിതാവ് നിങ്ങളോടും
അങ്ങനെതന്നെ ചെയ്യും."

*വിവാഹമോചനം*

19 ഈ കാര്യങ്ങൾ പ്രസ്താവിച്ചശേഷം
യേശു ഗലീല വിട്ടു യോർദ്ദാന്റെ
മറുകരയിലുള്ള യഹൂദ്യദേശത്തേക്കു പോയി.
2വലിയ ജനക്കൂട്ടം അദ്ദേഹത്തെ പിൻതുടർന്നു.
അവിടെവച്ച് അദ്ദേഹം അവരെ സൗഖ്യമാക്കി.
3ചില പരീശന്മാർ അദ്ദേഹത്തെ പരീക്ഷി
ക്കാൻ അടുത്തുചെന്നു. "ഏതെങ്കിലും കാര
ണത്താൽ ഒരുവൻ തന്റെ ഭാര്യയെ ഉപേക്ഷിക്കു
ന്നതു നിയമാനുസൃതമോ?" അവർ ചോദിച്ചു.
4അദ്ദേഹം മറുപടി പറഞ്ഞു: "'സ്രഷ്ടാവ്
ആദിയിൽ അവരെ ആണും പെണ്ണുമായി
സൃഷ്ടിച്ചു'[a] എന്നും 5'ഈ കാരണത്താൽ പുരു
ഷൻ തന്റെ പിതാവിനെയും മാതാവിനെയും
വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരുമെന്നും
ഇരുവരും ഒരു ദേഹമായിത്തീരും'[b] എന്നും
നിങ്ങൾ വായിച്ചിട്ടില്ലയോ? 6അതിനാൽ അവർ
ഇനി രണ്ടല്ല, ഒന്നത്രേ. അതുകൊണ്ട് ദൈവം
യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്."
7"അങ്ങനെയെങ്കിൽ, വിവാഹമോചനപത്രം
കൊടുത്തശേഷം ഭാര്യയെ ഉപേക്ഷിക്കാമെന്നു
മോശെ കല്പിച്ചതെന്തുകൊണ്ട്?" അവർ
ചോദിച്ചു.
8യേശു ഉത്തരം പറഞ്ഞു: "നിങ്ങളുടെ ഹൃദയ
കാഠിന്യംനിമിത്തമാണ് ഭാര്യയെ ഉപേക്ഷി
ക്കുവാനുള്ള അനുവാദം മോശെ തന്നത്.
എന്നാൽ ആദിമകാലത്ത് അപ്രകാരമായിരു
ന്നില്ല. ഞാൻ നിങ്ങളോടു പറയുന്നു: 9ചാരിത്ര്യ
ഭംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു
മറെറാരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം
ചെയ്യുന്നു."
10ശിഷ്യന്മാർ അദ്ദേഹത്തോട്: "ഭാര്യാ
ഭർത്തൃബന്ധത്തിന്റെ അവസ്ഥ ഇങ്ങനെ
യാണെങ്കിൽ വിവാഹം ചെയ്യാതിരിക്കുന്ന
താണ് ഉത്തമം" എന്നു പറഞ്ഞു.
11യേശു മറുപടി പറഞ്ഞു: "വരം ലഭിച്ചവർക്ക
ല്ലാതെ മററാർക്കും ഈ ഉപദേശം ഗ്രഹിക്കാൻ
സാധ്യമല്ല. 12അമ്മയുടെ ഗർഭത്തിൽനിന്നു
ഷണ്ഡന്മാരായി ജനിച്ച ഷണ്ഡന്മാരുണ്ട്; മനുഷ്യർ
ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുമുണ്ട്; സ്വർഗ്ഗരാ
ജ്യത്തിനുവേണ്ടി തങ്ങളെത്തന്നെ ഷണ്ഡന്മാരാ
ക്കിയവരുമുണ്ട്.

*ശിശുക്കളും യേശുവും*

13യേശു ശിശുക്കളുടെ മേൽ കൈവച്ചു
പ്രാർത്ഥിക്കേണ്ടതിനു ചിലർ അവരെ അദ്ദേഹ
ത്തിൻെറ അടുക്കൽ കൊണ്ടുവന്നു. എന്നാൽ
ശിഷ്യന്മാർ അവരെ ശകാരിച്ചു.
14യേശു പറഞ്ഞു: "ശിശുക്കളെ എൻെറ
അടുക്കൽ വരുവാൻ അനുവദിക്കുവിൻ; അവരെ
തടയരുത്;" എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം
ഇങ്ങനെയുള്ളവരുടേതാകുന്നു." 15യേശു
അവരുടെമേൽ കൈവെച്ചശേഷം അവിടെനിന്നു
പോയി.

*ധനികനായ യുവാവ്*

16ഒരാൾ യേശുവിൻെറ അടുക്കൽവന്ന്, "ഗു
രോ, നിത്യജീവൻ പ്രാപിക്കേണ്ടതിനു ഞാൻ
എന്തു നന്മപ്രവൃത്തിയാണു ചെയ്യേണ്ടത്?"
എന്നു ചോദിച്ചു.
17അതിനു മറുപടിയായി യേശു: "എന്നോടു
നന്മയെക്കുറിച്ചു ചോദിക്കുന്നതെന്ത്? നല്ലവൻ
ഒരുവൻ മാത്രമേ ഉള്ളൂ. ജീവനിൽ കടക്കാൻ നീ
ആഗ്രഹിക്കുന്നുവെങ്കിൽ കല്പനകൾ

[a] 4 ഉല്പത്തി 1:27 [b] 5 ഉല്പത്തി 2: 24

അനുസരിക്കുക'' എന്നു പറഞ്ഞു.
18“ഏതെല്ലാം?” അയാൾ ചോദിച്ചു.
“ ‘കൊല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്,
മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം പറയരുത്,
19പിതാവിനെയും മാതാവിനെയും ബഹു
മാനിക്കുക[a] · അയൽക്കാരനെ നിന്നെപ്പോലെ
തന്നേ സ്നേഹിക്കുക'[b] എന്നിവതന്നെ” എന്ന്
യേശു ഉത്തരം പറഞ്ഞു.
20“ഇവയെല്ലാം ഞാൻ പാലിക്കുന്നുണ്ട്.
ഇനിയും എന്തിലാണെനിക്കു പോരായ്മ
യുള്ളത്?” ആ യുവാവ് ചോദിച്ചു.
21യേശു ഉത്തരം പറഞ്ഞു: “സൽഗു
ണപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ
നീ പോയി നിൻെറ സ്വത്തു മുഴുവൻ വിറ്റു
ദരിദ്രർക്കു കൊടുക്കുക; എന്നാൽ സ്വർഗ്ഗത്തിൽ
നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന്
എന്നെ അനുഗമിക്കുക”.
22ആ യുവാവ് വളരെ സമ്പത്തുള്ളവനായി
രുന്നതുകൊണ്ട് ഇതുകേട്ടു ദുഃഖിതനായി
അവിടം വിട്ടു പോയി.
23അപ്പോൾ യേശു ശിഷ്യന്മാരോടു പറഞ്ഞു:
''ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുക
ദുഷ്കരമാണെന്നു ഞാൻ സത്യമായി നിങ്ങ
ളോടു പറയുന്നു. 24ഒരു ധനവാൻ ദൈവ
രാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം
സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം എന്നു
ഞാൻ പറയുന്നു.''
25ഇതുകേട്ട് ശിഷ്യന്മാർ അത്യന്തം
ആശ്ചര്യഭരിതരായി ''അങ്ങനെയെങ്കിൽ രക്ഷ
പ്രാപിപ്പാൻ ആർക്കു കഴിയും?'' എന്നു ചോദിച്ചു.
26യേശു അവരെ നോക്കി പറഞ്ഞു:
''മനുഷ്യന് ഇത് അസാധ്യം; എങ്കിലും
ദൈവത്തിനു സകലവും സാധ്യമത്രേ.''
27“ഞങ്ങൾ എല്ലാം വിട്ട് അങ്ങയെ അനു
ഗമിച്ചുവല്ലോ; ഞങ്ങാക്ക് എന്തു കിട്ടും?'' പ
ത്രൊസ് അദ്ദേഹത്തോടു ചോദിച്ചു.
28യേശു അവരോടു പറഞ്ഞു: ''സകലവും പു
തുതാക്കപ്പെടുന്ന സന്ദർഭത്തിൽ മനുഷ്യപുത്രൻ
തൻെറ തേജസ്സിൻെറ സിംഹാസനത്തിൽ
ഇരിക്കുമ്പോൾ, എന്നെ അനുഗമിച്ചവരായ
നിങ്ങൾ പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്നു
കൊണ്ട് യിസ്രായേൽഗോത്രം പന്ത്രണ്ടിനെയും
ന്യായംവിധിക്കും എന്ന് സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു. 29എനിക്കുവേണ്ടി
വീടുകളോ സഹോദരന്മാരെയോ സഹോദരിമാ
രെയോ പിതാവിനെയോ മാതാവിനെയോ[c]
മക്കളെയോ നിലങ്ങളോ വിട്ടുകളഞ്ഞിട്ടുള്ള
ഓരോ വ്യക്തിക്കും താൻ ത്യജിച്ചതിൻെറ
നൂറുമടങ്ങു ലഭിക്കും; അയാൾ നിത്യജീവന്
അവകാശിയായിത്തീരുകയും ചെയ്യും.
30എന്നാൽ മുമ്പന്മാർ പലരും പിമ്പന്മാരും
പിമ്പന്മാർ മുമ്പന്മാരും ആകും.'

*മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമ*

20 “തൻെറ മുന്തിരിത്തോട്ടത്തിലേക്കു
വേലക്കാരെ വിളിക്കുവാൻ അതി
രാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനോടു സദൃശ
മാണ് സ്വർഗ്ഗരാജ്യം. 2ദിവസം ഒരു ദിനാർ കൂലി
കൊടുക്കാമെന്നു സമ്മതിച്ച് അയാൾ അവരെ
മുന്തിരിത്തോട്ടത്തിലേക്കു പറഞ്ഞയച്ചു.
3“ഏകദേശം മൂന്നാംമണിക്കൂർ നേരത്ത്
അദ്ദേഹം പുറത്തുചെന്നപ്പോൾ ചിലർ ചന്ത
സ്ഥലത്തു മിനക്കെട്ടു നില്ക്കുന്നതു കണ്ടു.
4“അദ്ദേഹം അവരോട്, ‘നിങ്ങളും പോയി
എൻെറ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുക;
ന്യായമായത് ഞാൻ നിങ്ങൾക്കു തരാം’ എന്നു
പറഞ്ഞു. 5അങ്ങനെ അവർ പോയി.
“വീണ്ടും ആറാം മണിക്കൂറിലും ഒൻപതാം മണി
ക്കൂറിലും അദ്ദേഹം പുറത്തേക്കു പോയി അങ്ങ
നെതന്നേ ചെയ്തു. 6ഉദ്ദേശം പതിനൊന്നാം
മണിക്കൂറിലും, അദ്ദേഹം പുറത്തേക്കു ചെന്ന
പ്പോൾ മറ്റു ചിലർ വെറുതെ നില്ക്കുന്നതു
കണ്ടു. അദ്ദേഹം അവരോട് :‘നിങ്ങൾ ദിവസം
മുഴുവൻ ഒരു പണിയും ചെയ്യാതെ ഇവിടെ
നിന്നത് എന്ത്?’ എന്നു ചോദിച്ചു.
7“ ‘ആരും ഞങ്ങളെ വേലയ്ക്കു വിളിക്കാ
ത്തതുകൊണ്ട്’ എന്ന് അവർ ഉത്തരം പറഞ്ഞു.
“‘നിങ്ങളും പോയി എൻെറ മുന്തിരി
ത്തോട്ടത്തിൽ വേല ചെയ്യുവിൻ’- അദ്ദേഹം
അവരോടു പറഞ്ഞു.
8“സന്ധ്യയായപ്പോൾ മുന്തിരിത്തോട്ടത്തിൻെറ
ഉടമസ്ഥൻ തൻെറ കാര്യസ്ഥനോട്:‘വേലക്കാരെ
വിളിച്ച് ഏറ്റവും ഒടുവിൽ വന്ന കൂലിക്കാർ മുതൽ
ഒന്നാമതു വന്നവർവരെ അവരുടെ കൂലി
കൊടുക്കുക’ എന്നു പറഞ്ഞു.
9“പതിനൊന്നാം മണിക്കൂറിൽ വന്നവർ വന്ന്
ഓരോരുത്തനും ഓരോ ദിനാർ വാങ്ങി. 10ആദ്യം
വന്ന കൂലിക്കാർ തങ്ങൾക്കു കൂടുതൽ കിട്ടും
എന്നാശിച്ചു. എന്നാൽ ഓരോരുത്തനും ഓരോ
ദിനാർ ലഭിച്ചു. 11അതു വാങ്ങിയിട്ട് അവർ
യജമാനൻെറ നേരേ പിറുപിറുത്തു: 12‘ഒടുവിൽ
വന്ന കൂലിക്കാർ ഒരു മണിക്കൂർ മാത്രം ജോലി
ചെയ്തിട്ടും ജോലിഭാരം മുഴുവൻ വഹിക്കയും
പകലത്തെ ചൂടു സഹിക്കയും ചെയ്ത ഞങ്ങ
ളോടു താങ്കൾ അവരെ തുല്യരാക്കിയല്ലോ’ അവർ
പറഞ്ഞു.
13“എന്നാൽ അദ്ദേഹം അവരിൽ ഒരുത്തനോട്,
‘സ്നേഹിതാ, ഞാൻ നിന്നോടു തെറ്റൊന്നും

[a] 19 പുറപ്പാട് 20:1216; ആവർത്തനം. 5:16–20 [b] 19 ലേവ്യ 19:18 [c] 29 ചില കയ്യെഴുത്തുപ്രതികളിൽ, *മാതാവിനെയോ ഭാര്യയെയോ* എന്നും കാണുന്നു.

ചെയ്യുന്നില്ല. ഒരു ദിനാറിനു ജോലി ചെയ്യാമെന്നു
നീ സമ്മതിച്ചിരുന്നതല്ലേ? 14നിന്റെ പ്രതിഫലം
വാങ്ങി പൊയ്ക്കൊൾക. ഏറ്റവും ഒടുവിൽ വന്ന
കൂലിക്കാരനും, നിനക്കു തന്നതുതന്നെ
കൊടുക്കാനാണ് എനിക്കിഷ്ടം. 15എനിക്കുള്ളതു
കൊണ്ട് ഞാൻ ഇച്ഛരിക്കുന്നതു ചെയ്‌വാൻ
എനിക്ക് അധികാരമില്ലേ? ഞാൻ ഔദാര്യം കാ
ണിക്കുന്നതിൽ നിനക്ക് അസൂയ തോന്നു
ന്നുവോ?' എന്നു പറഞ്ഞു.

16"അങ്ങനെ മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ
മുമ്പന്മാരും ആകും."

*യേശു സ്വന്തം മരണത്തെപ്പറ്റി വീണ്ടും പ്രവചിക്കുന്നു*

17യേശു യെരൂശലേമിലേക്കു പോകുമ്പോൾ
തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ മാറ്റിനിർത്തി
അവരോട്: 18നോക്കൂ, നാം യെരൂശലേമിലേക്കു
പോകുകയാണ്; മനുഷ്യപുത്രൻ മുഖ്യ
പുരോഹിതന്മാരുടെയും വേദജ്ഞരുടെയും
കയ്യിൽ ഏല്പിക്കപ്പെടുകയും അവർ
അദ്ദേഹത്തെ മരണശിക്ഷയ്ക്കു വിധിച്ചശേഷം
19പരിഹസിപ്പാനും അടിക്കുവാനും ക്രൂശിക്കു
വാനുമായി വിജാതീയരെ ഏല്പിക്കുകയും
ചെയ്യും. മൂന്നാം ദിവസം അദ്ദേഹം ഉയിർത്തെ
ഴുന്നേല്ക്കും" എന്നു പറഞ്ഞു.

*ഒരു അമ്മയുടെ അപേക്ഷ*

20സെബെദിപുത്രന്മാരുടെ അമ്മ അവരുമായി
യേശുവിന്റെ അടുക്കൽ വന്ന് അദ്ദേഹത്തിന്റെ
മുമ്പിൽ മുട്ടുകുത്തി.

21''നിങ്ങൾക്ക് എന്താണു വേണ്ടത്?''
അദ്ദേഹം ചോദിച്ചു.

"അങ്ങയുടെ രാജ്യത്തിൽ എന്റെ ഈ
പുത്രന്മാരിൽ ഒരുത്തൻ അങ്ങയുടെ വലത്തും
മറ്റവൻ ഇടത്തും ഇരിക്കുവാൻ അനുവദി
ക്കണമേ" എന്ന് അവൾ അപേക്ഷിച്ചു.

22നിങ്ങൾ ആവശ്യപ്പെടുന്നത് എന്താണെന്നു
നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കുവാൻ
പോകുന്ന പാനപാത്രം കുടിക്കുവാൻ നിങ്ങൾ
ക്കു കഴിയുമോ?" യേശു ചോദിച്ചു.

"ഉവ്വ്, കഴിയും." അവർ മറുപടി പറഞ്ഞു.
23"ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ
തീർച്ചയായും കുടിക്കും. എന്നാൽ എന്റെ
വലത്തോ ഇടത്തോ ഇരിക്കാൻ അനുവദിക്കേ
ണ്ടതു ഞാനല്ല. എന്റെ പിതാവ് ആർക്കു വേണ്ടി
ഒരുക്കിയിരിക്കുന്നുവോ അവർക്കുള്ളതാണ്
ആസ്ഥാനങ്ങൾ" എന്നു യേശു അവരോടു
പറഞ്ഞു.

24ശേഷിച്ച പത്തുപേർക്കും ഇതു കേട്ടിട്ട് ആ
രണ്ടു സഹോദരന്മാരോടു നീരസം തോന്നി.
25യേശു അവരെ അടുക്കൽ വിളിച്ച് അവരോടു
പറഞ്ഞു: "വിജാതീയരുടെമേൽ അവരുടെ
ഭരണകർത്താക്കൾ ആധിപത്യം നടത്തുന്നു
വെന്നും അവരുടെ പ്രമുഖന്മാർ അവരെ
ഭരിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ.
26നിങ്ങളുടെ ഇടയിലോ അങ്ങനെ സംഭ
വിക്കരുത്; പിന്നെയോ നിങ്ങളിൽ വലിയവൻ
ആകുവാൻ ആഗ്രഹിക്കുന്നവനെല്ലാം നിങ്ങളുടെ
ദാസനായിരിക്കണം. 27ഒന്നാമൻ ആകുവാൻ
ആഗ്രഹിക്കുന്നവനെല്ലാം നിങ്ങളുടെ അടിമ
യായിരിക്കണം. 28മനുഷ്യപുത്രൻ ശുശ്രൂ
ഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനും അനേക
ർക്കുവേണ്ടി തന്റെ ജീവൻ വീണ്ടെടുപ്പു
വിലയായി കൊടുക്കുവാനും വന്നിരിക്കു
ന്നതുപോലെതന്നേ."

*രണ്ട് അന്ധന്മാർ കാഴ്ച പ്രാപിക്കുന്നു*

29യേശുവും ശിഷ്യന്മാരും യെരിഹോ വിട്ടു
പോകുമ്പോൾ വലിയൊരു ജനക്കൂട്ടം
അദ്ദേഹത്തെ പിൻതുടർന്നു. 30രണ്ട് അന്ധന്മാർ
വഴിയരികെ ഇരിക്കുകയായിരുന്നു. യേശു കട
ന്നുപോകുന്നു എന്നു കേട്ടപ്പോൾ അവർ,
"കർത്താവേ, ദാവീദുപുത്രാ, ഞങ്ങളോടു
കരുണയുണ്ടാകണമേ" എന്ന് ഉറക്കെ
നിലവിളിച്ചു.

31ജനക്കൂട്ടം അവരെ ശാസിച്ചു മിണ്ടാ
തിരിക്കുവാൻ പറഞ്ഞു. അവരോ ഏറെ
ഉച്ചത്തിൽ, " കർത്താവേ, ദാവീദുപുത്രാ, ഞങ്ങ
ളോടു കരുണയുണ്ടാകണമേ" എന്നു നില
വിളിച്ചു.32യേശു നിന്നു. അദ്ദേഹം അവരെ വിളിച്ചു
ചോദിച്ചു: ''ഞാൻ നിങ്ങൾക്ക് എന്തു
ചെയ്തു തരേണം?''

33''കർത്താവേ, ഞങ്ങൾക്കു കാഴ്ച
കിട്ടണം'' അവർ മറുപടി പറഞ്ഞു.

34യേശു അവരോടു മനസ്സലിഞ്ഞ് അവരുടെ
കണ്ണുകളിൽ തൊട്ടു. ഉടൻതന്നേ അവർക്കു
കാഴ്ച ലഭിച്ചു; അവർ അദ്ദേഹത്തെ അനുഗമിച്ചു.

*യെരൂശലേമിലേക്കുള്ള ജൈത്രയാത്ര*

21 അവർ യെരൂശലേമിനു സമീപം ഒലിവു
മലയ്ക്കടുത്തുള്ള ബേത്ത്ഫാഗയിൽ
എത്തി. 2യേശു രണ്ടു ശിഷ്യന്മാരെ വിളിച്ച്
ഇപ്രകാരം പറഞ്ഞയച്ചു: ''നിങ്ങാംക്കു മുമ്പി
ലുള്ള ഗ്രാമത്തിലേക്കു ചെല്ലുവിൻ; അവിടെ ഒരു
പെൺകഴുതയെയും അതിനടുത്ത് അതിന്റെ
കുട്ടിയെയും കെട്ടിയിരിക്കുന്നതു കാണും.
അവയെ അഴിച്ച് എന്റെ അടുക്കൽ
കൊണ്ടുവരുവിൻ. 3നിങ്ങളോട് ആരെങ്കിലും
എന്തെങ്കിലും ചോദിച്ചാൽ, 'കർത്താവിന് ഇവയെ
ആവശ്യമുണ്ട്' എന്ന് അയാളോട് പറയുവിൻ.
അപ്പോൾത്തന്നെ അയാൾ അവയെ
അയയ്ക്കും''.

4"സീയോൻ പുത്രിയോടു പറയുക:
ഇതാ, നിൻെറ രാജാവു വിനീതനായി
കഴുതമേലും കഴുതക്കുട്ടിമേലും കയറി
നിൻെറ അടുക്കലേയ്ക്കു വരുന്നു''
5എന്നിങ്ങനെ പ്രവാചകനിലൂടെ അരുളി
ച്ചെയ്തതു നിറവേറുവാൻ ഇതു സംഭവിച്ചു.
6ശിഷ്യന്മാർ ചെന്ന്, യേശു തങ്ങളോടു
കല്പിച്ചതുപോലെ ചെയ്തു. 7അവർ കഴുത
യെയും അതിൻെറ കുട്ടിയെയും കൊണ്ടുവന്നു;
തങ്ങളുടെ പുറംകുപ്പായങ്ങൾ അവയുടെമേൽ
വിരിച്ചു: യേശു കയറി ഇരുന്നു. 8ഒരു വലിയ
ജനക്കൂട്ടം തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ
വിരിക്കുകയും ചിലർ മരങ്ങളുടെ ചില്ലകൾ വെട്ടി
ക്കൊണ്ടുവന്നു വഴിയിൽ നിരത്തുകയും ചെയ്തു.
9അവർക്കു മുമ്പിലും പിമ്പിലും
ഉണ്ടായിരുന്ന ജനസമൂഹം,
''ദാവീദു പുത്രനു ഹോശന്നാ,[a]"
"കർത്താവിൻെറ നാമത്തിൽ
വരുന്നവൻ വാഴ്ത്തപ്പെട്ടവൻ," [b]
"അത്യുന്നതങ്ങളിൽ ഹോശന്നാ''
എന്ന് ആർത്തുവിളിച്ചു.
10യേശു യെരൂശലേമിൽ പ്രവേശിച്ചപ്പോൾ
നഗരമാകെ ഇളകി. ''ഇദ്ദേഹം ആര്?'' ആളുകൾ
ചോദിച്ചു.
11അതിനു ജനക്കൂട്ടം: ''ഗലീലയിലെ നസറേ
ത്തിൽനിന്നുള്ള പ്രവാചകനായ യേശു ആകു
ന്നു ഇത്'' എന്ന് ഉത്തരം പറഞ്ഞു.

*യേശു ദൈവാലയത്തിൽ*

12യേശു ദൈവാലയത്തിൽ കടന്നു, അവിടെ
വാങ്ങുകയും വില്ക്കുകയും ചെയ്തുകൊണ്ടി
രുന്ന സകലരെയും പുറത്താക്കി. നാണയമാറ്റം
നടത്തിക്കൊണ്ടിരുന്നവരുടെ മേശകളെയും
പ്രാവുകളെ വില്ക്കുന്നവരുടെ ഇരിപ്പിടങ്ങളെയും
അദ്ദേഹം മറിച്ചിട്ടു.
13അദ്ദേഹം അവരോട്: " 'എൻെറ ഭവനം പ്രാർ
ത്ഥനാലയം എന്നു വിളിക്കപ്പെടും.'[c]നിങ്ങളോ
അതിനെ 'കൊള്ളക്കാരുടെ ഗുഹ'[d] ആക്കിത്തീർ
ക്കുന്നു" എന്നു പറഞ്ഞു.
14അന്ധരും മുടന്തരും ദൈവാലയത്തിൽ
യേശുവിൻെറ അടുക്കൽ വന്നു; അദ്ദേഹം അവരെ
സൗഖ്യമാക്കി. 15എന്നാൽ മുഖ്യ
പുരോഹിതന്മാരും വേദജ്ഞരും അദ്ദേഹം
ചെയ്ത അത്ഭുതങ്ങളെയും "ദാവീദുപുത്രന്
ഹോശന്നാ" എന്നു ദൈവാലയത്തിൽ
ആർത്തുവിളിക്കുന്ന കുട്ടികളെയും കണ്ടപ്പോൾ
കോപാകുലരായിത്തീർന്നു.
16അവർ അദ്ദേഹത്തോട്, ''ഈ കുട്ടികൾ
വിളിച്ചുപറയുന്നതു കേൾക്കുന്നുവോ?'' എന്നു
ചോദിച്ചു.
''ഉവ്വ്;
'ശിശുക്കളുടെയും
മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ
നിന്ന് അവിടുന്നു
സ്തുതി ഒരുക്കിയിരിക്കുന്നു'[e]
എന്നു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ?''
എന്നു യേശു ചോദിച്ചു.
17അനന്തരം അദ്ദേഹം അവരെ വിട്ടു നഗര
ത്തിനു പുറത്ത് ബേഥാന്യയിലേക്കു പോയി;
രാത്രി അവിടെ പാർത്തു.

*അത്തി വാടുന്നു*

18അതിരാവിലെ നഗരത്തിലേക്കു മടങ്ങു
മ്പോൾ യേശുവിനു വിശന്നു. 19 വഴിയരികെ ഒരു
അത്തിവൃക്ഷം കണ്ടിട്ട് അദ്ദേഹം അതിൻെറ
അടുത്തുചെന്നു. എന്നാൽ അതിൽ ഇലയല്ലാതെ
ഒന്നും കണ്ടില്ല. അപ്പോൾ അദ്ദേഹം അതിനോട്:
"ഇനിമേൽ ഒരിക്കലും നിന്നിൽ ഫലം
ഉണ്ടാകാതിരിക്കട്ടെ" എന്നു പറഞ്ഞു.
ഉടൻതന്നെ ആ മരം വാടിപ്പോയി.
20ശിഷ്യന്മാർ ഇതുകണ്ടു വിസ്മയിച്ചു.
'അത്തിവൃക്ഷം ഇത്ര പെട്ടെന്നു വാടിപ്പോ
യത് എങ്ങനെ?' എന്നു ചോദിച്ചു.
21യേശു ഉത്തരം പറഞ്ഞു: "ഞാൻ സത്യ
മായും നിങ്ങളോടു പറയുന്നു, നിങ്ങൾ
സംശയിക്കാതെ വിശ്വസിക്കുന്നപക്ഷം ഈ
അത്തിവൃക്ഷത്തോടു ഞാൻ ചെയ്തതു നിങ്ങളും
ചെയ്യും. മാത്രമല്ല, ഈ മലയോടു, 'പോയി
കടലിൽ വീഴുക' എന്നു പറഞ്ഞാൽ
അതും സംഭവിക്കും.
22"വിശ്വാസത്തോടുകൂടി നിങ്ങൾ പ്രാർത്ഥ
നയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു
ലഭിക്കും."

*യേശുവിൻെറ അധികാരം ചോദ്യം ചെയ്യപ്പെടുന്നു*

23യേശു ദൈവാലയത്തിൽ പ്രവേശിച്ച്
ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ മുഖ്യ
പുരോഹിതന്മാരും ജനങ്ങളുടെ മൂപ്പന്മാരും
അദ്ദേഹത്തിൻെറ അടുക്കൽ വന്നു. "എന്ത
ധികാരംകൊണ്ടു താങ്കൾ ഈ കാര്യങ്ങൾ
ചെയ്യുന്നു? ഈ അധികാരം താങ്കൾക്ക് ആരു
തന്നു?" എന്നു ചോദിച്ചു.
24യേശു അവരോട്: "ഞാനും നിങ്ങളോട് ഒരു
ചോദ്യം ചോദിക്കും. അതിൻെറ ഉത്തരം
പറഞ്ഞാൽ, ഞാൻ എന്ത് അധികാരത്താൽ ഈ

[a] 9 *ഹോശന്നാ* എന്ന എബ്രായപദത്തിന് *രക്ഷിക്കുക* എന്നർത്ഥം; ഒരു സ്തോത്രഘോഷണമായി ഉപയോഗിക്കപ്പെടുന്നു. 15-ാം വാക്യവും കാണുക. [b] 9 സങ്കീർത്തനം 118: 26 [c] 13 യെശയ്യാവ് 56:7
[d] 13 യിരമ്യാവ് 7:11 [e] 16 സങ്കീർത്തനം 8:2

കാര്യങ്ങൾചെയ്യുന്നുവെന്നുഞാനും നിങ്ങളോടു
പറയാം. 25യോഹന്നാന്റെ സ്നാനം എവിടെ
നിന്നുള്ളത്? സ്വർഗ്ഗത്തിൽനിന്നോ, മനുഷ്യ
രിൽനിന്നോ?" എന്നു ചോദിച്ചു.

അതിനെപ്പറ്റി അവർ പരസ്പരം പറഞ്ഞു:
"'സ്വർഗ്ഗത്തിൽനിന്ന്' എന്നു നാം പറഞ്ഞാൽ,
'പിന്നെ അദ്ദേഹത്തിൽ നിങ്ങൾ വിശ്വസി
ക്കാതിരുന്നത് എന്തുകൊണ്ട്' എന്ന് അവൻ
നമ്മോടുചോദിക്കും. 26'മനുഷ്യരിൽനിന്ന്' എന്നു
പറഞ്ഞാലോ! - നാം ജനങ്ങളെ ഭയപ്പെടുന്നു;
എന്തെന്നാൽ യോഹന്നാനെ ഒരു പ്രവാചക
നായിട്ടാണ് അവരെല്ലാം കരുതുന്നത്.''

27അങ്ങനെ അവർ യേശുവിനോട്:
"ഞങ്ങൾക്ക് അറിഞ്ഞുകൂടാ " എന്ന് ഉത്തരം
പറഞ്ഞു.

"എങ്കിൽ, എന്ത് അധികാരംകൊണ്ടു ഞാൻ
ഈ കാര്യങ്ങൾ ചെയ്യുന്നു എന്നു ഞാനും
നിങ്ങളോടു പറയുന്നില്ല" എന്നു യേശു മറുപടി
നല്കി.

*രണ്ടു പുത്രന്മാരുടെ ഉപമ*

28"ഒരു മനുഷ്യനു രണ്ടു പുത്രന്മാർ
ഉണ്ടായിരുന്നു. ഒന്നാമന്റെ അടുക്കൽ ചെന്ന്
അയാൾ, "മകനേ, നീ ഇന്ന് എന്റെ മുന്തിരി
ത്തോട്ടത്തിൽ പോയി വേല ചെയ്യുക" എന്നു
പറഞ്ഞു.

29" 'എനിക്കു മനസ്സില്ല' എന്ന് അവൻ മറുപടി
നല്കി. എങ്കിലും പിന്നീടു മനസ്സുമാറ്റുകയും
പോവുകയും ചെയ്തു.

30"അപ്പൻ മറ്റേ മകനോടും അതേ കാര്യം
പറഞ്ഞു. 'ഉവ്വ്, ഞാൻ പോകാം' എന്ന് അവൻ
മറുപടി പറഞ്ഞെങ്കിലും പോയില്ല.

31"നിങ്ങൾക്ക് എന്തു തോന്നുന്നു? ഈ രണ്ടു
പേരിൽ ആരാണു പിതാവിന്റെ ഇഷ്ടം
നിറവേറ്റിയത്?" "ഒന്നാമൻ" അവർ ഉത്തരം
പറഞ്ഞു.

യേശു അവരോടു പറഞ്ഞു: "ഞാൻ
നിങ്ങളോടു സത്യം പറയുന്നു, ചുങ്കക്കാരും
വേശ്യകളും നിങ്ങൾക്കുമുമ്പേ ദൈവരാജ്യ
ത്തിൽപ്രവേശിക്കുന്നു. 32എന്തുകൊണ്ടെന്നാൽ
നിങ്ങൾക്കു നീതിയുടെ വഴി കാണിച്ചു തരാൻ
യോഹന്നാൻ വന്നു; എങ്കിലും നിങ്ങൾ അദ്ദേഹ
ത്തെ വിശ്വസിച്ചില്ല; ചുങ്കക്കാരും വേശ്യകളും
ആകട്ടെ, അദ്ദേഹത്തെ വിശ്വസിച്ചു; ഇതു
കണ്ടിട്ടും നിങ്ങൾ അനുതപിച്ച്
അദ്ദേഹത്തെ വിശ്വസിച്ചില്ല.

*കുടിയാന്മാരുടെ ഉപമ*

33"മറ്റൊരു ഉപമ കേൾപ്പിൻ: ഒരു ഭൂവുടമ ഒരു
മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു. അതിനു ചുറ്റും
വേലികെട്ടി, അതിൽ മുന്തിരിച്ചക്കു സ്ഥാപിച്ചു.
ഗോപുരവും പണിതു. പിന്നീട് മുന്തിരിത്തോട്ടം
ഏതാനും കൃഷിക്കാരെ പാട്ടത്തിന് ഏല്പിച്ചിട്ടു
മറ്റൊരു ദേശത്തേക്കു പോയി. 34വിള
വെടുപ്പുകാലം സമീപിച്ചപ്പോൾ അയാൾ ഫലം
ശേഖരിക്കുവാൻ തന്റെ ഭൃത്യന്മാരെ ഈ
കുടിയാന്മാരുടെ അടുക്കൽ അയച്ചു.

35"കുടിയാന്മാർ വേലക്കാരെ പിടിച്ച്
ഒരുത്തനെ അടിച്ചു, മറ്റൊരുത്തനെ കൊന്നു,
വേറൊരുത്തനെ കല്ലെറിഞ്ഞു. 36പിന്നീട്
അദ്ദേഹം ആദ്യത്തേതിലധികം ഭൃത്യന്മാരെ
അവരുടെ അടുത്തേക്ക് അയച്ചു; കുടിയാന്മാർ
അവരോടും അങ്ങനെതന്നെ ചെയ്തു. 37ഏറ്റവും
ഒടുവിലായി അയാൾ തന്റെ മകനെ അവരുടെ
അടുക്കൽ അയച്ചു; 'എന്റെ മകനെ അവർ
ആദരിക്കും' എന്ന് അയാൾ പറഞ്ഞു.

38"എന്നാൽ കുടിയാന്മാർ മകനെ കണ്ടപ്പോൾ,
'ഇവനാണ് അവകാശി. വരൂ, നമുക്ക് ഇവനെ
കൊന്ന് ഇവന്റെ അവകാശം കൈക്കലാക്കാം'
എന്നു തമ്മിൽത്തമ്മിൽ പറഞ്ഞു. 39അങ്ങനെ,
അവർ അവനെ പിടിച്ചു തോട്ടത്തിനു പുറത്താക്കി
കൊന്നുകളഞ്ഞു.

40"അതുകൊണ്ട്, മുന്തിരിത്തോട്ടത്തിന്റെ
ഉടമസ്ഥൻ വരുമ്പോൾ അദ്ദേഹം ഈ കുടി
യാന്മാരോട് എന്തു ചെയ്യും?"

41"അദ്ദേഹം ആ ദുഷ്ടന്മാരെ നിഷ്ഠൂരമായി
നശിപ്പിക്കും; പിന്നീട് പാട്ടം യഥാകാലം നല്കുന്ന
മറ്റു കുടിയാന്മാരെ തോട്ടം ഏല്പിക്കും." അവർ
ഉത്തരം പറഞ്ഞു.

42യേശു അവരോടു പറഞ്ഞു:
" 'പണിയുന്നവർ തള്ളിക്കളഞ്ഞ
കല്ലു മൂലക്കല്ലായിത്തീർന്നു;
ഇതു കർത്താവു ചെയ്തു;
നമ്മുടെ ദൃഷ്ടിയിൽ
ആശ്ചര്യകരവുമായിത്തീർന്നിരിക്കുന്നു'[a]
എന്നു തിരുവചനത്തിൽ നിങ്ങൾ
വായിച്ചിട്ടില്ലേ?

43"അതുകൊണ്ടു ദൈവരാജ്യം നിങ്ങ
ളിൽനിന്നും എടുത്തു ഫലം നല്കുന്ന ഒരു
ജനതയ്ക്കു നല്കും എന്നു ഞാൻ നിങ്ങളോടു
പറയുന്നു. 44ഈ കല്ലിന്മേൽ വീഴുന്നവൻ
തകർന്നുപോകും; ഇത് ആരുടെമേൽ വീഴു
ന്നുവോ അവൻ പൊടിയായിത്തീരും."

45മുഖ്യപുരോഹിതന്മാരും പരീശന്മാരും
യേശുവിന്റെ ഈ ഉപമകൾ കേട്ടിട്ട്, അവ
തങ്ങളെക്കുറിച്ചാണു പറയുന്നതെന്നു മന
സ്സിലാക്കി. 46അവർ അദ്ദേഹത്തെ ബന്ധന
സ്ഥനാക്കുവാൻ വഴി അന്വേഷിച്ചു. എന്നാൽ
ആളുകൾ അദ്ദേഹത്തെ ഒരു പ്രവാചകനായി
പരിഗണിച്ചിരുന്നതിനാൽ അവർ ജനക്കൂട്ടത്തെ

[a] 42 സങ്കീർത്തനം 118: 22,23

ഭയപ്പെട്ടു.

*കല്യാണവിരുന്നിൻെറ ഉപമ*

22 യേശു പിന്നെയും ഉപമകളിലൂടെ അവ
രോടു സംസാരിച്ചു: 2സ്വർഗ്ഗരാജ്യം,
തൻെറ മകനുവേണ്ടി കല്യാണവിരുന്ന് ഒരുക്കിയ
രാജാവിനോടു തുല്യം. 3അദ്ദേഹം
ക്ഷണിക്കപ്പെട്ടിരുന്നവരുടെ അടുത്തേക്കു
ഭൃത്യന്മാരെ അയച്ച് അവരോടു വിരുന്നിനു
വരുവാൻ ആവശ്യപ്പെട്ടു. എന്നാൽ അവർ
വരുവാൻ കൂട്ടാക്കിയില്ല.
4 " 'വിരുന്നു തയ്യാറായിരിക്കുന്നു; കാളക
ളെയും തീറ്റിക്കൊഴുപ്പിച്ച മൃഗങ്ങളെയും
അറുത്തു, സകലവും സജ്ജമായിരിക്കുന്നു;
കല്യാണവിരുന്നിനു വരുവിൻ' എന്നു നിങ്ങൾ
പോയി ക്ഷണിക്കപ്പെട്ടവരോടു പറയുവിൻ''
എന്നു പറഞ്ഞ് അദ്ദേഹം വേറെ കുറെ ഭൃത്യ
ന്മാരെക്കൂടി അയച്ചു.
5 "എന്നാൽ അവർ ഒട്ടും ഗൗനിക്കാതെ
ഒരുത്തൻ തൻെറ വയലിലേക്കും മറ്റൊരുത്തൻ
തൻെറ വ്യാപാരത്തിനും പോയി. 6 ശേഷിച്ചവർ
അദ്ദേഹത്തിൻെറ ഭൃത്യന്മാരെ പിടിച്ച്
അപമാനിക്കുകയും കൊല്ലുകയും ചെയ്തു.
7രാജാവിനു ക്രോധം ജ്വലിച്ചു. അദ്ദേഹം തൻെറ
സൈന്യത്തെ അയച്ച് ആ കൊലപാതകന്മാരെ
നശിപ്പിക്കയും അവരുടെ പട്ടണം ചുട്ടുകളയു
കയും ചെയ്തു.
8 "അനന്തരം അദ്ദേഹം വേലക്കാരോടു
പറഞ്ഞു: 'കല്യാണവിരുന്നു തയ്യാറായിരിക്കുന്നു,
ക്ഷണിക്കപ്പെട്ടവർ അതിനു യോഗ്യരായില്ല.
9നിങ്ങൾ തെരുവിൽ ചെന്നു,
കാണുന്നവരെയെല്ലാം വിരുന്നിനു ക്ഷണി
ക്കുവിൻ'. 10അങ്ങനെ വേലക്കാർ പുറപ്പെട്ടു
തെരുവുകളിൽചെന്നു കണ്ണിൽ കണ്ട
സകലരെയും - നല്ലവരെയും ദുഷ്ടരെയും -
വിളിച്ചുകൂട്ടി. വിരുന്നുശാല അതിഥികളെ
ക്കൊണ്ടു നിറഞ്ഞു.
11 "അതിഥികളെ കാണാൻ രാജാവു കടന്നു
വന്നു. വിവാഹവസ്ത്രം ധരിക്കാത്ത ഒരാൾ
അദ്ദേഹത്തിൻെറ ശ്രദ്ധയിൽപ്പെട്ടു. 12അദ്ദേഹം
അവനോട്: 'സ്നേഹിതാ, വിവാഹവസ്ത്രം കൂ
ടാതെ താങ്കൾ അകത്തു കയറിയതെങ്ങനെ?'
എന്നു ചോദിച്ചു. അയാൾക്കു മറുപടി ഒന്നും
പറയാൻ ഉണ്ടായിരുന്നില്ല.
13 "അപ്പോൾ രാജാവു തൻെറ സേവകരോട്:
'ഇയാളെ കൈയും കാലും കെട്ടി പുറത്ത്
ഇരുട്ടിലേക്കു തള്ളിക്കളയുവിൻ; അവിടെ
വിലാപവും പല്ലുകടിയും ഉണ്ടാകും' എന്നു
പറഞ്ഞു.
14 "ക്ഷണിക്കപ്പെട്ടവർ വളരെയധികം; തിര
ഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം."

*കൈസർക്കു കരം കൊടുക്കണമോ?*

15പരീശന്മാർ പോയി അദ്ദേഹത്തെ വാക്കിൽ
കുടുക്കുവാൻ കൂടിയാലോചിച്ചു. 16അവർ
ഹെരോദ്യരോടൊപ്പം തങ്ങളുടെ ശിഷ്യന്മാരെ
അദ്ദേഹത്തിൻെറ അടുക്കൽ അയച്ചു. അവർ
പറഞ്ഞു: "ഗുരോ, അങ്ങ് സത്യവാനും
സത്യത്തിന് അനുസൃതമായി ദൈവികമാർഗ്ഗം
ഉപദേശിക്കുന്നവനുമാണെന്നു ഞങ്ങൾക്ക്
അറിയാം. അങ്ങ് മനുഷ്യരുടെ മുഖം
നോക്കാത്തവനാകയാൽ ആർക്കും അങ്ങയെ
സ്വാധീനിക്കുവാൻ സാധ്യമല്ല. 17അതുകൊണ്ട്
അങ്ങയുടെ അഭിപ്രായം എന്തെന്നു ഞങ്ങളോടു
പറഞ്ഞാലും. കൈസർക്കു കരം കൊടുക്കുന്നതു
ന്യായമോ ന്യായരഹിതമോ?"
18യേശു അവരുടെ ദുരുദ്ദേശ്യം മനസ്സി
ലാക്കിയിട്ട്, ''കപടനാട്യക്കാരേ, നിങ്ങൾ എന്നെ
കുടുക്കിലാക്കുവാൻ എന്തിനു ശ്രമിക്കുന്നു?
19കരം കൊടുക്കുവാൻ ഉപയോഗിക്കുന്ന ഒരു
നാണയം കാണിക്കുവിൻ" എന്നു പറഞ്ഞു.
അവർ ഒരു ദിനാർ കൊണ്ടുവന്ന് അദ്ദേഹ
ത്തെകാണിച്ചു. 20അദ്ദേഹം അവരോട്: "ഈ
ചിത്രവും മേലെഴുത്തും ആരുടേത്?" എന്നു
ചോദിച്ചു.
21"കൈസരുടേത്" അവർ മറുപടി പറഞ്ഞു.
പിന്നെ അദ്ദേഹം അവരോട്, "കൈസർക്കുള്ളതു
കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തി
നും കൊടുക്കുവിൻ" എന്നു പറഞ്ഞു.
22ഇതുകേട്ട് അവർ വിസ്മയത്തോടെ അദ്ദേ
ഹത്തെ വിട്ടുപോയി.

*പുനരുത്ഥാനവും വിവാഹവും*

23മരിച്ചവർക്കു പുനരുത്ഥാനം ഇല്ല എന്നു
പറയുന്ന സദൂക്യരിൽ ചിലർ അന്നുതന്നെ ഒരു
ചോദ്യവുമായി അദ്ദേഹത്തിൻെറ അടുക്കൽ വന്ന്:
24"ഗുരോ, സന്താനങ്ങൾ ഇല്ലാതെ ഒരുവൻ
മരിച്ചാൽ അവൻെറ സഹോദരൻ ആ വിധവയെ
വിവാഹം കഴിച്ച് അവനുവേണ്ടി സന്താനങ്ങളെ
ജനിപ്പിക്കണം എന്നു മോശെ ഞങ്ങളോടു
കല്പിച്ചിട്ടുണ്ട്. 25ഞങ്ങളുടെ ഇടയിൽ ഏഴു
സഹോദരന്മാർ ഉണ്ടായിരുന്നു. ഒന്നാമൻ
വിവാഹം ചെയ്തശേഷം മരിച്ചു. സന്താനങ്ങൾ
ഇല്ലായ്കയാൽ അവൻെറ ഭാര്യയെ സഹോദരൻ
വിവാഹം ചെയ്തു. 26 പിന്നെ രണ്ടാമനും
മൂന്നാമനും അങ്ങനെ ഏഴാമൻവരെയുള്ള
എല്ലാവർക്കും ഇതുതന്നെ സംഭവിച്ചു. 27ഒടുവിൽ
സ്ത്രീയും മരിച്ചു. 28പുനരുത്ഥാനത്തിൽ അവൾ
ആ ഏഴുപേരിൽ ആരുടെ ഭാര്യയായിരിക്കും?
എല്ലാവരും അവളെ വിവാഹം ചെയ്തിരുന്നു
വല്ലോ."
29യേശു ഉത്തരം പറഞ്ഞു: "നിങ്ങൾ
തിരുവെഴുത്തുകളെയോ ദൈവശക്തിയെയോ

അറിയാത്തതുകൊണ്ടു നിങ്ങൾക്കു തെറ്റു
പറ്റുന്നു. 30 പുനരുത്ഥാനത്തിൽ ആളുകൾ
വിവാഹം കഴിക്കുകയോ വിവാഹത്തിനു
കൊടുക്കപ്പെടുകയോ ചെയ്യുന്നില്ല. അവർ സ്വർ
ഗ്ഗത്തിലെ ദൂതന്മാരോടു സദൃശരായിരിക്കും.
31മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചാകട്ടെ,
ദൈവം നിങ്ങളോട്: 'ഞാൻ അബ്രാഹാമിൻെറ
ദൈവവും യിസ്ഹാക്കിൻെറ ദൈവവും
യാക്കോബിൻെറ ദൈവവും ആകുന്നു'[a] എന്ന്
അരുളിച്ചെയ്തിരിക്കുന്നതു വായിച്ചിട്ടില്ലേ?
32അവിടുന്നു മരിച്ചവരുടെ ദൈവമല്ല;
ജീവനുള്ളവരുടെ ദൈവമത്രേ."
33ജനക്കൂട്ടം ഇതു കേട്ട് അദ്ദേഹത്തിൻെറ ഉപ
ദേശത്തിൽ വിസ്മയിച്ചു.

*ഏറ്റവും മുഖ്യകല്പന*

"യേശു സദൂക്യരെ നിശ്ശബ്ദരാക്കി എന്നു
കേട്ടിട്ടു പരീശന്മാർ ഒത്തുകൂടി. 35"അവരിൽ ഒരു
ന്യായപ്രമാണോപദേഷ്ടാവ് യേശുവിനെ
പരീക്ഷിച്ചുകൊണ്ട്: 36"ഗുരോ, ന്യായപ്രമാണ
ത്തിലെ ഏറ്റവും മുഖ്യകല്പന ഏതാണ്?"
എന്നു ചോദിച്ചു.
37യേശു ഉത്തരം പറഞ്ഞു: " 'നിൻെറ
ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയ
ത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമന
സ്സോടുംകൂടി സ്നേഹിക്കുക;'[b] 38ഇതാകുന്നു
ഒന്നാമത്തേതും മുഖ്യവുമായ കല്പന. 39രണ്ടാ
മത്തേതു അതിനോടു സദൃശം: 'നിൻെറ അയൽ
ക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക'[c]
40സകല ന്യായപ്രമാണവും പ്രവാചകന്മാരും ഈ
രണ്ടു കല്പനകളിൽ അധിഷ്ഠിതമായി
രിക്കുന്നു."

*ക്രിസ്തു ആരുടെ പുത്രൻ?*

41പരീശന്മാർ ഒന്നിച്ചുകൂടിയപ്പോൾ യേശു
അവരോട്: 42"ക്രിസ്തുവിനെപ്പറ്റി നിങ്ങൾ എന്തു
ചിന്തിക്കുന്നു? അവൻ ആരുടെ പുത്രനാണ്?"
എന്നു ചോദിച്ചു.
"ദാവീദിൻെറ പുത്രൻ" അവർ മറുപടി പറഞ്ഞു.
43അദ്ദേഹം അവരോടു ചോദിച്ചു:
"അങ്ങനെയെങ്കിൽ, ദാവീദ് ആത്മാവിൽ
സംസാരിക്കുമ്പോൾ അവനെ 'കർത്താവേ'
എന്നു സംബോധന ചെയ്യുന്നത് എങ്ങനെ?
44" 'ഞാൻ നിൻെറ ശത്രുക്കളെ നിൻെറ
കാല്ക്കീഴിൽ ആക്കുന്നതുവരെ നീ
എൻെറ വലത്തുഭാഗത്തിരിക്കുക'
എന്നു കർത്താവു എൻെറ
കർത്താവിനോട് അരുളിച്ചെയ്തു"
എന്നു ദാവീദ് പ്രസ്താവിച്ചുവല്ലോ!
45"ദാവീദുതന്നെ അവനെ 'കർത്താവേ' എന്നു
വിളിക്കുന്നുവെങ്കിൽ അവൻ ദാവീദിൻെറ പുത്രൻ
ആകുന്നതെങ്ങനെ?" 46ആർക്കും ഒരു വാക്കും
അദ്ദേഹത്തോട് ഉത്തരം പറയാൻ കഴിഞ്ഞില്ല.
അന്നുമുതൽ അദ്ദേഹത്തോടു ചോദ്യമൊന്നും
ചോദിക്കുവാൻ ആരും ധൈര്യപ്പെട്ടില്ല.

*വേദജ്ഞരെയും പരീശരെയും യേശു ഭർത്സിക്കുന്നു*

23 അനന്തരം യേശു ജനക്കൂട്ടത്തോടും
ശിഷ്യന്മാരോടും ഇങ്ങനെ പറഞ്ഞു:
2"വേദജ്ഞരും പരീശരും മോശെയുടെ ഇരിപ്പി
ടത്തിൽ ഇരിക്കുന്നു. 3അതുകൊണ്ട് അവരെ
നിങ്ങൾ അനുസരിക്കണം; അവർ പറയുന്ന
തെല്ലാം ചെയ്യുകയും വേണം. എന്നാൽ അവർ
പ്രവർത്തിക്കുന്നതുപോലെ നിങ്ങൾ പ്രവർ
ത്തിക്കരുത്. എന്തെന്നാൽ അവർ പഠിപ്പിക്കു
ന്നതനുസരിച്ച് അവർ പ്രവർത്തിക്കുന്നില്ല.
4അവർ ഭാരമുള്ള ചുമടുകൾകെട്ടി മനുഷ്യരുടെ
തോളിൽ വയ്ക്കുന്നു; എന്നാൽ ഒരു വിരൽ
കൊണ്ടുപോലും അവയെ തൊടുവാൻ അവർക്കു
മനസ്സില്ല.
5"അവർ ചെയ്യുന്നതെല്ലാം മനുഷ്യർ
കാണുന്നതിനുവേണ്ടിയാണ്; അവർ തങ്ങളുടെ
മന്ത്രപ്പട്ടകൾക്കു വീതിയും മേലങ്കിയുടെ
തൊങ്ങലുകൾക്കു നീളവും കൂട്ടുന്നു. 6വിരുന്നു
കളിൽ മാന്യസ്ഥാനവും പള്ളികളിൽ പ്രധാന
ഇരിപ്പിടവും അവർ ആഗ്രഹിക്കുന്നു. 7ചന്ത
സ്ഥലങ്ങളിൽ അഭിവാദനം ചെയ്യപ്പെടുന്നതും
ആളുകൾ 'റബ്ബീ' എന്നു വിളിക്കുന്നതും അവർ
ഇഷ്ടപ്പെടുന്നു.
8"നിങ്ങളോ 'റബ്ബീ' എന്നു വിളിക്കപ്പെടരുത്.
ഒരുവൻ മാത്രമാണ് നിങ്ങളുടെ ഗുരു; നിങ്ങളോ
എല്ലാവരും സഹോദരർ മാത്രം. 9ഭൂമിയിൽ
ആരെയും 'പിതാവ്' എന്നു വിളിക്കരുത്;
നിങ്ങളുടെ പിതാവ് ഒരുവൻമാത്രം; സ്വർഗ്ഗത്തിൽ
വസിക്കുന്നവൻതന്നേ. 10നിങ്ങളിൽ ആരും 'ഗുരു'
എന്നും വിളിക്കപ്പെടരുത്. നിങ്ങൾക്കു 'ഗുരു'
ഒരാൾ മാത്രം: ക്രിസ്തു തന്നെ. 11നിങ്ങളിൽ
ഏറ്റവും വലിയവൻ നിങ്ങളുടെ ദാസനാ
യിരിക്കണം. 12എന്തെന്നാൽ തന്നെത്താൻ
ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്താൻ
താഴ്ത്തുന്നവൻ ഉയർത്തപ്പെടും.
13"കപടഭക്തരായ വേദജ്ഞരും പരീശരുമേ,
നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ മനുഷ്യർക്കു
നേരേ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ
അതിൽ പ്രവേശിക്കുന്നില്ല; പ്രവേശിക്കുവാൻ
ആഗ്രഹിക്കുന്നവരെ അനുവദിക്കുകയുമില്ല.
[14കപടഭക്തരായ വേദജ്ഞരും പരീശരുമേ,
നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ വിധവമാരുടെ
വീടുകളെ വിഴുങ്ങുകയും മറ്റുള്ളവർ കാണേണ്ട

*a* 32 പുറപ്പാട് 3:6 *b* 37 ആവർത്തനം 6:15 *c* 39 ലേവ്യ 19:18

തിന് ദീർഘമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.
തന്മൂലം നിങ്ങൾ അതികഠിനമായി ശിക്ഷിക്ക
പ്പെടും.]
15“കപടഭക്തരായ വേദജ്ഞരും, പരീശരുമേ,
നിങ്ങൾക്കു ഹാ കഷ്ടം! ഒരാളെ മതത്തിൽ
ചേർക്കുവാൻ നിങ്ങൾ കരയും കടലും ചുറ്റി
സഞ്ചരിക്കുന്നു; ചേർന്നുകഴിയുമ്പോൾ അയാളെ
നിങ്ങളുടേതിന്റെ ഇരട്ടി നരകശിക്ഷയ്ക്കു
പാത്രമാക്കുന്നു.
16“അന്ധരായ മാർഗ്ഗദർശികളേ, നിങ്ങൾക്കു
ഹാ കഷ്ടം! ഒരുവൻ ദൈവാലയത്തെക്കൊണ്ട്
ആണയിട്ടാൽ സാരമില്ല എന്നും ദൈവാല
യത്തിലെ സ്വർണ്ണത്തെക്കൊണ്ട് ആണയിട്ടാൽ
അയാൾ തന്റെ ആണ നിറവേറ്റാൻ ബാധ്യ
സ്ഥനാണെന്നും നിങ്ങൾ പറയുന്നു. 17അന്ധ
രായ ഭോഷന്മാരേ, ഏതാണ് ഏറെ ശ്രേഷ്ഠം?
സ്വർണ്ണമോ സ്വർണ്ണത്തെ വിശുദ്ധീകരിക്കുന്ന
ദൈവാലയമോ? 18‘ആരെങ്കിലും യാഗപീഠ
ത്തിന്റെ പേരിൽ ആണയിട്ടാൽ സാരമില്ല
എന്നും അതിന്മേലുള്ള വഴിപാടിനെക്കൊണ്ട്
ആണയിട്ടാൽ അവൻ അതു നിറവേറ്റാൻ
കടപ്പെട്ടവനാണെന്നും നിങ്ങൾ പറയുന്നു. 19ഹേ
അന്ധരേ, ഏതാണു ശ്രേഷ്ഠമായിട്ടുള്ളത്?
വഴിപാടോ, വഴിപാടിനെ വിശുദ്ധീകരിക്കുന്ന
യാഗപീഠമോ? 20അതിനാൽ യാഗപീഠത്തെ
ക്കൊണ്ട് ആണയിടുന്നവൻ യാഗപീഠത്തെയും
അതിന്മേലുള്ള എല്ലാറ്റിനെയും കൊണ്ടാണ്
ആണയിടുന്നത്. 21ദൈവാലയത്തെക്കൊണ്ട്
ആണയിടുന്നവൻ ദൈവാലയത്തെയും അതിൽ
വസിക്കുന്നവനെയും ചൊല്ലി ആണയിടുന്നു.
22സ്വർഗ്ഗത്തെക്കൊണ്ട് ആണയിടുന്നവൻ ദൈവ
സിംഹാസനത്തെയും അതിന്മേൽ ഇരിക്കു
ന്നവനെയുംകൊണ്ടാണ് ആണയിടുന്നത്.
23“കപടഭക്തരായ വേദജ്ഞരും പരീശരുമേ,
നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ തുളസി,
ചതകുപ്പ, ജീരകം എന്നിവയിൽ ദശാംശം കൊടു
ക്കുന്നു. എന്നാൽ ന്യായം, കരുണ, വിശ്വസ്തത
എന്നിങ്ങനെ ന്യായപ്രമാണത്തിലെ ഘനമേറിയ
കാര്യങ്ങൾ അവഗണിക്കുന്നു; ആദ്യം പറഞ്ഞത്
അവഗണിക്കാതെ നിങ്ങൾ രണ്ടാമത്തേത്
അനുഷ്ഠിക്കുകയാണ് വേണ്ടിയിരുന്നത്.
24അന്ധരായ വഴികാട്ടികളേ, നിങ്ങൾ കൊതു
കിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങി
ക്കളയുകയും ചെയ്യുന്നു.
25“കപടഭക്തരായ വേദജ്ഞരും പരീശരുമേ,
നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ പാനപാത്ര
ത്തിന്റെയും തളികയുടെയും പുറം വെടിപ്പാ
ക്കുന്നു; ഉള്ളിലോ അവ ദുരാഗ്രഹവും സുഖാ
സക്തിയുംകൊണ്ടു നിറഞ്ഞിരിക്കുന്നു. 26അ
ന്ധനായ പരീശാ, ആദ്യം പാനപാത്രത്തിന്റെയും
തളികയുടെയും അകം വെടിപ്പാക്കുക; അപ്പോൾ
പുറവും ശുദ്ധമായിത്തീരും.
27“കപടഭക്തരായ വേദജ്ഞരും പരീശരുമേ,
നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ വെള്ളതേച്ച
ശവക്കല്ലറകൾക്കു തുല്യർ; അവ പുറമേ
മനോഹരം; അകമെയോ മരിച്ചവരുടെ
അസ്ഥികളും സകലവിധ അശുദ്ധിയും കൊണ്ടു
നിറഞ്ഞിരിക്കുന്നു. 28അതുപോലെതന്നെ
നിങ്ങളും ജനങ്ങളുടെ മുന്നിൽ നീതിമാന്മാരായി
കാണപ്പെടുന്നു, പക്ഷേ ഉള്ളിൽ കപടഭക്തിയും
ദുഷ്ടതയും കൊണ്ടു നിറഞ്ഞവരാണ്.
29“കപടഭക്തരായ വേദജ്ഞരും പരീശരുമേ,
നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ പ്രവാചക
ന്മാർക്കു ശവക്കല്ലറകൾ പണിയുകയും
നീതിമാന്മാരുടെ ശവകുടീരങ്ങളെ അലങ്കരി
ക്കുകയും ചെയ്യുന്നു. 30‘പൂർവ്വപിതാക്കന്മാരുടെ
കാലത്തു ഞങ്ങൾ ജീവിച്ചിരുന്നുവെങ്കിൽ
പ്രവാചകരുടെ രക്തം ചൊരിയിക്കുവാൻ
ഞങ്ങൾ കൂട്ടു നില്ക്കുകയില്ലായിരുന്നു’ എന്നും
നിങ്ങൾ പറയുന്നു. 31ഇങ്ങനെ, നിങ്ങൾ
പ്രവാചകരെ കൊന്നവരുടെ പിൻഗാമികളെന്നു
നിങ്ങൾക്കെതിരെ നിങ്ങൾതന്നെ സാക്ഷ്യം
പറയുന്നു. 32നിങ്ങളുടെ പൂർവ്വികരുടെ
പാപത്തിന്റെ അളവ് നിങ്ങൾ തികച്ചു
കൊള്ളുവിൻ.
33“സർപ്പങ്ങളേ, സർപ്പസന്തതികളേ, നരക
ശിക്ഷയിൽനിന്നു നിങ്ങൾ എങ്ങനെ തെറ്റി
യൊഴിയും? 34അതിനാൽ നിങ്ങളുടെ അടു
ത്തേക്കു പ്രവാചകന്മാരെയും ജ്ഞാനികളെയും
വേദജ്ഞരെയും ഞാൻ അയയ്ക്കുന്നു. അവരിൽ
ചിലരെ നിങ്ങൾ കൊല്ലുകയും ക്രൂശിലേറ്റുകയും
ചെയ്യും; മറ്റു ചിലരെ നിങ്ങളുടെ പള്ളികളിൽ
വച്ചു ചാട്ടവാറുകൊണ്ട് അടിക്കുകയും പട്ടണം
തോറും വേട്ടയാടുകയും ചെയ്യും. 35അങ്ങനെ,
നീതിമാനായ ഹാബേലിന്റെ രക്തംമുതൽ
ദൈവാലയത്തിനും യാഗപീഠത്തിനും ഇടയ്
ക്കുവച്ചു നിങ്ങൾ കൊന്നവനും ബെരെഖ്യാ
വിന്റെ മകനുമായ സെഖര്യാവിന്റെ രക്തം
വരെ ഭൂമിയിൽ ചൊരിഞ്ഞിട്ടുള്ള നീതിയുള്ള
സകല രക്തവും നിങ്ങളുടെ തലമേൽ വരും.
36ഇതെല്ലാം ഈ തലമുറയുടെമേൽ വരുമെന്നു
സത്യമായും ഞാൻ നിങ്ങളോടു പറയുന്നു.
37യെരൂശലേമേ, യെരൂശലേമേ, പ്രവാ
ചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ
അയയ്ക്കപ്പെട്ടവരെ കല്ലെറിയുകയും ചെയ്യുന്ന
വളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ
കീഴിൽ അണയ്ക്കുന്നതുപോലെ നിന്റെ മക്കളെ
അണച്ചുകൊള്ളുവാൻ എത്രവട്ടം ഞാൻ
ആഗ്രഹിച്ചു. എന്നാൽ നിനക്കോ മനസ്സുണ്ടാ
യില്ല. 38ഇതാ, നിന്റെ ഭവനം ശൂന്യമായിരി

ക്കുന്നു. 39 'കർത്താവിൻെറ നാമത്തിൽ വരുന്ന
വൻ അനുഗ്രഹിക്കപ്പെട്ടവൻ' [a] എന്നു നീ പറയു
ന്നതുവരെ ഇനി നീ എന്നെ കാണുകയില്ല എന്നു
ഞാൻ നിന്നോടു പറയുന്നു."

*യുഗാവസാന ലക്ഷണങ്ങൾ*

24 യേശു ദൈവാലയം വിട്ടുപോകുമ്പോൾ
ദൈവാലയത്തിൻെറ കെട്ടിടങ്ങൾ
കാണിക്കുവാൻ ശിഷ്യന്മാർ അദ്ദേഹത്തിൻെറ
അടുക്കൽ ചെന്നു. 2 "നിങ്ങൾ ഈ പണികളെല്ലാം
കാണുന്നുവോ?" അദ്ദേഹം ചോദിച്ചു. "കല്ലിനുമീ
തെ കല്ലു ശേഷിക്കാത്തവിധം ഇതെല്ലാം തകർ
ക്കപ്പെടും എന്നു ഞാൻ സത്യമായി നിങ്ങളോടു
പറയുന്നു" എന്ന് അദ്ദേഹം പറഞ്ഞു.
3യേശു ഒലിവുമലയിൽ ഇരിക്കുമ്പോൾ
ശിഷ്യന്മാർ തനിച്ച് അദ്ദേഹത്തിൻെറ അടുക്കൽ
വന്നു. അവർ ചോദിച്ചു: "ഇതെല്ലാം എപ്പോൾ
സംഭവിക്കും? അങ്ങയുടെ വരവിൻെറയും
യുഗാവസാനത്തിൻെറയും അടയാളം എന്താ
യിരിക്കും?"
4യേശു ഉത്തരം പറഞ്ഞു: "ആരും നിങ്ങളെ
വഞ്ചിക്കാതിരിക്കുവാൻ സൂക്ഷിച്ചുകൊൾവിൻ.
5'ഞാൻ ക്രിസ്തുവാകുന്നു' എന്നു പറഞ്ഞു
കൊണ്ടു ധാരാളം പേർ എൻെറ നാമത്തിൽ വന്നു
പലരെയും വഞ്ചിക്കും. 6നിങ്ങൾ യുദ്ധങ്ങളെപ്പറ്റി
കേൾക്കും. യുദ്ധങ്ങളെക്കുറിച്ചുള്ള കിംവദന്തി
കളും കേൾക്കും; എന്നാൽ പരിഭ്രാന്തരാകരുത്.
ഇവയെല്ലാം സംഭവിക്കേണ്ടതു തന്നെ, എങ്കിലും
അത് അവസാനമല്ല, 7ജാതി ജാതിയോടും
രാഷ്ട്രം രാഷ്ട്രത്തോടും കലഹിക്കും. ക്ഷാമവും
ഭൂകമ്പവും അവിടവിടെ ഉണ്ടാകും. 8ഇവയെല്ലാം
ഈറ്റുനോവിൻെറ ആരംഭമത്രേ.
9"നിങ്ങൾ പീഡനത്തിന് ഏല്പിക്കപ്പെടു
കയും കൊല്ലപ്പെടുകയും ചെയ്യും. ഞാൻനിമിത്തം
സർവ്വജനതകളും നിങ്ങളെ വെറുക്കും.
10അപ്പോൾ അനേകർ വിശ്വാസം ത്യജിക്കുകയും
പരസ്പരം ഒറ്റിക്കൊടുക്കുകയും പകയ്ക്കുകയും
ചെയ്യും. 11കള്ളപ്രവാചകന്മാർ പലരും വന്നു
നിരവധി ആളുകളെ വഴി തെറ്റിക്കും. 12ദുഷ്ടത
പെരുകുന്നതുകൊണ്ട് അനേകരുടെയും
സ്നേഹം തണുത്തു പോകും; 13എന്നാൽ
അന്ത്യംവരെയും സഹിച്ചു നില്ക്കുന്നവൻ രക്ഷി
ക്കപ്പെടും. 14രാജ്യത്തിൻെറ ഈ സുവിശേഷം
എല്ലാ ജനതകൾക്കും ഒരു സാക്ഷ്യമായി
ലോകത്തിലെല്ലാം പ്രസംഗിക്കപ്പെടും; അപ്പോൾ
ആയിരിക്കും അവസാനം.
15"ദാനീയേൽപ്രവാചകനിലൂടെ അരുളിച്ചെ
യ്തപ്രകാരം, 'ശൂന്യമാക്കുന്ന മ്ളേച്ഛത' [b]
വിശുദ്ധസ്ഥലത്തു നില്ക്കുന്നതു നിങ്ങൾ
കാണുമ്പോൾ - വായിക്കുന്നവൻ മനസ്സി
ലാക്കട്ടെ - 16യഹൂദ്യയിലുള്ളവർ മലകളിലേക്ക്
ഓടിപ്പോകട്ടെ. 17പുരമുകളിലിരിക്കുന്നവൻ
വീട്ടിനുള്ളിൽനിന്ന് എന്തെങ്കിലും എടുക്കുവാൻ
ഇറങ്ങിപ്പോകരുത്. 18വയലിൽ ആയിരിക്കു
ന്നവൻ മേലങ്കി എടുക്കാൻ തിരിച്ചു പോകരുത്.
19ആ ദിവസങ്ങളിൽ ഗർഭിണികൾക്കും
മുലയൂട്ടുന്ന അമ്മമാർക്കും അയ്യോ കഷ്ടം!
20നിങ്ങളുടെ പലായനം ശീതകാലത്തോ
ശബ്ബത്തിലോ ആകരുതേ എന്നു പ്രാർത്ഥിക്കു
വിൻ. 21എന്തുകൊണ്ടെന്നാൽ ലോകാരംഭം
മുതൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തതും
ഇനിയൊരിക്കലും ഉണ്ടാകാത്തതുമായ വലിയ
കഷ്ടത ആ കാലത്ത് ഉണ്ടാകും. 22ആ ദിവസ
ങ്ങളുടെ എണ്ണം പരിമിതപ്പെടുത്തിയില്ലെങ്കിൽ
ആരും രക്ഷിക്കപ്പെടുകയില്ല; എന്നാൽ തെര
ഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി ആ ദിവസങ്ങ
ളുടെ എണ്ണം പരിമിതമാക്കപ്പെടും. 23അക്കാല
ത്ത് ആരെങ്കിലും നിങ്ങളോട്: 'ഇതാ, ക്രിസ്തു
ഇവിടെ' എന്നോ 'അതാ, ക്രിസ്തു അവിടെ'
എന്നോ പറഞ്ഞാൽ അതു വിശ്വസിക്കരുത്:
24കാരണം, കള്ളക്രിസ്തുക്കളും കള്ളപ്രവാച
കരുംവന്ന് വലിയ അടയാളങ്ങളും അത്ഭുത
ങ്ങളും കാണിക്കുകയും സാധ്യമെങ്കിൽ തെര
ഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഞ്ചിക്കുകയും
ചെയ്യും. 25നോക്കൂ, ഇതു ഞാൻ നിങ്ങളോടു
മുൻകൂട്ടി പറഞ്ഞിരിക്കുന്നു.
26"ആകയാൽ ആരെങ്കിലും നിങ്ങളോട്:
'അദ്ദേഹം അവിടെ മരുഭൂമിയിൽ' എന്നു
പറഞ്ഞാൽ നിങ്ങൾ പുറപ്പെടരുത്; 'അദ്ദേഹം
ഇതാ ഇവിടെ മുറിക്കുള്ളിൽ' എന്നു പറഞ്ഞാൽ
അതു വിശ്വസിക്കരുത്. 27മിന്നൽപ്പിണർ
കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറുവരെ
പ്രകാശിക്കുന്നതുപോലെ ആയിരിക്കും മനുഷ്യ
പുത്രൻെറ വരവ്. 28ശവം ഉള്ളേടത്ത് കഴുകന്മാർ
വന്നുകൂടും.
29"ആ ദിവസങ്ങളിലെ കഷ്ടം
കഴിഞ്ഞാലുടനേ,

'സൂര്യൻ ഇരുണ്ടുപോകും,
ചന്ദ്രൻ പ്രകാശിക്കാതെയാകും,
നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും;
ആകാശത്തിലെ ശക്തികൾ ഇളകും.' [c]

30"അപ്പോൾ മനുഷ്യപുത്രൻെറ അടയാളം
ആകാശത്തു വെളിപ്പെടും; ഭൂമിയിലെ സകല
ജനതയും വിലപിക്കും. മനുഷ്യപുത്രൻ
ശക്തിയോടും മഹാതേജസ്സോടുംകൂടെ
ആകാശമേഘങ്ങളിന്മേൽ വരുന്നത് അവർ
കാണും. 31അവൻ ഉച്ചത്തിലുള്ള കാഹള
നാദത്തോടെ തൻെറ ദൂതന്മാരെ അയയ്ക്കും;
അവർ ആകാശത്തിൻെറ ഒരറ്റം മുതൽ മറ്റേ
അറ്റംവരെ, നാല് അതിരുകളിൽനിന്നും, തൻെറ

[a] 39 സങ്കീർത്തനം 118:26 [b] 15 ദാനീയേൽ 9:27, 11:13, 12:11 [c] 29യെശയ്യാവ് 13:10, 34:4

തിരഞ്ഞെടുക്കപ്പെട്ടവരെ ഒന്നിച്ചുകൂട്ടും.
32"അത്തിമരത്തിൽനിന്ന് ഈ പാഠം പഠി
ക്കുവിൻ. അതിൻെറ ചില്ലകൾ ഇളതാവുകയും
തളിർക്കുകയും ചെയ്യുമ്പോൾ വേനല്ക്കാലം
അടുത്തിരിക്കുന്നുവെന്നു നിങ്ങൾക്കറിയാം.
33അതുപോലെ, ഈ കാര്യങ്ങളെല്ലാം കാണു
മ്പോൾ അദ്ദേഹം അടുത്ത്, വാതില്ക്കൽ ത്തന്നെ
എത്തിയിരിക്കുന്നുവെന്നു ധരിച്ചുകൊള്ളുവിൻ.
34ഈ കാര്യങ്ങളെല്ലാം സംഭവിച്ചു കഴിയുന്നതു
വരെ ഈ തലമുറ നിശ്ചയമായും നീങ്ങിപ്പോവു
കയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു
പറയുന്നു. 35ആകാശവും ഭൂമിയും നീങ്ങിപ്പോകും;
എൻെറ വചനങ്ങളോ ഒരുനാളും നീങ്ങിപ്പോ
വുകയില്ല.

### *നാളും നാഴികയും അറിയുന്നില്ല*

36"ആ ദിവസവും മണിക്കൂറും പിതാവ്
അല്ലാതെ, സ്വർഗ്ഗത്തിലെ ദൂതന്മാരോ, പുത്രൻ
പോലുമോ,[a] അറിയുന്നില്ല. 37നോഹയുടെ
കാലത്തു സംഭവിച്ചതുപോലെയായിരിക്കും
മനുഷ്യപുത്രൻെറ വരവ്. 38പ്രളയത്തിനു
മുമ്പുള്ള ദിവസങ്ങളിൽ, നോഹ പെട്ടകത്തിൽ
പ്രവേശിച്ച ദിവസംവരെ, ജനങ്ങൾ തിന്നും
കുടിച്ചും വിവാഹംകഴിച്ചും വിവാഹത്തിനു
കൊടുത്തും പോന്നു. 39പ്രളയം വന്ന് എല്ലാ
വരെയും നീക്കിക്കളയുന്നതുവരെ, എന്താണു
സംഭവിക്കാൻ പോകുന്നതെന്ന് ആരും
അറിഞ്ഞില്ല. മനുഷ്യപുത്രൻെറ വരവിലും
ഇങ്ങനെതന്നെ ആയിരിക്കും. 40രണ്ടു
പുരുഷന്മാർ വയലിൽ ആയിരിക്കും. ഒരുവൻ
എടുക്കപ്പെടും; മറ്റവൻ ഉപേക്ഷിക്കപ്പെടും.
41രണ്ടു സ്ത്രീകൾ തിരികല്ലിൽ പൊടിച്ചു
കൊണ്ടിരിക്കും; ഒരുവൾ എടുക്കപ്പെടും, മറ്റവൾ
ഉപേക്ഷിക്കപ്പെടും.
42"ആകയാൽ നിങ്ങളുടെ കർത്താവു വരുന്നത്
ഏതു ദിവസം എന്ന് അറിയാത്തതുകൊണ്ടു
നിങ്ങൾ ജാഗ്രതയോടെ ഇരിപ്പിൻ. 43കള്ളൻ
രാത്രിയിൽ ഏതു സമയത്തു വരുന്നുവെന്നു
വീട്ടുടമസ്ഥൻ അറിഞ്ഞിരുന്നെങ്കിൽ അയാൾ
ജാഗ്രത പാലിക്കുകയും ഭവനഭേദനം
നടക്കാതിരിക്കുകയും ചെയ്യുമായിരുന്നുവെന്നു
ഗ്രഹിച്ചുകൊൾവിൻ.
44"അതുപോലെ നിങ്ങൾ പ്രതീക്ഷിക്കാത്ത
സമയത്തു മനുഷ്യപുത്രൻ വരുന്നതുകൊണ്ടു
നിങ്ങളും ഒരുങ്ങിയിരിപ്പിൻ.
45"ഭവനത്തിലെ ദാസന്മാർക്കു യഥാസമയം
ഭക്ഷണം നല്കുവാൻ, അവരുടെ മേൽനോട്ട
ക്കാരനായി യജമാനൻ നിയോഗിച്ചിരിക്കുന്ന
വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്?
46യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്യു
ന്നവനായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ.
47അദ്ദേഹം അവനെ തൻെറ സകല സ്വത്തിനും
മേലധികാരിയായി നിയമിക്കും എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു. 48എന്നാൽ
ആ ഭൃത്യൻ ദുഷ്ടനാണെങ്കിൽ, 'യജമാനൻ
വരാൻ താമസിക്കും' എന്നു പറഞ്ഞുകൊണ്ടു
49കൂട്ടുവേലക്കാരെ അടിക്കാനും മദ്യപന്മാ
രോടൊത്തു തിന്നാനും കുടിക്കാനും തുടങ്ങും.
50ആ ഭൃത്യൻ ഒട്ടും പ്രതീക്ഷിക്കാത്ത നാളിലും,
അറിയാത്ത സമയത്തും യജമാനൻ വന്നുചേരും.
51അയാൾ അവനെ കഠിനമായി ശിക്ഷിച്ചു
കപടനാട്യക്കാരോടൊപ്പം തള്ളുകയും ചെയ്യും.
അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.

### *പത്തു കന്യകമാരുടെ ഉപമ*

25 "സ്വർഗ്ഗരാജ്യം മണവാളനെ എതിരേ
ല്ക്കുവാൻ വിളക്കുകളുമായി പുറപ്പെട്ട
പത്തു കന്യകമാരോടു സദൃശം. 2അവരിൽ
അഞ്ചുപേർ ബുദ്ധിഹീനകളും അഞ്ചുപേർ
ബുദ്ധിശാലിനികളും ആയിരുന്നു. 3ബുദ്ധി
ഹീനകൾ തങ്ങളുടെ വിളക്കുകൾ എടുത്തെ
ങ്കിലും അവയോടുകൂടെ എണ്ണ എടുത്തില്ല.
4എന്നാൽ ബുദ്ധിശാലിനികൾ തങ്ങളുടെ
വിളക്കുകളോടുകൂടെ പാത്രങ്ങളിൽ എണ്ണയും
എടുത്തു. 5മണവാളൻ വരുവാൻ വൈകി;
അവരെല്ലാവരും മയങ്ങി ഉറക്കമായി.
6"അർദ്ധരാത്രിയിൽ, 'മണവാളൻ വരുന്നു,
അദ്ദേഹത്തെ വരവേല്ക്കുവാൻ പുറപ്പെടുവിൻ'
എന്ന് ആർപ്പുവിളിയുണ്ടായി.
7"കന്യകമാർ എല്ലാവരും ഉണർന്നു
വിളക്കുകൾ തെളിച്ചു. 8ബുദ്ധിഹീനകൾ
ബുദ്ധിശാലിനികളോടു, 'നിങ്ങളുടെ എണ്ണയിൽ
കുറെ ഞങ്ങൾക്കു തരുവിൻ: ഞങ്ങളുടെ
വിളക്കുകൾ കെട്ടുപോകുന്നു' എന്നു പറഞ്ഞു.
9"അവർ മറുപടി പറഞ്ഞു: 'ഞങ്ങൾക്കും
നിങ്ങൾക്കുംകൂടി ഇതു തികയുകയില്ല.
അതിനാൽ നിങ്ങൾ വില്ക്കുന്നവരുടെ
അടുക്കൽച്ചെന്നു വാങ്ങിക്കൊൾവിൻ.'
10"അവർ വാങ്ങുവാൻ പോയപ്പോൾ
മണവാളൻ വന്നു. ഒരുങ്ങിയിരുന്ന കന്യകമാർ
അദ്ദേഹത്തോടൊപ്പം വിവാഹവിരുന്നിനായി
അകത്തു പ്രവേശിച്ചു. വാതിൽ അടയ്ക്കുകയും
ചെയ്തു.
11"പിന്നീടു മറ്റവരും വന്നു. 'യജമാനനേ!
യജമാനനേ! ഞങ്ങൾക്കു വാതിൽ തുറന്നു
തരണേ"- അവർ അപേക്ഷിച്ചു.
12"എന്നാൽ അദ്ദേഹം: 'ഞാൻ നിങ്ങളെ
അറിയുന്നില്ല എന്നു സത്യമായി ഞാൻ പറ
യുന്നു' എന്നുത്തരം നല്കി.
13"ആകയാൽ നാളും നാഴികയും നിങ്ങൾക്കറി

[a] 36 ചില കയ്യെഴുത്തുപ്രതികളിൽ, *പുത്രൻ പോലുമോ* എന്ന ഭാഗം ഇല്ല.

വില്ലാത്തതിനാൽ ഉണർന്നിരിപ്പിൻ."

*താലന്തുകളുടെ ഉപമ*

14"ഒരു യാത്രയ്ക്കു പുറപ്പെടുമ്പോൾ
വേലക്കാരെ വിളിച്ചു തൻെറ സമ്പത്ത് അവരെ
ഏല്പിച്ച മനുഷ്യനോടു സദൃശമാണു
സ്വർഗ്ഗരാജ്യം. 15അയാൾ ഓരോ വേലക്കാരനും
അവൻെറ കഴിവനുസരിച്ച് - ഒരുത്തന് അഞ്ചു
താലന്ത്, മറ്റൊരുത്തനു രണ്ടു താലന്ത്,
വേറൊരുത്തന് ഒന്ന് - എന്നിങ്ങനെ കൊടുത്തു.
പിന്നെ അയാൾ യാത്രയായി. 16അഞ്ചു താലന്തു
ലഭിച്ചവൻ ഉടനേ പോയി അതു വിനിയോഗിച്ച്
അഞ്ചു താലന്തുകൂടി സമ്പാദിച്ചു. 17അങ്ങനെ
തന്നേ രണ്ടു ലഭിച്ചവനും ചെന്നു രണ്ടു കൂടി
നേടി. 18എന്നാൽ ഒരു താലന്തു കിട്ടിയവൻ
അവിടെനിന്നു പോയി നിലത്ത് ഒരു കുഴി കുഴിച്ച്
യജമാനൻെറ പണം അതിൽ ഒളിച്ചുവെച്ചു.

19"ഏറെക്കാലത്തിനുശേഷം ആ വേല
ക്കാരുടെ യജമാനൻ മടങ്ങിയെത്തി അവരുമായി
കണക്കു തീർത്തു. 20അഞ്ചു താലന്തു ലഭിച്ച
വൻ വേറേ അഞ്ചുംകൂടി കൊണ്ടുവന്നു.
'യജമാനനേ, അങ്ങ് അഞ്ചു താലന്താണല്ലോ
എന്നെ ഏല്പിച്ചിരുന്നത്; ഇതാ, ഞാൻ
അഞ്ചുകൂടി നേടിയിരിക്കുന്നു' എന്ന് അവൻ
പറഞ്ഞു.

21"യജമാനൻ ഉത്തരം പറഞ്ഞു: 'നല്ലവനും
വിശ്വസ്തനുമായ ദാസാ, നീ നന്നായി ചെയ്തു.
അല്പകാര്യത്തിൽ നീ വിശ്വസ്തനായിരുന്നു,
ഞാൻ നിന്നെ അധികം കാര്യങ്ങളുടെ
ചുമതലയേല്പിക്കും. വന്നു നിൻെറ യജമാ
നൻെറ സന്തോഷത്തിൽ പങ്കാളിയാകുക.'

22"രണ്ടു താലന്തുകാരനും വന്നു. അവൻ
പറഞ്ഞു: 'യജമാനനേ അങ്ങു രണ്ടു താല
ന്താണല്ലോ എന്നെ ഏല്പിച്ചിരുന്നത്; ഇതാ
ഞാൻ രണ്ടുകൂടി നേടിയിരിക്കുന്നു.'

23"യജമാനൻ ഉത്തരം പറഞ്ഞു: 'നല്ലവനും
വിശ്വസ്തനുമായ ദാസാ, നീ നന്നായി ചെയ്തു.
അല്പകാര്യങ്ങളിൽ നീ വിശ്വസ്തനായിരുന്നു;
ഞാൻ നിന്നെ അധികം കാര്യങ്ങളുടെ
ചുമതലയേല്പിക്കും. വരൂ, നിൻെറ യജമാനൻെറ
സന്തോഷത്തിൽ പങ്കാളിയാകുക.'

24"പിന്നെ ഒരു താലന്തു ലഭിച്ചിരുന്നവൻ വന്നു.
അവൻ പറഞ്ഞു: 'യജമാനനേ, അങ്ങു
വിതയ്ക്കാത്തേടത്തുനിന്നു കൊയ്യുകയും
വിതറാത്തേടത്തുനിന്നു ശേഖരിക്കുകയും
ചെയ്യുന്ന കഠിനമനുഷ്യനെന്നു ഞാൻ മന
സ്സിലാക്കി. 25അതുകൊണ്ടു ഞാൻ ഭയപ്പെട്ട്
അങ്ങയുടെ താലന്തു നിലത്തു മറച്ചുവച്ചു.
ഇതാ ഞാൻ അങ്ങയുടേതു കൊണ്ടുവന്നിരി
ക്കുന്നു.'

26"യജമാനൻ ഉത്തരം പറഞ്ഞു: 'ദുഷ്ടനും
മടിയനുമായ ദാസാ, ഞാൻ വിതയ്ക്കാ
ത്തേടത്തുനിന്നു കൊയ്യുന്നുവെന്നും വിതറാ
ത്തേടത്തുനിന്നു ശേഖരിക്കുന്നുവെന്നും നീ
മനസ്സിലാക്കിയല്ലോ. 27അങ്ങനെയെങ്കിൽ
എൻെറ പണം നീ പണമിടപാടുകാരുടെ പക്കൽ
നിക്ഷേപിച്ചിരുന്നുവെങ്കിൽ മടങ്ങിവന്നപ്പോൾ
എനിക്ക് അതു പലിശയോടെ തിരിച്ചു വാങ്ങാൻ
കഴിയുമായിരുന്നു.

28" 'ആ താലന്ത് അവൻെറ പക്കൽ നിന്ന്
എടുത്തു പത്തു താലന്ത് ഉള്ളവനു കൊടുക്കുക.
29ഉള്ളവന് ഏവനും കൂടുതൽ നല്കപ്പെടും,
അവനു സമൃദ്ധി ഉണ്ടാകുകയും ചെയ്യും.
ഇല്ലാത്തവനിൽനിന്ന് ഉള്ളതുകൂടി എടുത്തു
കളയും. 30കൊള്ളരുതാത്ത ആ ദാസനെ പുറത്ത്
ഇരുട്ടിലേക്കു തള്ളിക്കളയുവിൻ; അവിടെ
കരച്ചിലും പല്ലുകടിയും ഉണ്ടാകും'.

*ചെമ്മരിയാടുകളും കോലാടുകളും*

31"മനുഷ്യപുത്രൻ തൻെറ സകല ദൂതന്മാരു
മായി തേജസ്സോടെ വരുമ്പോൾ സ്വർഗ്ഗീയ
തേജസ്സുള്ള തൻെറ സിംഹാസനത്തിൽ
ഇരിക്കും. 32സകല ജനതകളെയും അദ്ദേഹ
ത്തിൻെറ സന്നിധിയിൽ ഒരുമിച്ചു കൂട്ടും; ഇടയൻ
കോലാടുകളിൽനിന്നു ചെമ്മരിയാടുകളെ
വേർതിരിക്കുന്നതുപോലെ അദ്ദേഹം ജനങ്ങളെ
തമ്മിൽ വേർതിരിക്കും. 33അദ്ദേഹം ചെമ്മരിയാ
ടുകളെ തൻെറ വലത്തും കോലാടുകളെ
ഇടത്തും നിർത്തും.

34"പിന്നെ രാജാവു തൻെറ വലത്തുഭാഗത്തു
ള്ളവരോടു പറയും: ''എൻെറ പിതാവിനാൽ
അനുഗ്രഹിക്കപ്പെട്ടവരേ,വരുവിൻ; ലോകസൃ
ഷ്ടിമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന
രാജ്യം അവകാശമാക്കിക്കൊൾവിൻ. 35എനിക്കു
വിശന്നു; നിങ്ങൾ എനിക്ക് ആഹാരം തന്നു;
എനിക്കു ദാഹിച്ചു, നിങ്ങൾ എനിക്കു കുടിക്കാൻ
തന്നു; ഞാൻ പരദേശി ആയിരുന്നു, നിങ്ങൾ
എന്നെ സ്വീകരിച്ചു; 36ഞാൻ നഗ്നനായിരുന്നു,
നിങ്ങൾ എന്നെ വസ്ത്രം ധരിപ്പിച്ചു; ഞാൻ രോഗി
യായിരുന്നു, നിങ്ങൾ എന്നെ ശുശ്രൂഷിച്ചു; ഞാൻ
കാരാഗൃഹത്തിൽ ആയിരുന്നു, നിങ്ങൾ എന്നെ
സന്ദർശിച്ചു."

37"അപ്പോൾ നീതിമാന്മാർ അദ്ദേഹത്തോട്:
'കർത്താവേ, അങ്ങയെ വിശപ്പുള്ളവനായി
കണ്ടിട്ടു ഞങ്ങൾ അങ്ങേയ്ക്കു ആഹാരം
തരികയോ ദാഹിക്കുന്നവനായി കണ്ടിട്ടു
കുടിക്കാൻ തരികയോ ചെയ്തത് എപ്പോഴാണ്?
38അങ്ങയെ ഒരു പരദേശിയായി കണ്ടിട്ടു ഞങ്ങൾ
സ്വീകരിക്കയോ നഗ്നനായിരിക്കെ വസ്ത്രം ധരി
പ്പിക്കുകയോ ചെയ്തത് എപ്പോൾ? 39രോഗിയാ
യോ തടവിലോ കണ്ടിട്ട് എപ്പോഴാണ് ഞങ്ങൾ
അങ്ങയെ സന്ദർശിച്ചത്?' എന്നു ചോദിക്കും.

40"അതിനു രാജാവ് ഇങ്ങനെ മറുപടി പറയും,
'എന്റെ ഈ ചെറിയ സഹോദരരിൽ ഒരുത്തനു
വേണ്ടി നിങ്ങൾ ചെയ്തതെല്ലാം എനിക്കു
വേണ്ടിയാണു ചെയ്തത് എന്നു ഞാൻ സത്യ
മായി നിങ്ങളോടു പറയുന്നു.'
41"പിന്നെ അദ്ദേഹം തന്റെ ഇടത്തുഭാഗ
ത്തുള്ളവരോടു പറയും: 'ശപിക്കപ്പെട്ടവരേ,
എന്നെ വിട്ടു പിശാചിനും അവന്റെ ദൂത
ന്മാർക്കുംവേണ്ടി ഒരുക്കിയിരിക്കുന്ന നിത്യാ
ഗ്നിയിലേക്കു പോകുവിൻ. 42എനിക്കു വിശന്നു,
നിങ്ങൾ ഭക്ഷണം തന്നില്ല; എനിക്കു ദാഹിച്ചു,
നിങ്ങൾ കുടിപ്പാൻ തന്നില്ല; 43ഞാൻ പരദേശി
ആയിരുന്നു, നിങ്ങാം എന്നെ സ്വീകരിച്ചില്ല.
ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ വസ്ത്രം
ധരിപ്പിച്ചില്ല; ഞാൻ രോഗിയും തടവിലു
മായിരുന്നു, നിങ്ങൾ എന്നെ ശുശ്രൂഷിച്ചില്ല.'
44"അപ്പോൾ അവർ ചോദിക്കും: 'കർത്താവേ,
അങ്ങയെ വിശക്കുന്നവനോ ദാഹിക്കുന്ന വനോ
പരദേശിയോ നഗ്നനോ രോഗിയോ തടവിലോ
ആയി ഞങ്ങൾ കണ്ടിട്ടു സഹായിക്കാതിരുന്നത്
എപ്പോഴാണ്?'
45"അതിന് അദ്ദേഹം: 'ഈ ചെറിയവരിൽ
ഒരുത്തനുവേണ്ടി നിങ്ങൾ ചെയ്യാതിരുന്നതെല്ലാം
എനിക്കുവേണ്ടിയാണു ചെയ്യാതിരുന്നത് എന്നു
ഞാൻ സത്യമായി നിങ്ങളോടു പറയുന്നു' എന്ന്
ഉത്തരം പറയും.
46"പിന്നെ അവർ നിത്യശിക്ഷയിലേക്കും
നീതിമാന്മാർ നിത്യജീവനിലേക്കും പോകും."

*യേശുവിനെതിരെ ഗൂഢാലോചന*

26 ഈ വചനങ്ങൾ പറഞ്ഞുതീർന്നശേഷം
യേശു ശിഷ്യന്മാരോട്: 2"ഇനി രണ്ടു
ദിവസം കഴിഞ്ഞു പെസഹ വരുന്നുവെന്നു
നിങ്ങൾ അറിയുന്നുവല്ലോ, അന്നു മനുഷ്യ
പുത്രൻ ക്രൂശുമരണത്തിന് ഏല്പിക്കപ്പെടും"
എന്നു പറഞ്ഞു.
3മുഖ്യപുരോഹിതന്മാരും ജനങ്ങളുടെ
മൂപ്പന്മാരും മഹാപുരോഹിതനായ കയ്യഫാ
വിന്റെ അരമനയിൽ ഒരുമിച്ചുകൂടി. 4യേശുവിനെ
കൗശലത്തിൽ പിടികൂടുവാനും കൊല്ലുവാനും
അവർ ഗൂഢാലോചന നടത്തി. 5"പെരുനാളി
നിടയ്ക്കു പാടില്ല, ജനങ്ങൾക്കിടയിൽ കലാപം
ഉണ്ടായേക്കാം" എന്ന് അവർ പറഞ്ഞു.

*ബെഥാന്യയിൽ യേശുവിനു തൈലംപൂശുന്നു*

6യേശു ബെഥാന്യയിൽ, കുഷ്ഠരോഗിയായ
ശിമോന്റെ ഭവനത്തിൽ ഇരിക്കുമ്പോൾ 7ഒരു
സ്ത്രീ വളരെ വിലകൂടിയ പരിമളതൈലം നിറച്ച
ഒരു വെൺകൽ ഭരണിയുമായി അദ്ദേഹ ത്തിന്റെ
അടുക്കൽ വന്നു. യേശു ഭക്ഷണത്തിനിരുന്ന
പ്പോൾ അവൾ അത് അദ്ദേഹ ത്തിന്റെ ശിരസ്സിൽ
ഒഴിച്ചു. 8ഇതു കണ്ടു ശിഷ്യന്മാർ പരിഭവിച്ചു.
"എന്തിന് ഈ പാഴ്ച്ചെലവ്? 9ഈ സുഗന്ധദ്രവ്യം
വലിയ വിലയ്ക്കു വിറ്റ് ആ പണം ദരിദ്രർക്കു
ദാനം ചെയ്യാമായിരുന്നുവല്ലോ" എന്ന് അവർ
പറഞ്ഞു.
10യേശു ഇതു മനസ്സിലാക്കി അവരോടു
പറഞ്ഞു: "നിങ്ങൾ ഈ സ്ത്രീയെ എന്തിന്
അസഹ്യപ്പെടുത്തുന്നു? അവൾ എനിക്ക് ഒരു
നല്ലകാര്യം ചെയ്തിരിക്കുന്നു. 11ദരിദ്രർ എപ്പോഴും
നിങ്ങളോടുകൂടെ ഉണ്ടല്ലോ; എന്നാൽ ഞാൻ
നിങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരി
ക്കുകയില്ല. 12അവൾ ഈ സുഗന്ധതൈലം
എന്റെമേൽ ഒഴിച്ചപ്പോൾ, എന്റെ ശവസംസ്
കാരത്തിന് എന്നെ ഒരുക്കുന്നതിനായിട്ടാണ്
അതു ചെയ്തത്. 13ലോകത്തിൽ ഈ
സുവിശേഷം പ്രസംഗിക്കുന്നേടത്തെല്ലാം അവൾ
ചെയ്തതും അവളുടെ സ്മരണയ്ക്കായി
പ്രസ്താവിക്കപ്പെടും എന്നു സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു"

*യേശുവിനെ ഒറ്റിക്കൊടുക്കാമെന്നു യൂദാ സമ്മതിക്കുന്നു*

14അനന്തരം പന്ത്രണ്ടുപേരിൽ ഒരുവനായ
യൂദാ ഈസ്കര്യോത്താ മുഖ്യപുരോഹിത
ന്മാരുടെ അടുക്കൽച്ചെന്ന്, 15"ഞാൻ
അദ്ദേഹത്തെ നിങ്ങൾക്കു ഏല്പിച്ചുതന്നാൽ
നിങ്ങൾ എനിക്ക് എന്തു തരും?" എന്നു ചോദിച്ചു.
അവർ അവനു മുപ്പതു വെള്ളിക്കാശ് എണ്ണിക്കൊ
ടുത്തു. 16അദ്ദേഹത്തെ ഒറ്റിക്കൊടുക്കുവാൻ
യൂദാ അപ്പോൾ മുതൽ തക്കം നോക്കിക്കൊ
ണ്ടിരുന്നു.

*കർത്താവിന്റെ അത്താഴം*

17പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാ
ളിന്റെ ഒന്നാംദിവസം ശിഷ്യന്മാർ യേശുവിന്റെ
അടുക്കൽ വന്ന്, "ഞങ്ങൾ എവിടെയാണ്
അങ്ങേയ്ക്കു പെസഹ ഭക്ഷിക്കാൻ ഒരുക്കേ
ണ്ടത്?" എന്നു ചോദിച്ചു.
18അതിന് അദ്ദേഹം: "നിങ്ങൾ പട്ടണത്തിൽ
ഇന്ന ആളിന്റെയടുക്കൽ ചെന്ന് അയാളോട്,
'എന്റെ സമയം അടുത്തിരിക്കുന്നു, ഞാൻ
എന്റെ ശിഷ്യന്മാരുമായി താങ്കളുടെ ഭവനത്തിൽ
പെസഹ ആചരിക്കാൻ പോകുന്നു' എന്നു
പറയുവിൻ " എന്നു പറഞ്ഞു. 19യേശു
തങ്ങളോടു പറഞ്ഞതുപോലെ ശിഷ്യന്മാർ
പെസഹ തയ്യാറാക്കി.
20സന്ധ്യയായപ്പോൾ യേശു പന്ത്രണ്ടു
പേരോടൊപ്പം ഭക്ഷണത്തിന് ഇരുന്നു. 21അവർ
ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ യേശു പറഞ്ഞു:
"നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കു

മെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.''
22അവർ വളരെ ദുഃഖിതരായി. ''കർത്താവേ,
അതു ഞാനോ?'' എന്നു ഓരോരുത്തനും അദ്ദേ
ഹത്തോടു ചോദിച്ചു.
23അതിനു യേശു ഇങ്ങനെ മറുപടി പറഞ്ഞു:
''എന്നോടുകൂടെ പാത്രത്തിൽ കൈമുക്കുന്നവൻ
എന്നെ കാണിച്ചു കൊടുക്കും. 24തന്നെക്കുറിച്ച്
എഴുതപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യപുത്രൻ
പോകുന്നു; എങ്കിലും അവനെ ഒറ്റിക്കൊ
ടുക്കുന്നവന് ഹാ കഷ്ടം! ആ മനുഷ്യൻ ജനിക്കാ
തിരുന്നുവെങ്കിൽ അവന് ഏറെ നന്നായിരുന്നു.
25അദ്ദേഹത്തെ ഒറ്റിക്കൊടുക്കാനിരുന്ന യൂദാ,
''റബ്ബീ, അതു ഞാനോ'' എന്നു ചോദിച്ചു.
''ഉവ്വ്, നീ തന്നേ'' [a]യേശു ഉത്തരം പറഞ്ഞു.
26അവർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കു
മ്പോൾ യേശു അപ്പം എടുത്തു സ്തോത്രം
ചെയ്തു നുറുക്കി, ''വാങ്ങി ഭക്ഷിക്കുവിൻ, ഇത്
എൻെറ ശരീരം'' എന്നു പറഞ്ഞുകൊണ്ടു
ശിഷ്യന്മാർക്കു കൊടുത്തു.
27പിന്നെ അവിടുന്നു പാനപാത്രം എടുത്തു
സ്തോത്രം ചെയ്ത് അവർക്കു കൊടുത്തു
കൊണ്ടു പറഞ്ഞു: ''എല്ലാവരും ഇതിൽനിന്നു
കുടിക്കുവിൻ, 28ഇത് അനേകർക്കുവേണ്ടി
പാപമോചനത്തിനായി ചൊരിയപ്പെടുന്നതും
പുതിയ ഉടമ്പടിയുടേതുമായ എൻെറ രക്തം
ആകുന്നു. 29പിതാവിൻെറ രാജ്യത്തിൽ
നിങ്ങളോടുകൂടെ ഇതു പുതുതായി കുടിക്കുന്ന
ദിവസംവരെ ഞാൻ മുന്തിരിവള്ളിയുടെ
ഫലത്തിൽനിന്ന് ഇനി കുടിക്കയില്ല എന്നു
ഞാൻ പറയുന്നു.''
30അവർ ഒരു സ്തോത്രഗാനം പാടിയശേഷം
ഒലിവുമലയിലേക്കു പോയി.

*പത്രൊസ് തള്ളിപ്പറയുമെന്ന്*
*യേശു മുൻകൂട്ടി പറയുന്നു*

31പിന്നെ യേശു അവരോടു പറഞ്ഞു: ''ഈ
രാത്രിയിൽത്തന്നെ ഞാൻനിമിത്തം നിങ്ങൾ
എല്ലാവരും ഇടറിപ്പോകും.
'ഞാൻ ഇടയനെ വെട്ടും; ആട്ടിൻകൂട്ടത്തിലെ
ആടുകൾ ചിതറിപ്പോകും '[b]
എന്നു എഴുതിയിരിക്കുന്നുവല്ലോ.
32എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റതിനു
ശേഷം നിങ്ങൾക്കു മുമ്പായി ഗലീലയിലേക്കു
പോകും''.
33അതിനു പത്രൊസ്, ''അങ്ങു നിമിത്തം
സകലരും ഇടറിപ്പോയാലും ഞാൻ ഒരിക്കലും
ഇടറുകയില്ല'' എന്നുത്തരം പറഞ്ഞു.
34അതിനു യേശു മറുപടി പറഞ്ഞു: ''ഈ രാത്രി
യിൽ കോഴി കൂകുന്നതിനു മുമ്പേ, നീ എന്നെ
മൂന്നു പ്രാവശ്യം തള്ളിപ്പറയും എന്നു ഞാൻ
സത്യമായി നിന്നോടു പറയുന്നു.''
35എന്നാൽ പത്രൊസ്: ''അങ്ങയോടൊപ്പം
മരിക്കേണ്ടിവന്നാലും ഞാൻ ഒരു കാലത്തും
അങ്ങയെ തള്ളിപ്പറയുകയില്ല'' എന്നു പറഞ്ഞു.
മറ്റു ശിഷ്യന്മാരും അങ്ങനെതന്നേ പറഞ്ഞു.

*ഗെത്ത്ശെമന*

36യേശു ശിഷ്യന്മാരോടുകൂടെ ഗെത്ത്ശെമന
എന്ന സ്ഥലത്തേക്കു പോയി. അദ്ദേഹം
അവരോട്, ''ഞാൻ അവിടെ ചെന്നു പ്രാർത്ഥി
ക്കുന്നതുവരെ നിങ്ങൾ ഇവിടെ ഇരിക്കുവിൻ''
എന്നു പറഞ്ഞു. 37പിന്നെ അവിടുന്ന്
പത്രൊസിനെയും സെബെദിപുത്രന്മാർ
ഇരുവരെയും തൻെറകൂടെ കൊണ്ടുപോയി;
അവിടുന്ന് ദുഃഖിക്കുവാനും വ്യാകുലപ്പെടുവാ
നും തുടങ്ങി. 38അനന്തരം അദ്ദേഹം അവരോട്:
''എൻെറ ഉള്ളം മരണവേദനപോലെ അതിദുഃഖി
തമായിരിക്കുന്നു. നിങ്ങൾ ഇവിടെ എന്നോടൊപ്പം
ഉണർന്നിരിക്കുക'' എന്നു പറഞ്ഞു.
39അല്പദൂരം മുമ്പോട്ടുചെന്നു കമിഴ്ന്നു വീണ്
അദ്ദേഹം, ''എൻെറ പിതാവേ, കഴിയുമെങ്കിൽ
ഈ പാനപാത്രം എന്നിൽ നിന്നു നീക്കേണമേ;
എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല,
അങ്ങ് ഇച്ഛിക്കുന്നതുപോലെ ആകട്ടെ''
എന്നു പ്രാർത്ഥിച്ചു.
40പിന്നെ അദ്ദേഹം ശിഷ്യന്മാരുടെ അടുക്കൽ
വന്ന് അവർ ഉറങ്ങുന്നതായി കണ്ടു. ''എന്നോടു
കൂടെ ഒരു മണിക്കൂർ ഉണർന്നിരിക്കാൻ
നിങ്ങൾക്കു കഴിഞ്ഞില്ലേ?'' അദ്ദേഹം പത്രൊ
സിനോടു ചോദിച്ചു. 41''പരീക്ഷയിൽ അകപ്പെടാ
തിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ.
ആത്മാവു സന്നദ്ധം; ശരീരമോ ദുർബ്ബലം.''
42അദ്ദേഹം രണ്ടാമതും പോയി പ്രാർത്ഥിച്ചു:
''എൻെറ പിതാവേ, ഞാൻ കുടിക്കാതെ ഈ
പാനപാത്രം നീങ്ങിപ്പോവുക സാധ്യമല്ലെങ്കിൽ
അവിടുത്തെ ഇഷ്ടം നടക്കട്ടെ.''
43അദ്ദേഹം തിരിച്ചെത്തിയപ്പോൾ നിദ്രാഭാരം
കൊണ്ട് അവർ പിന്നെയും ഉറങ്ങുന്നതു കണ്ടു;
44അദ്ദേഹം വീണ്ടും അവരെ വിട്ടുപോയി
മൂന്നാമതും അതേകാര്യം പറഞ്ഞു പ്രാർത്ഥിച്ചു.
45അനന്തരം ശിഷ്യന്മാരുടെ അടുക്കൽ
മടങ്ങിവന്ന് അവരോട്: ''ഇപ്പോഴും നിങ്ങൾ
ഉറങ്ങി വിശ്രമിക്കുന്നുവോ? ഇതാ, സമയമാ
യിരിക്കുന്നു. മനുഷ്യപുത്രൻ പാപികളുടെ
കൈയിൽ ഏല്പിക്കപ്പെടുവാൻ പോകുന്നു.
46എഴുന്നേല്പിൻ, നമുക്കു പോകാം. എന്നെ
ഒറ്റിക്കൊടുക്കുന്നവൻ ഇതാ വരുന്നു!'' എന്നു
പറഞ്ഞു.

[a] 25 അഥവാ, *നീ തന്നെ അതു പറഞ്ഞിരിക്കുന്നു.* [b] 31 സെഖര്യാവ് 13:7

*യേശു ബന്ധനസ്ഥനാകുന്നു*

47അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ
തന്നെ, പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാ
അവിടെ എത്തി. മുഖ്യപുരോഹിതന്മാരും
ജനത്തിൻെറ മൂപ്പന്മാരും അയച്ച ഒരു വലിയ
ജനക്കൂട്ടം വാളും വടികളുമേന്തി അവനോ
ടൊപ്പം ഉണ്ടായിരുന്നു. 48ഒറ്റിക്കൊടുക്കുന്നവൻ
അവർക്ക് ഒരടയാളം നൽകിയിരുന്നു: "ഞാൻ
ആരെ ചുംബിക്കുമോ അയാളാണ് ആ മനുഷ്യൻ;
അയാളെ പിടിച്ചു ബന്ധിച്ചു കൊള്ളണം." 49യൂദാ
പെട്ടെന്ന് യേശുവിൻെറ അടുത്തേക്കു ചെന്ന്,
"റബ്ബീ, വന്ദനം" എന്നു പറഞ്ഞ് അദ്ദേഹത്തെ
ചുംബിച്ചു.

50"സ്നേഹിതാ, നീ വന്നതെന്തിന്? " യേശു
ചോദിച്ചു.

ഉടനെ ആളുകൾ മുമ്പോട്ടുചെന്നു യേശുവി
നെ പിടിച്ചു ബന്ധിച്ചു. 51അപ്പോൾ യേശുവിനോ
ടുകൂടെ ഉണ്ടായിരുന്നവരിൽ ഒരാൾ വാളൂരി മഹാ
പുരോഹിതൻെറ ഭൃത്യനെ വെട്ടി അയാളുടെ
കാതു ഛേദിച്ചുകളഞ്ഞു.

52"നിൻെറ വാൾ ഉറയിലിടുക" യേശു
അയാളോടു പറഞ്ഞു. "വാൾ ഊരുന്നവരെല്ലാം
വാളാൽ മരിക്കും. 53ഞാൻ എൻെറ പിതാവി
നോടപേക്ഷിച്ചാൽ അവിടുന്നു പന്ത്രണ്ടു
ലെഗ്യോനിലധികം ദൂതന്മാരെ എനിക്കുവേണ്ടി
അയയ്ക്കുകയില്ലെന്നു നീ വിചാരിക്കുന്നുവോ?
54അപ്പോൾ പിന്നെ ഈ വിധത്തിൽ സംഭവി
ക്കണമെന്നുള്ള തിരുവെഴുത്ത് എങ്ങനെ
നിറവേറും?"

55ആ സമയത്ത് യേശു ജനക്കൂട്ടത്തോട്
ഇങ്ങനെ പറഞ്ഞു: "നിങ്ങൾ എന്നെ പിടികൂടാൻ
വാളുകളും വടികളുമായി വരുവാൻ ഞാൻ ഒരു
കൊള്ളക്കാരനോ? ഞാൻ എല്ലാ ദിവസവും
ഉപദേശിച്ചുകൊണ്ടു ദൈവാലയത്തിൽ
ഇരുന്നിട്ടും നിങ്ങൾ എന്നെ പിടിച്ചില്ല. 56എന്നാൽ
പ്രവാചകന്മാരുടെ എഴുത്തുകൾ നിറവേറു
ന്നതിന് ഇതെല്ലാം സംഭവിച്ചിരിക്കുന്നു."
അപ്പോൾ ശിഷ്യന്മാർ എല്ലാവരും അദ്ദേഹത്തെ
വിട്ട് ഓടിപ്പോയി.

*ന്യായാധിപസംഘത്തിനു മുമ്പിൽ*

57യേശുവിനെ ബന്ധിച്ചവർ അദ്ദേഹത്തെ
മഹാപുരോഹിതനായ കയ്യഫാവിൻെറ
അടുത്തേക്കു കൊണ്ടുപോയി. അവിടെ
വേദജ്ഞരും മൂപ്പന്മാരും ഒന്നിച്ചുകൂടിയിരുന്നു.
58എന്നാൽ പത്രോസ് മഹാപുരോഹിതൻെറ
നടുമുറ്റംവരെ അല്പം അകലെയായി
അദ്ദേഹത്തെ അനുഗമിച്ചു. എന്തു സംഭവിക്കു
മെന്നറിയുവാൻ അയാൾ അകത്തുകടന്നു
കാവല്ക്കാരോടൊപ്പം ഇരുന്നു.

59മുഖ്യപുരോഹിതന്മാരും ന്യായാധിപസംഘം
മുഴുവനും യേശുവിനെ വധിക്കുന്നതിന്
അദ്ദേഹത്തിനെതിരായി കള്ളസ്സാക്ഷ്യങ്ങൾ
അന്വേഷിച്ചു. 60എന്നാൽ കള്ളസ്സാക്ഷികൾ
പലരും മുമ്പോട്ടു വന്നെങ്കിലും അവർ ഒന്നും
കണ്ടെത്തിയില്ല. ഒടുവിൽ രണ്ടുപേർ മുന്നോട്ടു
വന്ന്:

61" 'ദൈവാലയം നശിപ്പിച്ചു മൂന്നു ദിവസ
ത്തിനകം അതു വീണ്ടും പണിയുവാൻ എനിക്കു
സാധിക്കും' എന്ന് ഈ മനുഷ്യൻ പറഞ്ഞു"
എന്നു ബോധിപ്പിച്ചു.

62അപ്പോൾ മഹാപുരോഹിതൻ എഴുന്നേറ്റ്:
"നിനക്കു മറുപടിയൊന്നും ഇല്ലേ? അവർ
നിനക്കെതിരായി പറയുന്ന ഈ സാക്ഷ്യം
എന്ത്?" എന്നുചോദിച്ചു.

63യേശുവോ നിശ്ശബ്ദനായിരുന്നു.

മഹാപുരോഹിതൻ അദ്ദേഹത്തോടു പറഞ്ഞു:
"ഞാൻ ജീവനുള്ള ദൈവത്തിൻെറ നാമത്തിൽ
സത്യം ചെയ്തു നിന്നോടു ചോദിക്കുന്നു: നീ
ദൈവപുത്രനായ ക്രിസ്തുവെങ്കിൽ ഞങ്ങളോടു
പറയുക."

64"അങ്ങനെ താങ്കൾ പറയുന്നു" യേശു
മറുപടി പറഞ്ഞു. "എന്നാൽ ഇനിമേൽ
മനുഷ്യപുത്രൻ സർവ്വശക്തൻെറ വലത്തു
ഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളിൽ
വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ നിങ്ങ
ളോടെല്ലാവരോടും പറയുന്നു."

65ഉടനേ മഹാപുരോഹിതൻ വസ്ത്രം കീറി,
"ഇയാൾ ദൈവദൂഷണം പറഞ്ഞിരിക്കുന്നു. ഇനി
മറ്റു സാക്ഷികൾ നമുക്കെന്തിന്? ഇതാ,
ഇപ്പോൾതന്നെ നിങ്ങൾ ദൈവദൂഷണം
കേട്ടുവല്ലോ; 66നിങ്ങൾക്കെന്തു തോന്നുന്നു?"
എന്നു ചോദിച്ചു. "അയാൾ മരണയോഗ്യൻ"
എന്ന് അവർ മറുപടി പറഞ്ഞു.

67അപ്പോൾ അവർ അദ്ദേഹത്തിൻെറ മുഖത്തു
തുപ്പി, മുഷ്ടി ചുരുട്ടി ഇടിച്ചു. 68ചിലർ
അദ്ദേഹത്തിൻെറ മുഖത്ത് അടിച്ചുകൊണ്ട്, "ഹേ
ക്രിസ്തുവേ, ആരാണു നിന്നെ അടിച്ചതെന്നു
ഞങ്ങളോടു പ്രവചിക്കുക" എന്നു പറഞ്ഞു.

*പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു*

69പത്രോസ് നടുമുറ്റത്ത് ഇരിക്കുക
യായിരുന്നു. ഒരു പരിചാരിക അയാളുടെ
അടുക്കൽ വന്നു പറഞ്ഞു: "താങ്കളും ഗലീല
ക്കാരനായ യേശുവിൻെറകൂടെ ഉണ്ടായി
രുന്നല്ലോ."

70എന്നാൽ അയാൾ അവരുടെയെല്ലാ
വരുടെയും മുമ്പിൽവച്ച് അതു നിഷേധിച്ചു. " നീ
എന്താണ് പറയുന്നതെന്ന് എനിക്ക്
അറിഞ്ഞുകൂടാ" അയാൾ പറഞ്ഞു.

71പിന്നെ അയാൾ പടിപ്പുരയിലേക്കു പോയി.
അവിടെവച്ചു മറ്റൊരു പെൺകുട്ടി അയാളെ

കണ്ടിട്ട് അവിടെയുണ്ടായിരുന്നവരോട്: ''ഈ മനുഷ്യൻ നസറായനായ യേശുവിനോടുകൂടെ ഉണ്ടായിരുന്നു'' എന്നു പറഞ്ഞു.

72''ഞാൻ ആ മനുഷ്യനെ അറിയുന്നില്ല'' അയാൾ ആണയിട്ടുകൊണ്ടു പിന്നെയും നിഷേധിച്ചു.

73അല്പസമയം കഴിഞ്ഞ്, അവിടെ നിന്നിരുന്നവർ പത്രൊസിൻെറ അടുത്തെത്തി, ''നിങ്ങാം തീർച്ചയായും അവരിൽ ഒരുവനാണ്, നിങ്ങളുടെ സംസാരരീതി അതു വെളിപ്പെടുത്തുന്നുവല്ലോ'' എന്നു പറഞ്ഞു.

74ഞാൻ ആ മനുഷ്യനെ അറിയുകയേ ഇല്ല.'' എന്നു അവരോട് പറഞ്ഞുകൊണ്ട് അയാൾ ആണയിടുവാനും സ്വയംശപിക്കുവാനും തുടങ്ങി.

ഉടനേ കോഴി കൂവി. 75അപ്പോൾ, ''കോഴി കൂവുന്നതിനുമുമ്പ് മൂന്നുതവണ നീ എന്നെ തള്ളിപ്പറയും എന്ന് യേശു പറഞ്ഞിരുന്ന വാക്ക് പത്രൊസ് ഓർത്തു. അയാൾ പുറത്തേക്കു പോയി തീവ്രദുഃഖത്തോടെ കരഞ്ഞു.

*യൂദായുടെ അന്ത്യം*

27 അതിരാവിലെ മുഖ്യപുരോഹിതന്മാരെല്ലാവരും ജനങ്ങളുടെ മൂപ്പന്മാരും യേശുവിനെ മരണശിക്ഷയ്ക്ക് ഏല്പിക്കണം എന്ന തീരുമാനത്തിൽ എത്തി. 2അവർ അദ്ദേഹത്തെ ബന്ധിച്ചു കൊണ്ടുപോയി നാടുവാഴിയായ പീലാത്തോസിനെ ഏല്പിച്ചു.

3യേശു മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു എന്നറിഞ്ഞപ്പോൾ, അദ്ദേഹത്തെ ഒറ്റിക്കൊടുത്ത യൂദാ അനുതപിച്ചു; ആ മുപ്പതു വെള്ളിക്കാശ് മുഖ്യപുരോഹിതന്മാരുടെ അടുക്കൽ മടക്കിക്കൊണ്ടുവന്നു. 4''ഞാൻ പാപം ചെയ്തിരിക്കുന്നു; നിഷ്കളങ്കരക്തത്തെ ഞാൻ ഒറ്റിക്കൊടുത്തല്ലോ'' എന്ന് അയാൾ പറഞ്ഞു. ''അതിനു ഞങ്ങൾക്കെന്ത്? അതു നിൻെറ കാര്യം'' എന്ന് അവർ മറുപടി പറഞ്ഞു.

5യൂദാ പണം ദൈവാലയത്തിലേക്കു വലിച്ചെറിഞ്ഞശേഷം പോയി തൂങ്ങിമരിച്ചു.

6മുഖ്യപുരോഹിതന്മാർ ആ നാണയങ്ങൾ പെറുക്കിയെടുത്തിട്ട്, ''ഇതു രക്തത്തിൻെറ വിലയാകയാൽ ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നതു നിയമവിരുദ്ധം'' എന്നു പറഞ്ഞു. 7അവർ കൂടിയാലോചിച്ച്, ആ പണംകൊണ്ട് പരദേശികൾക്ക് ഒരു ശ്മശാനമായി കുശവൻെറ നിലം വാങ്ങാൻ നിശ്ചയിച്ചു. 8അതുകൊണ്ട് ആ സ്ഥലം ഇന്നും 'രക്തനിലം' എന്ന പേരിൽ അറിയപ്പെടുന്നു. 9''യിസ്രായേൽ ജനം അവനു നിശ്ചയിച്ച വിലയായ മുപ്പതു വെള്ളിക്കാശ് അവർ എടുത്തു. 10കർത്താവ് എന്നോട് കല്പിച്ചതുപോലെ കുശവൻെറ നിലം വാങ്ങാൻ ഉപയോഗിച്ചു''[a] എന്നു യിരെമ്യാ പ്രവാചകൻ പ്രസ്താവിച്ചത് ഇങ്ങനെ നിറവേറി.

*യേശു പീലാത്തോസിൻെറ മുമ്പിൽ*

11യേശു ദേശാധിപതിയുടെ മുമ്പാകെ നിന്നു; അധിപതി അദ്ദേഹത്തോട്: ''നീ യഹൂദരുടെ രാജാവാണോ?'' എന്നു ചോദിച്ചു.

''താങ്കൾ പറയുന്നതു ശരിതന്നെ'' യേശു മറുപടി പറഞ്ഞു.

12മുഖ്യപുരോഹിതന്മാരും യഹൂദ പ്രമാണികളും അദ്ദേഹത്തിൻെറമേൽ കുറ്റാരോപണം നടത്തിയപ്പോൾ അദ്ദേഹം മറുപടിയൊന്നും പറഞ്ഞില്ല. 13അപ്പോൾ പീലാത്തോസ് അദ്ദേഹത്തോട്: ''താങ്കൾക്കെതിരായി എത്രയേറെ കുറ്റങ്ങളാണ് അവർ ആരോപിക്കുന്നതെന്നു കേൾക്കുന്നില്ലേ?'' എന്നു ചോദിച്ചു. 14എന്നാൽ യേശു അവയിൽ ഒന്നിനുപോലും മറുപടി പറഞ്ഞില്ല. അതിൽ ദേശാധിപതി വളരെ ആശ്ചര്യപ്പെട്ടു.

15ജനക്കൂട്ടം തിരഞ്ഞെടുക്കുന്ന ഒരു തടവുകാരനെ ഉത്സവസമയത്തു വിട്ടയയ്ക്കുക എന്നതു ദേശാധിപതിയുടെ ഒരു പതിവായിരുന്നു. 16ആ കാലത്ത് അവർക്കു ബറബ്ബാസ് എന്നു പേരുള്ള കുപ്രസിദ്ധനായ ഒരു തടവുകാരൻ ഉണ്ടായിരുന്നു. 17അതിനാൽ ജനങ്ങൾ ഒരുമിച്ചുകൂടിയപ്പോൾ പീലാത്തോസ് അവരോട്: ''ബറബ്ബാസിനെയോ ക്രിസ്തുവെന്നു വിളിക്കപ്പെടുന്ന യേശുവിനെയോ- ഇവരിൽ ആരെയാണു ഞാൻ നിങ്ങാംക്കു വിട്ടുതരേണ്ടത്?'' എന്നു ചോദിച്ചു. 18അവർ അസൂയ നിമിത്തമാണ് യേശുവിനെ തൻെറ പക്കൽ ഏല്പിച്ചതെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു.

19പീലാത്തോസ് ന്യായാസനത്തിൽ ഇരിക്കുമ്പോൾ അദ്ദേഹത്തിൻെറ ഭാര്യ ഒരു സന്ദേശം അദ്ദേഹത്തിനു കൊടുത്തയച്ചു: ''നിർദ്ദോഷിയായ ആ മനുഷ്യൻെറ കാര്യത്തിൽ ഇടപെടരുത്. ഇന്ന് അദ്ദേഹം നിമിത്തം ഞാൻ സ്വപ്നത്തിൽ വളരെ അസ്വസ്ഥയായി''.

20ബറബ്ബാസിനെ മോചിപ്പിക്കുവാനും യേശുവിനെ മരണത്തിന് ഏല്പിക്കുവാനും അപേക്ഷിക്കുന്നതിനു മുഖ്യപുരോഹിതന്മാരും യഹൂദപ്രമാണികളും ജനക്കൂട്ടത്തെ പ്രേരിപ്പിച്ചു.

21''ഈ രണ്ടുപേരിൽ ആരെ വിട്ടുതരണമെന്നാണു നിങ്ങൾ ആവശ്യപ്പെടുന്നത്?'' ദേശാധിപതി ചോദിച്ചു. ''ബറബ്ബാസിനെ'' അവർ മറുപടി പറഞ്ഞു.

22''അപ്പോൾ ക്രിസ്തുവെന്നു വിളിക്കപ്പെടുന്ന യേശുവിനെ ഞാൻ എന്തു ചെയ്യണം?'' പീലാത്തോസ് ചോദിച്ചു. ''അവനെ ക്രൂശിക്കുക'' അവർ എല്ലാവരും ചേർന്ന് ഉത്തരം പറഞ്ഞു.

[a] 10 സെഖര്യാവ് 11:12, 13; യിരമ്യാവ് 19: 1-13; 32: 6-9 എന്നീ ഭാഗങ്ങൾ കാണുക

23''എന്തിന്? അയാൾ എന്തു കുറ്റമാണു
ചെയ്തത്?'' പീലാത്തോസ് ചോദിച്ചു. എന്നാൽ
അവർ അത്യുച്ചത്തിൽ ''അവനെ ക്രൂശിക്കുക''
എന്ന് ആർത്തുവിളിച്ചു.
24തനിക്ക് ഒന്നും സാധിക്കുന്നില്ല, ആരവം
പെരുകുന്നതേയുള്ളൂ എന്നു കണ്ടിട്ടു പീലാ
ത്തോസ് വെള്ളം എടുത്തു ജനക്കൂട്ടത്തിൻെറ
മുമ്പാകെ കൈ കഴുകി. ''ഈ മനുഷ്യൻെറ രക്തം
സംബന്ധിച്ചു ഞാൻ നിർദ്ദോഷിയാണ്. ഇതിനു
നിങ്ങൾതന്നേ ഉത്തരവാദികൾ'' എന്നു പറഞ്ഞു.
25''അവൻെറ രക്തം ഞങ്ങളുടെമേലും
ഞങ്ങളുടെ മക്കളുടെമേലും വരട്ടെ'' അവർ
എല്ലാവരും കൂടി ഉത്തരം പറഞ്ഞു.
26അപ്പോൾ അയാൾ ബറബ്ബാസിനെ അവർക്കു
വിട്ടുകൊടുത്തു; യേശുവിനെയോ ചാട്ടകൊണ്ട്
അടിപ്പിച്ചതിനുശേഷം ക്രൂശിക്കാൻ ഏല്പിച്ചു.

*പടയാളികൾ യേശുവിനെ പരിഹസിക്കുന്നു*

27അനന്തരം ദേശാധിപതിയുടെ പടയാളികൾ
യേശുവിനെ ആസ്ഥാനത്തേക്ക് കൊണ്ടു
പോയി; സൈന്യത്തെ മുഴുവൻ അദ്ദേഹത്തി
നുചുറ്റും കൂട്ടിവരുത്തി. 28അവർ അദ്ദേഹ
ത്തിൻെറ വസ്ത്രം മാറ്റിയശേഷം ഒരു ചുവന്ന
മേലങ്കി ധരിപ്പിച്ചു. 29മുള്ളുകൾകൊണ്ട് ഒരു
കിരീടം മെടഞ്ഞ് അദ്ദേഹത്തിൻെറ ശിരസ്സിൽ
വച്ചു. അദ്ദേഹത്തിൻെറ വലത്തു കൈയിൽ
ഒരു വടി പിടിപ്പിച്ചിട്ടു മുന്നിൽ മുട്ടുകുത്തി
അദ്ദേഹത്തെ പരിഹസിച്ചു. ''യഹൂദരുടെ
രാജാവേ, ജയ ജയ!'' അവർ പറഞ്ഞു. 30അവർ
അദ്ദേഹത്തിൻെറമേൽ തുപ്പുകയും വടികൊണ്ടു
തലയിൽ വീണ്ടും വീണ്ടും അടിക്കുകയും
ചെയ്തു. 31ഇങ്ങനെ പരിഹസിച്ചതിനുശേഷം
കുപ്പായം മാറ്റി അദ്ദേഹത്തെ സ്വന്തവസ്ത്രം
ധരിപ്പിച്ചു. പിന്നെ അവർ അദ്ദേഹത്തെ
ക്രൂശിക്കാൻ കൊണ്ടുപോയി.

*ക്രൂശീകരണം*

32അവർ പോകുമ്പോൾ കുറേനയിൽ നിന്നു
വന്ന ശിമോൻ എന്നു പേരുള്ള ഒരാളെ കണ്ടു.
ക്രൂശു ചുമക്കാൻ അവർ അയാളെ നിർബ്ബന്ധിച്ചു.
33തലയോടിൻെറ സ്ഥലം എന്നർത്ഥമുള്ള
ഗൊല്ഗോഥയിൽ അവർ എത്തി. 34അവിടെവച്ച്
അവർ അദ്ദേഹത്തിനു കയ്പുചേർത്ത വീഞ്ഞു
കുടിക്കാൻ കൊടുത്തു. എന്നാൽ രുചിച്ചു
നോക്കിയതിനുശേഷം അദ്ദേഹം അതു
കുടിക്കാൻ വിസമ്മതിച്ചു. 35അദ്ദേഹത്തെ
ക്രൂശിച്ചതിനുശേഷം അവർ ചീട്ടിട്ട്
അദ്ദേഹത്തിൻെറ വസ്ത്രം വീതിച്ചെടുത്തു.
'എൻെറ വസ്ത്രങ്ങൾ അവർ വീതിച്ചെടുക്കു
കയും എൻെറ അങ്കിക്കായി നറുക്കിടുകയും
ചെയ്തു'[a]എന്നു പ്രവാചകൻ പറഞ്ഞ വാക്കു
നിറവേറുവാൻ ഇതു സംഭവിച്ചു. 36അവിടെ
അവർ അദ്ദേഹത്തിനു കാവലിരുന്നു. 37''ഇവൻ
യഹൂദരുടെ രാജാവായ യേശു'' എന്ന് എഴുതിയ
കുറ്റകാരണം അവർ അദ്ദേഹത്തിൻെറ
തലയ്ക്കുമീതെ വച്ചു. 38അദ്ദേഹത്തോടൊപ്പം
രണ്ടു കൊള്ളക്കാരെ, ഒരുത്തനെ വലത്തും
മറ്റവനെ ഇടത്തുമായി, ക്രൂശിച്ചു. 39ആ വഴി
കടന്നുപോയവർ തല കുലുക്കി, അദ്ദേഹത്തെ
അധിക്ഷേപിച്ചുകൊണ്ട്, 40''ദൈവാലയം
പൊളിച്ച് മൂന്നുദിവസംകൊണ്ടു പണിയു
ന്നവനേ, നിന്നെത്തന്നേ രക്ഷിക്കുക! നീ
ദൈവപുത്രനാണെങ്കിൽ ക്രൂശിൽനിന്ന് ഇറങ്ങി
വരിക!''എന്നു പറഞ്ഞു.
41മുഖ്യപുരോഹിതന്മാരും വേദജ്ഞരും
യഹൂദപ്രമാണികളും ഇതേ വിധത്തിൽ
അദ്ദേഹത്തെ പരിഹസിച്ചു. 42അവർ പറഞ്ഞു:
''ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്താൻ
രക്ഷിക്കാനോ കഴിവില്ല! ഇവനാണത്രേ
യിസ്രായേലിൻെറ രാജാവ്! ഇവൻ ഇപ്പോൾ
ക്രൂശിൽനിന്ന് ഇറങ്ങിവരട്ടെ, എന്നാൽ ഞങ്ങൾ
ഇവനിൽ വിശ്വസിക്കാം. 43ഇവൻ ദൈവത്തിൽ
ശരണപ്പെടുന്നു. ദൈവത്തിന് ഇവനിൽ പ്രസാദ
മുണ്ടെങ്കിൽ, ഇപ്പോൾ ഇവനെ വിടുവിക്കട്ടെ;
'ഞാൻ ദൈവപുത്രൻ ആകുന്നു'എന്ന് ഇവൻ
പറഞ്ഞുവല്ലോ''. 44അദ്ദേഹത്തോടുകൂടെ
ക്രൂശിക്കപ്പെട്ട കൊള്ളക്കാരും അതുപോലെത
ന്നേ അദ്ദേഹത്തെ ആക്ഷേപിച്ചു.

*യേശുവിൻെറ മരണം*

45ആറാംമണിക്കൂർ മുതൽ ഒമ്പതാംമണിക്കൂർ
വരെ ദേശത്തെല്ലായിടത്തും ഇരുട്ടു വ്യാപിച്ചു.
46ഏകദേശം ഒമ്പതാംമണിക്കൂറിൽ യേശു,
*''ഏലീ, ഏലീ, ലമ്മാ ശബക്താനി''* എന്ന്
അത്യുച്ചത്തിൽ നിലവിളിച്ചു. അതിന് ''എൻെറ
ദൈവമേ, എൻെറ ദൈവമേ, അവിടുന്ന് എന്നെ
കൈവിട്ടത് എന്ത്?'' [b]എന്നർത്ഥം.
47അവിടെ നിന്നിരുന്നവരിൽ ചിലർ ഇതു
കേട്ടിട്ട്, ''അവൻ ഏലിയാവിനെ വിളിക്കുന്നു''
എന്നു പറഞ്ഞു.
48ഉടൻതന്നേ അവരിൽ ഒരാൾ ഓടിച്ചെന്ന് ഒരു
സ്പോങ്ങ് എടുത്തു. അവൻ അതിൽ
വീഞ്ഞുകൊണ്ടുള്ള വിന്നാഗിരി നിറച്ച് ഒരു
കോലിന്മേൽ വച്ച് യേശുവിനു കുടിക്കാൻ
കൊടുത്തു. 49എന്നാൽ മറ്റുള്ളവർ, ''വരട്ടെ,
ഏലിയാവ് അവനെ രക്ഷിക്കാൻ വരുമോ എന്നു
നോക്കാം.'' എന്നു പറഞ്ഞു.
50യേശു വീണ്ടും അത്യുച്ചത്തിൽ നിലവിളിച്ചു
പ്രാണനെ വിട്ടു.
51തൽക്ഷണം ദൈവാലയത്തിലെ തിരശ്ശീല

[a] 35 സങ്കീർത്തനം 22:18 [b] 46 സങ്കീർത്തനം 22: 1

23''എന്തിന്? അയാൾ എന്തു കുറ്റമാണു
ചെയ്തത്?'' പീലാത്തോസ് ചോദിച്ചു. എന്നാൽ
അവർ അത്യുച്ചത്തിൽ ''അവനെ ക്രൂശിക്കുക''
എന്ന് ആർത്തുവിളിച്ചു.
24തനിക്ക് ഒന്നും സാധിക്കുന്നില്ല, ആരവം
പെരുകുന്നതേയുള്ളൂ എന്നു കണ്ടിട്ടു പീലാ
ത്തോസ് വെള്ളം എടുത്തു ജനക്കൂട്ടത്തിന്റെ
മുമ്പാകെ കൈ കഴുകി.''ഈ മനുഷ്യന്റെ രക്തം
സംബന്ധിച്ചു ഞാൻ നിർദ്ദോഷിയാണ്. ഇതിനു
നിങ്ങൾതന്നേ ഉത്തരവാദികൾ'' എന്നു പറഞ്ഞു.
25''അവന്റെ രക്തം ഞങ്ങളുടെമേലും
ഞങ്ങളുടെ മക്കളുടെമേലും വരട്ടെ'' അവർ
എല്ലാവരും കൂടി ഉത്തരം പറഞ്ഞു.
26അപ്പോൾ അയാൾ ബറബ്ബാസിനെ അവർക്കു
വിട്ടുകൊടുത്തു; യേശുവിനെയോ ചാട്ടകൊണ്ട്
അടിപ്പിച്ചതിനുശേഷം ക്രൂശിക്കാൻ ഏല്പിച്ചു.

*പടയാളികൾ യേശുവിനെ പരിഹസിക്കുന്നു*

27അനന്തരം ദേശാധിപതിയുടെ പടയാളികൾ
യേശുവിനെ ആസ്ഥാനത്തേക്ക് കൊണ്ടു
പോയി; സൈന്യത്തെ മുഴുവൻ അദ്ദേഹത്തി
നുചുറ്റും കൂട്ടിവരുത്തി. 28അവർ അദ്ദേഹ
ത്തിന്റെ വസ്ത്രം മാറ്റിയശേഷം ഒരു ചുവന്ന
മേലങ്കി ധരിപ്പിച്ചു. 29മുള്ളുകൾകൊണ്ട് ഒരു
കിരീടം മെടഞ്ഞ് അദ്ദേഹത്തിന്റെ ശിരസ്സിൽ
വച്ചു. അദ്ദേഹത്തിന്റെ വലത്തു കൈയിൽ
ഒരു വടി പിടിപ്പിച്ചിട്ടു മുന്നിൽ മുട്ടുകുത്തി
അദ്ദേഹത്തെ പരിഹസിച്ചു. ''യഹൂദരുടെ
രാജാവേ, ജയ ജയ!'' അവർ പറഞ്ഞു. 30അവർ
അദ്ദേഹത്തിന്റെമേൽ തുപ്പുകയും വടികൊണ്ടു
തലയിൽ വീണ്ടും വീണ്ടും അടിക്കുകയും
ചെയ്തു. 31ഇങ്ങനെ പരിഹസിച്ചതിനുശേഷം
കുപ്പായം മാറ്റി അദ്ദേഹത്തെ സ്വന്തവസ്ത്രം
ധരിപ്പിച്ചു. പിന്നെ അവർ അദ്ദേഹത്തെ
ക്രൂശിക്കാൻ കൊണ്ടുപോയി.

*ക്രൂശീകരണം*

32അവർ പോകുമ്പോൾ കുറേനയിൽ നിന്നു
വന്ന ശിമോൻ എന്നു പേരുള്ള ഒരാളെ കണ്ടു.
ക്രൂശു ചുമക്കാൻ അവർ അയാളെ നിർബ്ബന്ധിച്ചു.
33തലയോടിന്റെ സ്ഥലം എന്നർത്ഥമുള്ള
ഗൊല്ഗോഥയിൽ അവർ എത്തി. 34അവിടെവച്ച്
അവർ അദ്ദേഹത്തിനു കയ്പുചേർത്ത വീഞ്ഞു
കുടിക്കാൻ കൊടുത്തു. എന്നാൽ രുചിച്ചു
നോക്കിയതിനുശേഷം അദ്ദേഹം അതു
കുടിക്കാൻ വിസമ്മതിച്ചു. 35അദ്ദേഹത്തെ
ക്രൂശിച്ചതിനുശേഷം അവർ ചീട്ടിട്ട്
അദ്ദേഹത്തിന്റെ വസ്ത്രം വീതിച്ചെടുത്തു.
'എന്റെ വസ്ത്രങ്ങൾ അവർ വീതിച്ചെടുക്കു
കയും എന്റെ അങ്കിക്കായി നറുക്കിടുകയും
ചെയ്തു'[a]എന്നു പ്രവാചകൻ പറഞ്ഞ വാക്കു
നിറവേറുവാൻ ഇതു സംഭവിച്ചു. 36അവിടെ
അവർ അദ്ദേഹത്തിനു കാവലിരുന്നു. 37''ഇവൻ
യഹൂദരുടെ രാജാവായ യേശു'' എന്ന് എഴുതിയ
കുറ്റകാരണം അവർ അദ്ദേഹത്തിന്റെ
തലയ്ക്കുമീതെ വച്ചു. 38അദ്ദേഹത്തോടൊപ്പം
രണ്ടു കൊള്ളക്കാരെ, ഒരുത്തനെ വലത്തും
മറ്റവനെ ഇടത്തുമായി, ക്രൂശിച്ചു. 39ആ വഴി
കടന്നുപോയവർ തല കുലുക്കി, അദ്ദേഹത്തെ
അധിക്ഷേപിച്ചുകൊണ്ട്, 40''ദൈവാലയം
പൊളിച്ച് മൂന്നുദിവസംകൊണ്ടു പണിയു
ന്നവനേ, നിന്നെത്തന്നേ രക്ഷിക്കുക! നീ
ദൈവപുത്രനാണെങ്കിൽ ക്രൂശിൽനിന്ന് ഇറങ്ങി
വരിക!''എന്നു പറഞ്ഞു.
41മുഖ്യപുരോഹിതന്മാരും വേദജ്ഞരും
യഹൂദപ്രമാണികളും ഇതേ വിധത്തിൽ
അദ്ദേഹത്തെ പരിഹസിച്ചു. 42അവർ പറഞ്ഞു:
''ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്താൻ
രക്ഷിക്കാനോ കഴിവില്ല! ഇവനാണത്രേ
യിസ്രായേലിന്റെ രാജാവ്! ഇവൻ ഇപ്പോൾ
ക്രൂശിൽനിന്ന് ഇറങ്ങിവരട്ടെ, എന്നാൽ ഞങ്ങൾ
ഇവനിൽ വിശ്വസിക്കാം. 43ഇവൻ ദൈവത്തിൽ
ശരണപ്പെടുന്നു. ദൈവത്തിന് ഇവനിൽ പ്രസാദ
മുണ്ടെങ്കിൽ, ഇപ്പോൾ ഇവനെ വിടുവിക്കട്ടെ;
'ഞാൻ ദൈവപുത്രൻ ആകുന്നു'എന്ന് ഇവൻ
പറഞ്ഞുവല്ലോ''. 44അദ്ദേഹത്തോടുകൂടെ
ക്രൂശിക്കപ്പെട്ട കൊള്ളക്കാരും അതുപോലെത
ന്നേ അദ്ദേഹത്തെ ആക്ഷേപിച്ചു.

*യേശുവിന്റെ മരണം*

45ആറാംമണിക്കൂർ മുതൽ ഒമ്പതാംമണിക്കൂർ
വരെ ദേശത്തെല്ലായിടത്തും ഇരുട്ടു വ്യാപിച്ചു.
46ഏകദേശം ഒമ്പതാംമണിക്കൂറിൽ യേശു,
''*ഏലീ, ഏലീ, ലമ്മാ ശബക്താനി*'' എന്ന്
അത്യുച്ചത്തിൽ നിലവിളിച്ചു. അതിന് ''എന്റെ
ദൈവമേ, എന്റെ ദൈവമേ, അവിടുന്ന് എന്നെ
കൈവിട്ടത് എന്ത്?'' [b]എന്നർത്ഥം.
47അവിടെ നിന്നിരുന്നവരിൽ ചിലർ ഇതു
കേട്ടിട്ട്, ''അവൻ ഏലിയാവിനെ വിളിക്കുന്നു''
എന്നു പറഞ്ഞു.
48ഉടൻതന്നേ അവരിൽ ഒരാൾ ഓടിച്ചെന്ന് ഒരു
സ്പോങ്ങ് എടുത്തു. അവൻ അതിൽ
വീഞ്ഞുകൊണ്ടുള്ള വിന്നാഗിരി നിറച്ച് ഒരു
കോലിന്മേൽ വച്ച് യേശുവിനു കുടിക്കാൻ
കൊടുത്തു. 49എന്നാൽ മറ്റുള്ളവർ, ''വരട്ടെ,
ഏലിയാവ് അവനെ രക്ഷിക്കാൻ വരുമോ എന്നു
നോക്കാം.'' എന്നു പറഞ്ഞു.
50യേശു വീണ്ടും അത്യുച്ചത്തിൽ നിലവിളിച്ചു
പ്രാണനെ വിട്ടു.
51തൽക്ഷണം ദൈവാലയത്തിലെ തിരശ്ശീല

[a] 35 സങ്കീർത്തനം 22:18 [b] 46 സങ്കീർത്തനം 22: 1

മുകൾതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി.
ഭൂമി കുലുങ്ങി, പാറകൾ പിളർന്നു. 52ശവക്കല്ല
റകൾ തുറക്കുകയും മരിച്ചുപോയിരുന്ന അനേകം
വിശുദ്ധരുടെ ശരീരങ്ങൾ ജീവൻ പ്രാപിച്ച്
എഴുന്നേല്ക്കുകയും ചെയ്തു. 53അവർ കല്ലറ
കളിൽനിന്നു പുറത്തുവന്ന്, യേശുവിൻെറ
പുനരുത്ഥാനത്തിനുശേഷം വിശുദ്ധനഗരത്തിൽ
ചെന്ന് ധാരാളംപേർക്കു പ്രത്യക്ഷരായി.
54യേശുവിനു കാവൽനിന്നിരുന്ന ശതാ
ധിപനും അയാളോടുകൂടെ ഉണ്ടായിരുന്നവരും
ഭൂകമ്പവും മറ്റു സംഭവങ്ങളും കണ്ടു ഭയപ്പെട്ടു;
"അദ്ദേഹം വാസ്തവമായും ദൈവപുത്രൻ ആയി
രുന്നു" എന്നു പറഞ്ഞു.
55യേശുവിനെ പരിചരിച്ചുകൊണ്ടു ഗലീല
യിൽനിന്ന് അദ്ദേഹത്തെ അനുഗമിച്ചിരുന്ന പല
സ്ത്രീകളും അകലെനിന്ന് ഇതെല്ലാം നോക്കി
ക്കൊണ്ടിരുന്നു. 56അവരുടെ കൂട്ടത്തിൽ
മഗ്ദലക്കാരത്തി മറിയ, യാക്കോബിൻെറയും
യോസെയുടെയും അമ്മയായ മറിയ, സെബെദി
പുത്രന്മാരുടെ അമ്മ എന്നിവർ ഉണ്ടായിരുന്നു.

*യേശുവിൻെറ ശവസംസ്കാരം*

57സന്ധ്യയായപ്പോൾ, യേശുവിൻെറ ഒരു
ശിഷ്യനായിരുന്ന അരിമഥ്യയിലെ യോസേഫ്
എന്നൊരു ധനികൻ അവിടെ എത്തി. 58അദ്ദേഹം
പീലാത്തോസിനെ സമീപിച്ച് യേശുവിൻെറ
ശരീരം ആവശ്യപ്പെട്ടു. അയാൾക്ക് അതു വിട്ടു
കൊടുക്കാൻ പീലാത്തോസ് ആജ്ഞ നല്കി.
59യോസേഫ് ശരീരം എടുത്തു നിർമ്മല
ശീലയിൽ പൊതിഞ്ഞ്, 60പാറയിൽ വെട്ടിച്ചിരുന്ന
തൻെറ പുതിയ കല്ലറയിൽ സംസ്കരിച്ചു.
കല്ലറയുടെ വാതില്ക്കൽ വലിയൊരു കല്ല്
ഉരുട്ടിവച്ചതിനുശേഷം അദ്ദേഹം പോയി. 61അവി
ടെ, കല്ലറയ്ക്ക് അഭിമുഖമായി മഗ്ദലക്കാരി
മറിയയും മറ്റേ മറിയയും ഇരിക്കുന്നുണ്ടായിരുന്നു.

*കല്ലറയ്ക്കു കാവൽ*

62ഒരുക്കനാൾ കഴിഞ്ഞുള്ള ദിവസം മുഖ്യ
പുരോഹിതന്മാരും പരീശന്മാരും കൂടി
പീലാത്തോസിൻെറ അടുക്കൽ ചെന്നു. 63അവർ
അയാളോടു പറഞ്ഞു: "പ്രഭോ, ആ വഞ്ചകൻ
ജീവനോടെ ഇരുന്നപ്പോൾ, 'ഞാൻ മൂന്നു
ദിവസത്തിനുശേഷം ഉയിർത്തെഴുന്നേല്ക്കും'
എന്നു പറഞ്ഞതു ഞങ്ങൾ ഓർക്കുന്നു.
64അതുകൊണ്ടു മൂന്നാംദിവസംവരെയും കല്ലറ
ഭദ്രമാക്കി സൂക്ഷിക്കുവാൻ കല്പന നല്കണം.
അല്ലാത്തപക്ഷം അയാളുടെ ശിഷ്യന്മാർ വന്നു
ശരീരം മോഷ്ടിക്കുകയും അയാൾ മരിച്ച
വരിൽനിന്നു ഉയിർത്തെഴുന്നേറ്റിരിക്കുന്നു
വെന്നു ജനങ്ങളോടു പറയുകയും ചെയ്യും. ഈ
ഒടുവിലത്തെ ചതിവ് ആദ്യത്തേതിനെക്കാൾ
വിഷമകരമായി ത്തീരും."
65അതിനു പീലാത്തോസ്: "ഒരു കാവൽസേന
നിങ്ങൾക്കുണ്ടല്ലോ. നിങ്ങൾ പോയി കഴിയുന്ന
വിധത്തിലെല്ലാം കല്ലറ ഭദ്രമാക്കിക്കൊള്ളുക"
എന്ന് ഉത്തരം പറഞ്ഞു. 66അങ്ങനെ അവർ
പോയി കല്ലിന്മേൽ മുദ്രവച്ചും കാവൽസേനയെ
നിറുത്തിയും കല്ലറ സുരക്ഷിതമാക്കിത്തീർത്തു.

*ഉയിർത്തെഴുന്നേല്പ്*

28 ശബ്ബത്തിനുശേഷം, ആഴ്ചവട്ടത്തിൻെറ
ഒന്നാംദിവസം അതിരാവിലെ മഗ്ദല
ക്കാരി മറിയയും മറ്റേ മറിയയും ശവകുടീരം സന്ദ
ർശിക്കുവാൻ പോയി.
2അതിശക്തമായ ഒരു ഭൂകമ്പം ഉണ്ടായി. ഒരു
ദൈവദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി
കല്ലറയുടെ സമീപം കല്ല് ഉരുട്ടിമാറ്റി അതിന്മേൽ
ഇരുന്നിരുന്നു. 3അദ്ദേഹത്തിൻെറ രൂപം
മിന്നൽപ്പിണരിനു സദൃശവും അദ്ദേഹത്തിൻെറ
വസ്ത്രം ഹിമംപോലെ വെണ്മയുള്ളതും
ആയിരുന്നു. 4കാവൽക്കാർ ദൂതനെ കണ്ട് ഭയ
പ്പെട്ടു വിറച്ചു മരിച്ചവരെപ്പോലെയായി.
5ദൂതൻ സ്ത്രീകളോടു പറഞ്ഞു: "ഭയപ്പെ
ടേണ്ടാ, ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ
അന്വേഷിക്കുന്നുവെന്ന് എനിക്കറിയാം.
6അദ്ദേഹം ഇവിടെയില്ല. താൻ പറഞ്ഞിരു
ന്നതുപോലെ അദ്ദേഹം ഉയിർത്തെഴുന്നേ
റ്റിരിക്കുന്നു. അദ്ദേഹം കിടന്നിരുന്ന സ്ഥലം വന്നു
കാണുവിൻ. 7പിന്നെ വേഗംചെന്ന്
അദ്ദേഹത്തിൻെറ ശിഷ്യന്മാരോട്: അദ്ദേഹം
മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു;
നിങ്ങൾക്കുമുമ്പേ ഗലീലയിലേക്കു പോവുകയും
ചെയ്യുന്നു. അവിടെ നിങ്ങൾ അദ്ദേഹത്തെ
കാണും എന്നറിയിക്കുവിൻ. ഇതാണ് എനിക്കു
നിങ്ങളോടു പറയുവാനുള്ളത്."
8സ്ത്രീകൾ ഭയപ്പെട്ടിരുന്നുവെങ്കിലും അത്യ
ധികം സന്തോഷത്തോടുകൂടി ശിഷ്യന്മാരെ
വിവരം അറിയിക്കുവാൻ കല്ലറവിട്ട് ഓടിപ്പോയി.
9പെട്ടെന്ന് യേശു അവരെ എതിരേറ്റ് 'നിങ്ങൾക്കു
വന്ദനം' എന്നു പറഞ്ഞു. അവർ അടുത്തുചെന്ന്
അദ്ദേഹത്തിൻെറ പാദങ്ങളിൽ കെട്ടിപ്പിടിച്ച് അദ്ദേ
ഹത്തെ നമസ്കരിച്ചു. 10അപ്പോൾ യേശു
അവരോട്: "ഭയപ്പെടേണ്ടാ, പോയി എൻെറ
സഹോദരന്മാരോടു ഗലീലയിലേക്കു പോകു
വാൻ പറയുവിൻ. അവിടെ അവർ എന്നെ
കാണും." എന്നു പറഞ്ഞു.

*കാവൽക്കാരുടെ അറിയിപ്പ്*

11ആ സ്ത്രീകൾ മടങ്ങിപ്പോകുന്നതിനിടയിൽ
കാവൽക്കാരിൽ ചിലർ നഗരത്തിൽ ചെന്നു
സംഭവിച്ചതെല്ലാം മുഖ്യപുരോഹിതന്മാരെ
അറിയിച്ചു. 12മുഖ്യപുരോഹിതന്മാർ
യഹൂദപ്രമാണിമാരുമായി കൂടിയാലോചിച്ചു.

പടയാളികൾക്കു വലിയൊരു തുക നല്കി.
13അവരോട്: "'ഞങ്ങൾ ഉറങ്ങുമ്പോൾ,
രാത്രിയിൽ, അദ്ദേഹത്തിൻെറ ശിഷ്യന്മാർവന്ന്
അദ്ദേഹത്തെ മോഷ്ടിച്ചു കൊണ്ടുപോയി'
എന്നു നിങ്ങൾ പറയണം. 14ഈ വിവരം
ദേശാധിപതിയുടെ അടുത്തെത്തിയാൽ ഞങ്ങൾ
അദ്ദേഹത്തെ തൃപ്തിപ്പെടുത്തി നിങ്ങൾക്കു
കുഴപ്പമുണ്ടാകാതെ നോക്കിക്കൊള്ളാം" എന്നു
പറഞ്ഞു. 15അങ്ങനെ പടയാളികൾ ആ പണം
വാങ്ങി തങ്ങളോടു നിർദ്ദേശിച്ചതുപോലെ
ചെയ്തു. ഈ കഥ ഇന്നുവരെയും യഹൂദരുടെ
ഇടയിൽ പരക്കെ പ്രചരിച്ചിരിക്കുന്നു.

*ശിഷ്യന്മാർക്കുള്ള നിയോഗം*

16ശിഷ്യന്മാർ പതിനൊന്നുപേരും ഗലീലയിൽ,
യേശു തങ്ങളോടു കല്പിച്ചിരുന്ന മലയിലേക്കു
പോയി. 17യേശുവിനെ കണ്ടപ്പോൾ അവർ
അവിടുത്തെ നമസ്കരിച്ചു; ചിലരോ സംശയിച്ചു.
18പിന്നെ, യേശു അവരുടെ അടുക്കൽവന്നു
പറഞ്ഞു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല
അധികാരവും എനിക്കു നല്കിയിരിക്കുന്നു.
19അതുകൊണ്ടു നിങ്ങൾ പോയി പിതാവിൻെറ
യും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും
നാമത്തിൽ സ്നാനം കഴിപ്പിച്ചു[a] 20ഞാൻ
നിങ്ങളോടു കല്പിച്ചതെല്ലാം അനുസരിക്കാൻ
ഉപദേശിച്ചുംകൊണ്ടു സകല ജനതകളെയും
എൻെറ ശിഷ്യരാക്കിക്കൊൾവിൻ, ഞാനോ
യുഗാന്ത്യംവരെയും എപ്പോഴും നിങ്ങളോടുകൂടെ
ഉണ്ടായിരിക്കും."

[a] 19 അപ്പൊസ്തലപ്രവൃത്തികൾ 8: 16, 19: 5; റോമർ 6: 3; 1 കൊരിന്ത്യർ 1: 13, 10: 2; ഗലാത്യർ 3: 27 എന്നീ ഭാഗങ്ങളും കാണുക.